Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 കുംഭം 9—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ഫെബ്രുവരി 21 | ലക്കം 26

## ഗാഗുൽത്താ


(എം. ഒ. ജോസഫ്, നെടുങ്കുന്നം)

ജപമാലയിലെ ദുഃഖകരമായ അഞ്ചാമത്തെ രഹസ്യത്തിൽ നാം ധ്യാനിക്കുന്നതു്, നമ്മുടെ കർത്താവായ ഈശോ കുരിശും ചുമന്നുകൊണ്ടു് ഗാഗുൽത്താമലയിൽ എത്തിയപ്പോൾ പടയാളികൾ അവിടുത്തെ നഗ്നശരീരനാക്കി കുരിശിൽ തറച്ചു കൊന്നുവെന്നാണല്ലോ. ക്രിസ്തുവിനെ തറച്ച കുരിശു നാട്ടപ്പെട്ട ഈ സ്ഥലം "കപാലം എന്നർത്ഥമുള്ള ഗാഗുൽത്താ" എന്നപേരിൽ അറിയപ്പെട്ടിരുന്നുവെന്നാണു് സുറിയാനിഭാഷയിലുള്ള സുവിശേഷങ്ങളിൽ കാണുന്നതു്. "ഗാഗുൽത്താ അതായതു കാൽവരി (കപാലഗിരി)" എന്നാണു സ്ഥലനാമമെന്നു മി. മയ്യനാട്ടു ജോണിന്റെ സുവിശേഷപരിഭാഷയിൽ കാണുന്നു.

എബ്രായനാട്ടിലെ ഈ സ്ഥലത്തിനുള്ള എബ്രായനാമം ഗുൽഗോലത്തു എന്നാണു്. അതിൽനിന്നാണു ഗാഗുൽത്താ നിഷ്പന്നമായതു്. അതിന്റെ വാച്യാർത്ഥം തലയോട്ടിയെന്നാകുന്നു. അതേ അർത്ഥമുള്ള കാൽവാരിയാ എന്ന ലത്തീൻ പദത്തിൽനിന്നുമാണു് കാൽവരി എന്ന പേരും നടപ്പായതു്. ഈ ഭൂവിഭാഗത്തിനു് വിചിത്രമായ ഈ പേരുണ്ടായതിനെപ്പററി ബൈബിൾ വ്യാഖ്യാതാക്കന്മാരുടെ ഇടയിൽ പലതരമായ അഭിപ്രായങ്ങളുണ്ടു്. ഈ മലയ്ക്കു് ഒരു കപാലത്തിന്റെ ആകൃതി ഉണ്ടായിരുന്നതുകൊണ്ടാണെന്നാണു് ചിലരുടെ അഭിപ്രായം. ഈ കുന്നിനു ഒരു തലയോടിന്റെ ആകൃതി ഉണ്ടായിരുന്നോയെന്നു് ഇന്നു് അനുമിക്കുക സാദ്ധ്യമല്ലാത്ത തരത്തിൽ കുന്നു മിക്കവാറും നികന്നുപോയിരിക്കുന്നു.

ഗാഗുൽത്താ ഒരു പൊതു വധസ്ഥലമായിരുന്നിരിക്കണമെന്നും, അവിടെ ചിതറപ്പെട്ടു കിടന്നിരുന്ന വധിക്കപ്പെട്ടവരുടെ തലയോട്ടികളിൽനിന്നു് ഈ പേരുണ്ടായതായിരിക്കണമെന്നുമാണു് ചില പണ്ഡിതന്മാരുടെ അഭിപ്രായം. പക്ഷേ സുവിശേഷകന്മാർ കപാലം എന്ന ഏകവചനംതന്നെ പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു ഒന്നിലധികം തലയോട്ടികൾ അവിടെ ഉണ്ടായിരുന്നുവെന്നു അനുമിക്കുന്നതിനു് ഉറച്ച അടിസ്ഥാനം ഇല്ലാതാണിരിക്കുന്നതു്. ഈ സ്ഥലത്തു് ഒരു യഹൂദശ്മശാനം ഉണ്ടായിരുന്നുവെന്നും അതിൽനിന്നാണു് കുന്നിനു് ഈ പേരുണ്ടായതെന്നുമാണു് മറെറാരുപക്ഷം.

എന്നാൽ വളരെ പ്രചുരപ്രചാരത്തിലിരിക്കുന്നതും കൂടുതൽ വിശ്വാസ്യമായി തോന്നുന്നതുമായ സിദ്ധാന്തം ആദത്തിന്റെ തലയോട്ടി അവിടെ സംസ്കരിച്ചിരുന്നതുകൊണ്ടു് ആ കുന്നിനു ഗാഗുൽത്തായെന്ന പേരുണ്ടായി എന്നുള്ളതാണു്. സഭാപിതാക്കന്മാർ പലരും ഈ അഭിപ്രായക്കാരാണു്. ആദിപിതാവായ ആദത്തിന്റെ തലയോടു്, തലമുറ തലമുറയായി സൂക്ഷിച്ചുപോന്നിരുന്നുവെന്നും, പ്രളയകാലത്തു നോഹ അതു ഭക്തിപൂർവ്വം പെട്ടകത്തിൽ സൂക്ഷിച്ചിരുന്നുവെന്നും, പ്രളയശേഷം, രാജ്യവും സ്വത്തുക്കളും മക്കൾക്കു ഭാഗിച്ചു കൊടുത്തപ്പോൾ യൂദയാരാജ്യവും ഈ തലയോട്ടിയും ശേമിന്റെ വീതത്തിനു വിട്ടുകൊടുത്തുവെന്നും, ശേം അതു മൽക്കിസദേക്കിനെ ഭരമേല്പിച്ചുവെന്നും ഒടുവിൽ അതു ഗാഗുൽത്തായെന്നു് ഇന്നറിയപ്പെടുന്ന കുന്നിൽ സംസ്കരിക്കപ്പെട്ടുവെന്നുമാണു് ഏതത്സംബന്ധമായ പാരമ്പര്യം. തൽമൂദുകളിലും പിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലും ഈ പാരമ്പര്യം വിസ്തരിച്ചു വർണ്ണിക്കപ്പെട്ടിട്ടുണ്ടു്.



നവീനമായി പണികഴിച്ചിട്ടുള്ള മണിമാളിക, ചിററാട്ടുകര

1951 ജനുവരി 6-ാംനു- തൃശ്ശൂർ മെത്രാൻ തിരുമേനി ഇതിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിക്കയുണ്ടായി.

ഒരു തലയോട്ടിയും രണ്ടു എല്ലുകളും ചുവട്ടിൽ നിക്ഷിപ്തമായിട്ടുള്ള ക്രൂശിതരൂപങ്ങൾ ഈ പാരമ്പര്യത്തെയാണു ചിത്രീകരിക്കുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ ഉദ്ധാരണത്തിനായി സ്വയം ബലി അർപ്പിച്ച ക്രിസ്തുവിന്റെ കുരിശു നാട്ടപ്പെടുന്നതിനു് ആദിപിതാവിന്റെ ശിരസ്സുപോലെ ഉചിതമായ മറെറാരു സ്ഥലം ഇല്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. ക്രിസ്തുവിന്റെ രക്തം കുരിശിൽനിന്നു് ഒഴുകി ആദത്തിന്റെ ശിരസ്സിൽ പതിച്ചു അദ്ദേഹത്തിനും അദ്ദേഹംവഴി മനുഷ്യവർഗ്ഗത്തിനും നഷ്ടപ്പെട്ട ദൈവവരപ്രസാദം പുനർദ്ദാനം ചെയ്യുന്നതിനു നിഗൂഢമായ ദൈവപരിപാലന ഇങ്ങനെ സംഭവിപ്പിച്ചു എന്നതിൽ അത്ഭുതത്തിനു വഴിയില്ല. ക്രൂശിതരൂപത്തിന്റെ അടിഭാഗത്തുള്ള തലയോടിന്റെ ഛായ ഈ വസ്തുത നമ്മെ അനുസ്മരിപ്പിക്കുന്നതിനു തികച്ചും പര്യാപ്തവുമാണു്.

ഗാഗുൽത്തായെപ്പററി സുവിശേഷങ്ങളിലുള്ള വിവരണം വളരെക്കുറച്ചേയുള്ളു. അതു പട്ടണത്തിനു പുറത്തായിരുന്നുവെന്നു വിശുദ്ധ പൗലോസ് സ്പഷ്ടമായി പറയുന്നുണ്ടു്. (എബ്രായ 13, 12). അതു പട്ടണത്തിനു സമീപമായിരുന്നുവെന്നും, അവിടെ ഒരു തോട്ടവും, ആ തോട്ടത്തിൽ ഒരു മനുഷ്യനും അതുവരെ സംസ്കരിക്കപ്പെട്ടിട്ടില്ലാത്ത ഒരു പുതിയ പ്രേതാലയവും ഉണ്ടായിരുന്നുവെന്നും വിശുദ്ധ യോഹന്നാനും (XIX 20, 41) വ്യക്തമായി പ്രസ്താവിക്കുന്നു. ഈ സ്ഥലം പക്ഷേ ഗതാഗതബഹുലമായ ഒരു പെരുവഴിയുടെ വക്കത്തായിരുന്നിരിക്കണം. വധിക്കപ്പെടുന്നവൻ യാത്രക്കാരുടെ പരിഹാസത്തിനും ഭയത്തിനും പാത്രമാകുവാൻ പററിയ മാർഗ്ഗം ഇതാണല്ലോ. "കടന്നുപോയിരുന്നവർകൂടി അവിടുത്തെ ദുഷിച്ചു" എന്നു സുവിശേഷകന്മാർ പ്രസ്താവിക്കുന്നതിൽ നിന്നു ജനങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്ന ഒരു വഴി സമീപത്തുണ്ടായിരുന്നുവെന്നു കരുതേണ്ടിയിരിക്കുന്നു.

പ്രീത്തോറിയത്തിൽനിന്നു ഗാഗുൽത്തായിലേക്കുള്ള ശോകപൂരിതമായ യാത്രയ്ക്കിടയിൽ ഉണ്ടായിട്ടുള്ള സംഭവങ്ങളെപ്പററി സുവിശേഷകന്മാർ വിസ്തരിച്ചൊന്നും പറയുന്നില്ലാത്തതിനാൽ ആ സ്ഥലങ്ങൾ തമ്മിലുള്ള ദൈർഘ്യം കണക്കാക്കുക സാദ്ധ്യമല്ല. യുദ്ധംമൂലവും മററും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളാൽ സ്ഥലത്തിന്റെ ആകൃതിപ്രകൃതിതന്നെ ഇന്നു

(ശേഷം 12-ാം പേജിൽ)

സംഭവകഥ

# ആ വെല്ലുവിളി

## (പുത്തൻപുരയിൽ കുര്യാക്കോസ്)

അന്നും ദിവ്യപൂജകഴിഞ്ഞു പതിവുപോലെ ഫാ. ഫ്റെൻസ് പ്രസംഗമാരംഭിച്ചു. മതഭക്തിയെ പാടേ പരിത്യജിച്ചു ദൈവവിശ്വാസംപോലും നഷ്ടമാക്കിയ ദുർഗ്ഗരായ ഒരു ജനാവലിയെയാണ് താൻ അഭിമുഖീകരിക്കുന്നതെന്നു അദ്ദേഹത്തിനറിയാമായിരുന്നു. ദൈവാസ്തിക്യത്തെയും അവിടുത്തെ സർവ്വസാന്നിദ്ധ്യത്തെയും സംബന്ധിച്ചാണ് അദ്ദേഹം പ്രതിപാദിച്ചതു്. അത്യുൽകൃഷ്ടനും അപരിമേയനുമായ ഒരു അനാദ്യന്തശക്തി ഉണ്ടെന്നും, മനുഷ്യവംശം മുഴുവൻ "ദൈവം" എന്നു വിളിച്ചുവരുന്ന ആ അത്യുന്നതനാണ് പ്രപഞ്ചസ്രഷ്ടാവെന്നും, വി. ഗ്രന്ഥങ്ങളുടെ സാക്ഷ്യങ്ങൾകൊണ്ടും യുക്തികൊണ്ടും അദ്ദേഹം അനിഷേധ്യമാംവിധം സമർത്ഥിക്കുവാൻ തുടങ്ങി. ജനം മുഴുവൻ അദ്ദേഹത്തിന്റെ ഈടേറിയ വാക്കുകളിൽ ദത്തശ്രദ്ധരായിരുന്നു.

റഷ്യയും ജർമ്മനിയും തമ്മിലുണ്ടായിരുന്ന സൗഹൃദബന്ധം 1941-ൽ ശിഥിലമായപ്പോൾ ഫ്റഞ്ച് ഗവമ്മെന്റ്, ഫ്റാൻസിന്റെ ദക്ഷിണഭാഗത്തു അഭയം പ്രാപിച്ചിരുന്ന സകല കമ്മ്യൂണിസ്റ്റുകളേയും ബന്ധനസ്ഥരാക്കി. അക്കാലത്തു് അവിടെ ജീവിച്ചിരുന്ന പണ്ഡിതനായ ഒരു കത്തോലിക്കാ വൈദികനാണ് ഫ്റെൻസ്. ഫ്റഞ്ച് ഭാഷയിലും സ്പാനിഷ്ഭാഷയിലും അസാമാന്യപ്രാവീണ്യം സമ്പാദിച്ചിരുന്ന അദ്ദേഹത്തെ കമ്മ്യൂണിസ്റ്റ് സങ്കേതങ്ങളിലൊന്നിൽ ആദ്ധ്യാത്മിക നിയന്താവായി അധികാരികൾ നിയമിച്ചു. കത്തോലിക്കരായിരുന്നശേഷം വിശ്വാസം പരിത്യജിച്ച കമ്മ്യൂണിസ്റ്റുകളുടെകൂടെ ചേർന്ന ആളുകളുടെ ഇടയിലാണ് അദ്ദേഹം ജോലി ആരംഭിച്ചതു്. ഞായറാഴ്ചതോറും ഒരു മൈതാനത്തിൽ അദ്ദേഹം ദിവ്യപൂജ അർപ്പിക്കും; കമ്മ്യൂണിസ്റ്റുകൾ എല്ലാവരും മടികൂടാതെ അതിൽ വന്നു സംബന്ധിച്ചുപോന്നു. അവർ കത്തോലിക്കരായിത്തീർന്നതുകൊണ്ടല്ല; രാത്രിയും പകലും അവർക്കു ജോലി ഒന്നും ഇല്ലായിരുന്നതുകൊണ്ടുമാത്രം. ദിവ്യപൂജയുടെ അവസാനത്തിൽ അദ്ദേഹം സംക്ഷിപ്തമായ ഒരുപദേശം നല്കിവന്നു. അയ്യായിരത്തോളമുണ്ടായിരുന്നു ശ്രോതാക്കൾ.

ദൈവത്തിൽ വിശ്വസിച്ച് അവിടുത്തെ ആരാധിക്കുന്നതിനു ശക്തിയുക്തം ഉദ്ബോധിപ്പിച്ചുകൊണ്ടു് ഫാ. ഫ്റെൻസ്, സുമാർ മുക്കാൽ മണിക്കൂർ ദീർഘിച്ച തന്റെ പ്രസംഗം സമാപിച്ചു. അനന്തരം അൾത്താരയ്ക്കു സമീപം മുട്ടിന്മേൽനിന്നു. കുറെനേരത്തേക്കു് ആ ജനസമൂഹത്തിൽ അർത്ഥഗർഭമായ ഒരു നിശ്ശബ്ദതയും ശാന്തിയും വ്യാപിച്ചു. ബാലസൂര്യന്റെ മൃദുലകിരണങ്ങൾ ചിന്താഗ്രസ്തരായിരുന്ന ആ പുരുഷാരത്തെ ആവരണംചെയ്തു. ചന്ദനശീതളമായ ഒരു മന്ദമാരുതൻ അവരെ തലോടി.

വൈദികൻ പ്രാർത്ഥന കഴിഞ്ഞെഴുന്നേററപ്പോൾ ആ മഹാസദസ്സിൽ ഒരു കമ്മ്യൂണിസ്റ്റ് എഴുന്നേററുനിന്നു് എന്തോ പറയുവാൻ ഭാവിച്ചു. നിയന്ത്രിതമായ ഒരു സ്വരം ആ ജനാവലിയിൽ നിന്നുയർന്നു. ചിന്താവിഷ്ടരായി നമ്രശിരസ്കരായി ഇരുന്നവരൊക്കെ തല ഉയർത്തി. ഏവരുടേയും ദൃഷ്ടി എഴുന്നേററുനിന്ന റുസ്സോയുടെ നേരെ തിരിഞ്ഞു. റുസ്സോ പറഞ്ഞുതുടങ്ങി:— "ബഹുമാന്യനായ ഈ പുരോഹിതൻ ദൈവത്തിന്റെ ആസ്തിക്യത്തെയും സർവ്വസാന്നിദ്ധ്യത്തേയും സ്ഥാപിക്കുവാൻ 45മിനിററു വിനിയോഗിച്ചല്ലോ. ദൈവമെന്നൊരാളേ ഇല്ലെന്നു കേവലം അഞ്ചു മിനിററിനകം ഞാൻ തെളിയിച്ചുതരാം." സദസ്സിലുണ്ടായിരുന്നവരിൽ പലരിലും നവമായ ഒരുന്മേഷം കാണാറായി. ഫാ. ഫ്റെൻസ് ഉൽകണ്ഠയോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പോക്കററിൽനിന്നു ഒരു വാച്ചെടുത്തു പിടിച്ചിട്ട് ആകാശത്തിലേക്കു നോക്കി റുസ്സോ തുടർന്നു: "ഓ! ദൈവമേ, നീ എന്നെ വധിക്കുക. അഞ്ചു മിനിററ് അതിനായി നിനക്കു ഞാൻ തരുന്നു. നീ എന്നെ വധിക്കുന്നില്ലെങ്കിൽ നിന്റെ അസ്തിത്വത്തിലോ സാന്നിദ്ധ്യത്തിലോ ഞാൻ വിശ്വസിക്കയില്ല. നീ ഇല്ലെന്നും നിന്റെ സാന്നിദ്ധ്യം എങ്ങുമില്ലെന്നുംതന്നെ ഞാൻ ഘോഷിക്കും. മാത്രമല്ല, നിന്റെ അസ്തിത്വത്തെപ്പററി ആർക്കും ബോധ്യം വരുകയുമില്ല." റുസ്സോയുടെ സഖാക്കൾ അട്ടഹാസം മുഴക്കി അയാളുടെ വെല്ലുവിളിയെ പ്രശംസിച്ചു. ഉൽകണ്ഠയോടെ ഏവരും റുസ്സോയെ നോക്കിനിന്നു. ഒരു മിനിററു കഴിഞ്ഞു. "ഇനിയും നാലു മിനിററുകൂടിയുണ്ടു് എന്നെ വധിക്കുവാൻ" എന്നു പറഞ്ഞു റുസ്സോ തന്റെ വെല്ലുവിളി ആവർത്തിച്ചു. കൂടുതൽ ധൈര്യം അവലംബിച്ച സഖാക്കൾ അഭിനന്ദനസൂചകമായി കരഘോഷം മുഴക്കി. എന്തു സംഭവിക്കുമെന്ന ഭീതിയോടെ അവർ നിർന്നിമേഷരായി നോക്കിനിന്നു. ഫാ. ഫ്റെൻസ് ഇതികർത്തവ്യതാമൂഢനും ഉന്മേഷരഹിതനുമായി ഇരുന്നുപോയി. മഹാമനീഷികളായ വി. ആഗുസ്തീനോസ്, വി. തോമസ് അക്വീനാസ് തുടങ്ങിയവർക്കുപോലും ഇത്തരം എതിർവാദങ്ങളെ നേരിടേണ്ടിവന്നിട്ടില്ല. കമ്മ്യൂണിസ്റ്റുകൾ വിജയോന്മത്തരായി അട്ടഹസിച്ചുകൊണ്ടിരുന്നപ്പോൾ ഫാ. ഫ്റെൻസ് നിശ്ശബ്ദമായ പ്രാർത്ഥനയിൽ സ്വഹൃദയത്തെ ദൈവത്തിങ്കലേക്കുയർത്തി. "ഈശോയുടെ ദിവ്യഹൃദയമേ, അങ്ങിൽ ഞാൻ ശരണംവയ്ക്കുന്നു." അദ്ദേഹം ഉള്ളുരുകി പ്രാർത്ഥിച്ചു. റുസ്സോ മൂന്നാമന്നെ വെല്ലുവിളി നടത്തിയപ്പോൾ ഫാ. ഫ്റെൻസ് ഈ വിഷമപ്രശ്നത്തിനെന്തോ സമാധാനം കണ്ടെത്തി.

അഞ്ചാമത്തെ വെല്ലുവിളിയെത്തുടർന്നുണ്ടായ വിജയഘോഷം അനിയന്ത്രിതമായിരുന്നു. അസാധാരണമായി ഒന്നും സംഭവിച്ചില്ല. "ഓ! ദൈവമേ! നീ എന്നെ വധിച്ചില്ല. ആകയാൽ നീ ഇല്ലെന്നും, നിന്റെ സാന്നിദ്ധ്യം എങ്ങുമില്ലെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു ... ... ... നിന്റെ അസ്തിത്വത്തെയും സാന്നിദ്ധ്യത്തെയും പററി ഞങ്ങൾക്കാർക്കും ബോധ്യംവരികസാദ്ധ്യമല്ല!" എന്നു ദ്ഘോഷിച്ചുകൊണ്ടു്, കരഘോഷത്തിനിടയിൽ റുസ്സോ ആസനസ്ഥനായി.

ഉടനെ ആ വൈദികൻ എഴുന്നേററു. അട്ടഹാസങ്ങളും കരഘോഷവും അവസാനിച്ചു. ആ മഹാജനൗഘം മൗനത്തിലാണ്ടു. കുറെനേരത്തേക്കു ഒരു പിശ്ശാംകത്തി നല്കണമെന്നു് ഫാ. ഫ്റെൻസ് ആവശ്യപ്പെട്ടു. ഒരു സഖാവു് അദ്ദേഹത്തിന്റെ കൈയിൽ ഒരു കത്തി കൊടുത്തു. "മി. ജിമ്മി, ഈ കത്തി പിടിക്കുക." അടുത്തുനിന്ന യുവാവിന്റെപക്കൽ കത്തി കൊടുത്തുകൊണ്ടു് അദ്ദേഹം പറഞ്ഞു. തന്റെ വാച്ച് എടുത്തുപിടിച്ചശേഷം അദ്ദേഹം തുടർന്നു: "മി. ജിമ്മി, എന്നെ വധിക്കുന്നതിനു് അഞ്ചുമിനിട്ടു് താങ്കൾക്കു ഞാൻ അനുവദിക്കുന്നു. എന്നെ കൊല്ലാത്തപക്ഷം താങ്കളുടെ അസ്തിത്വത്തിലോ സാന്നിദ്ധ്യത്തിലോ ഞാൻ വിശ്വസിക്കയില്ല; താങ്കൾ ഇവിടെ ഇല്ലെന്നു ഞാൻ പറയും. ഞങ്ങൾ ആരും താങ്കളുടെ അസ്തിത്വത്തിൽ വിശ്വസിക്കാൻ തയാറാകയുമില്ല." ഏവരും മിഴിച്ചുനിന്നു. ജിമ്മി അനങ്ങിയതേയില്ല. ഒരു മിനിട്ടങ്ങനെ കഴിഞ്ഞു. ആ വൈദികൻ വീണ്ടും പറഞ്ഞു: "ജിമ്മി, താങ്കളുടെ അസ്തിത്വവും സാന്നിദ്ധ്യവും തെളിയിക്കുവാൻ ഇനിയും നാലുമിനിററുകൂടിയുണ്ടു്. താങ്കൾ എന്നെ വധിക്കാതിരുന്നാൽ ഞങ്ങളാരും താങ്കളുണ്ടെന്നു വിശ്വസിക്കുന്നതല്ല." ആരും കരഘോഷം മുഴക്കിയില്ല. അട്ടഹസിച്ചുമില്ല. കണ്ണിമയ്ക്കാതെ ഏവരും ജിമ്മിയെ നോക്കിനിന്നു. മ്ലാനമായ ഒരു മൗനം. മിനിട്ടുകൾ അഞ്ചും അങ്ങനെ കടന്നുപോയി. ജിമ്മി നിശ്ചലനായി നിന്നതേയുള്ളു. ഒടുവിൽ ജിമ്മിതന്നെയാണ് ആ മൗനമുദ്ര ഭേദിച്ചതു്. അദ്ദേഹം വൈദികനോടു പറഞ്ഞു: "ഞാൻ യഥാർത്ഥമായും നിസ്സംശയമായും ഇവിടെ സന്നിഹിതനാണ്. എന്റെ അസ്തിത്വത്താൽ ഞാൻ ഒരു മനുഷ്യനാണെന്നും എനിക്കറിയാം. അങ്ങയെ എന്റെ പ്രിയ സ്നേഹിതനായിട്ടാണ് ഞാൻ കരുതുന്നതു്. ഞാൻ എന്തിനു് അങ്ങയെ വധിക്കുന്നു? ഒരു സാഹചര്യത്തിലും അങ്ങയെ വധിക്കുവാൻ ഞാൻ തയാറാകയില്ല."

ഫാ. ഫ്റെൻസ് ജനക്കൂട്ടത്തിന്റെ നേരെ തിരിഞ്ഞു പ്രശാന്തമായ സ്വരത്തിൽ പറഞ്ഞു: "സ്നേഹിതന്മാരേ, ഞാൻ തന്റെ സ്നേഹിതനായതിനാൽ ജിമ്മി എന്നെ വധിക്കുവാനിഷ്ടപ്പെടുന്നില്ല. അപ്രകാരംതന്നെ ദൈവം ഈ റുസ്സോയെ ഒരു സ്നേഹിതനായി സ്വീകരിക്കുന്നതിനാൽ അയാളെ നശിപ്പിക്കുവാൻ അവിടുന്നു മനസ്സായില്ല; അയാളെ എന്തെങ്കിലും വിധത്തിൽ ഉപദ്രവിക്കുവാൻ അവിടുന്നാഗ്രഹിക്കുന്നുമില്ല." ബാക്കി ശ്രോതാക്കളുടെ ചിന്തയ്ക്കു വിട്ടുകൊണ്ടു് ഫാ. ഫ്റെൻസ് ആസനസ്ഥനായി. അവിടെ വ്യാപിച്ച മൗനം, സത്യം വിജയിച്ചുവെന്നു് പ്രഖ്യാപനം ചെയ്യുന്നതുപോലെ തോന്നി.

പ്രഭാതഭക്ഷണം കഴിക്കുവാൻ ഫാ. ഫ്റെൻസ് അല്പം തിടുക്കത്തിലാണ് തന്റെ മുറിയിലേക്കു നടന്നതു്. തന്നെ അനുഗമിച്ചിരുന്ന ആരുടേയോ പാദവിന്യാസംകേട്ടു് അദ്ദേഹം തിരിഞ്ഞു നോക്കി. ആശ്ചര്യം! നമ്മുടെ സഖാവു റുസ്സോ നിറഞ്ഞ കണ്ണുകളോടും വരണ്ട ചുണ്ടുകളോടുംകൂടി നില്ക്കുന്നു. അനേകം കൊല്ലങ്ങൾ കഴിഞ്ഞിരുന്നു അദ്ദേഹം മതമുപേക്ഷിച്ചിട്ടു്. ഇന്നു് അദ്ദേഹത്തിനു പാപോച്ചാരണം നടത്തണം. ഫാ. ഫ്റെൻസിന്റെ വിശപ്പും ദാഹവും എവിടെപ്പോയെന്നറിഞ്ഞില്ല. അന്നത്തേതുപോലൊരു ആനന്ദം അതിൻമുമ്പ് അദ്ദേഹം അനുഭവിച്ചിട്ടുമില്ല. കടുത്ത കമ്മ്യൂണിസ്റ്റായി പരിണമിച്ചിരുന്ന റുസ്സോ ഉറച്ച കത്തോലിക്കനായിത്തീർന്നിരിക്കുന്നു.

അടുത്ത ഞായറാഴ്ച ഫാ. ഫ്റെൻസ് പ്രസ്തുത കമ്മ്യൂണിസ്റ്റ്ക്യാമ്പിൽ ദിവ്യബലി അർപ്പിച്ചുകഴിഞ്ഞപ്പോൾ പ്രസന്നവദനനായി റുസ്സോ അദ്ദേഹത്തെ സമീപിച്ചു. ഇന്നു വേറൊരഭ്യർത്ഥനയുമായിട്ടാണ് അദ്ദേഹം പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്. അദ്ദേഹത്തിനു ഒരു ശുപാർശക്കത്തുവേണം; ഫ്റാൻസിസ്കൻ സന്യാസസഭയിലേക്കു്!

## * പാലാമെത്രാൻ തിരുമനസ്സിലെ നിയമനബൂളാ

ദൈവത്തിന്റെ ദാസന്മാരുടെ ദാസനായ പീയൂസ് മെത്രാൻ, സീറോ മലബാർ റീത്തിൽപ്പെട്ട പാലാ രൂപതയിലെ വൈദികനും ആ രൂപതയുടെ നിയുക്തമെത്രാനും ആയ പ്രിയപുത്രൻ വയലിൽ എമ്മാൻവൽ സെബസ്ത്യാനോസിനു് ക്ഷേമവും അപ്പസ്തോലികാശീർവാദവും.

സാർവ്വത്രിക ക്രൈസ്തവലോകത്തിന്റെ അദ്ധ്യക്ഷനായിരിക്കുന്നതിനു് നിത്യനായ മേഷപാലപ്രഭുവിനാൽ വിനീതനായ നമുക്കു് നല്കപ്പെട്ടിരിക്കുന്ന പ്രേഷിത പരമാദ്ധ്യക്ഷപദം, ഒഴിവുവരുന്ന ഓരോ മെത്രാസനത്തിലും, തന്നെ ഏല്പിക്കുന്ന കർത്താവിന്റെ അജഗണത്തെ രക്ഷാകരമായി സംരക്ഷിക്കുകയും, ഭരിക്കുകയും, അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതിനു് അറിവും പ്രാപ്തിയും ഉള്ള ഒരു ശ്രേഷ്ഠപുരോഹിതൻ അവരോധിക്കപ്പെടത്തക്കവണ്ണം അതിസൂക്ഷ്മമായ ശ്രദ്ധപതിക്കുന്നതിനുള്ള ഭാരം നമ്മിൽ ചുമത്തിയിരിക്കുന്നു.

ആകയാൽ ഈ ദിവസംതന്നെ, ഈയമുദ്ര പതിച്ച "ക്വോ എക്ലേസിയാരും" (Quo ecclesiarum) എന്ന അപ്പസ്തോലിക ലേഖനത്താൽ ചങ്ങനാശേരി രൂപതാപ്രവിശ്യയെ വിഭജിച്ച്, എറണാകുളം മെത്രാപ്പോലീത്തൻ ഇടവകയുടെ സാമന്തയായ ഭദ്രാസന ഇടവകയായി നമ്മാൽ ഉയർത്തപ്പെട്ടിരിക്കുന്ന പാലാ ഇടവകയ്ക്കു് സ്വന്തം ഇടയനെ നല്കേണ്ടതാകയാൽ, പൗരസ്ത്യസഭകളുടെ തിരുസംഘത്തിന്റെ മേലധികാരികളായി നിയുക്തരായിരിക്കുന്ന നമ്മുടെ വന്ദ്യ സഹോദരന്മാരായ വി. റോമാസഭയുടെ കർദ്ദിനാൾമാരുടെ അഭിപ്രായമനുസരിച്ച്, ആ മേഷപാലകോദ്യോഗത്തിനു് താങ്കൾ ഏററവും യോഗ്യനെന്നു് നമുക്കു ബോദ്ധ്യംവന്നിരിക്കുന്നതിനാൽ, അപ്പസ്തോലികാധികാരം വഴിയായി താങ്കളെ ആ ഭദ്രാസന ഇടവകയിലേക്കു് തിരഞ്ഞെടുക്കുകയും, അതിന്റെ മെത്രാനും ഇടയനും ആയി അവരോധിക്കുകയും, ആ ഇടവകയുടെ ആദ്ധ്യാത്മികവും ഭൗതികവും ആയ സംഗതികളുടെ സംരക്ഷണവും, ഭരണവും, കൈകാര്യവും വിശുദ്ധ സഭാനിയമങ്ങളും സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങളും പ്രശസ്യങ്ങളായ പാരമ്പര്യാചാരങ്ങളും അനുസരിച്ച് ഈ മേഷപാലകോദ്യോഗത്തോടു് അനുബദ്ധമായിരിക്കുന്ന സകല അവകാശങ്ങളോടും, പദവികളോടും, ഭാരങ്ങളോടും, കർത്തവ്യങ്ങളോടുംകൂടി താങ്കളെ പൂർണ്ണമായി ഭരമേല്പിക്കുകയും ചെയ്യുന്നു.

---

* 23-ാം ലക്കത്തിൽ ചേർത്തിരുന്ന ബൂള പൂർണ്ണമല്ലായിരുന്നുവെന്നു മനസ്സിലാകുന്നതിനാൽ, പൂർണ്ണരൂപം ലഭിച്ചതു പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

ഒന്നാംതരം കസവിലും നേർമ്മയും ബലവുമുള്ള ഇഴയിലും
സാരി, വിരിപ്പാവ്, പുതകവണി ഇവകൾക്കു്
"യൂനിയൻ വീവിംഗ്സ"
തൊടുപുഴ
എന്ന വിലാസത്തിൽ ഓർഡർചെയ്യുക.
പൂർണ്ണ ഉത്തരവാദിത്വം
മാത്യു സെബാസ്റ്റ്യൻ കുരുവിനാക്കുന്നേൽ
(മാനേജിംഗ് ഡയറക്ടർ)

എന്നാൽ, താങ്കൾ മെത്രാഭിഷേകം സ്വീകരിക്കുന്നതിനും, താങ്കൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന രൂപതയുടെ നിയമാനുസാരമുള്ള ഉടമസ്ഥത ഏൽക്കുന്നതിനും മുമ്പ് അപ്പസ്തോലിക സിംഹാസനത്തിന്റെ ആനുകൂല്യവും, ഐക്യവും ഉള്ള ഒരു കത്തോലിക്കാ ശ്രേഷ്ഠാചാര്യനെ തിരഞ്ഞെടുത്ത് അദ്ദേഹത്തിന്റെ മുമ്പാകെ നിശ്ചിതരീതിയിൽ കത്തോലിക്കാ വിശ്വാസപ്രഖ്യാപനവും നിയമാനുസൃതമുള്ള സത്യപ്രതിജ്ഞകളും നടത്തുന്നതിനും ആ പ്രതിജ്ഞാപത്രങ്ങളുടെ പ്രതികൾ താങ്കളുടെയും ആ ശ്രേഷ്ഠാചാര്യന്റെയും കൈയൊപ്പും മുദ്രയുംകൊണ്ടു സ്ഥിരീകരിച്ച് മുൻപറഞ്ഞ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിലേക്ക് കഴിയുന്നത്ര വേഗത്തിൽ അയക്കുന്നതിനും താങ്കൾ ചുമതലപ്പെട്ടവനാണെന്ന് നാം കല്പിക്കുന്നു. കൂടാതെ താങ്കളുടെ കൂടുതൽ സൗകര്യത്തെ ഉദ്ദേശിച്ച് റോമാ നഗരത്തിനു പുറമെ താങ്കളുടെ ഹിതത്തിൽ അപ്പസ്തോലിക സിംഹാസനത്തിന്റെ ആനുകൂല്യവും ഐക്യവും ഉള്ള ഏതെങ്കിലും കത്തോലിക്കാ ശ്രേഷ്ഠാചാര്യനെ പ്രധാന കാർമ്മികനായും അതേരീതിയിൽപ്പെട്ട രണ്ടു കത്തോലിക്കാ മെത്രാന്മാരെ അദ്ദേഹത്തിന്റെ സഹായകന്മാരായും തിരഞ്ഞെടുത്തു് നിർബാധം നിയമാനുസൃതമായി അഭിഷേചിക്കപ്പെടുന്നതിനു താങ്കളെ നാം അനുവദിക്കുന്നു. ആകയാൽ ഇതിലേക്കു താങ്കൾ തിരഞ്ഞെടുക്കുന്ന ശ്രേഷ്ഠാചാര്യസഹോദരന് താങ്കളെ അഭിഷേചിക്കുന്നതിനുള്ള ചുമതലയും, അധികാരവും ഈ ലേഖനത്താൽ നാം പ്രദാനംചെയ്യുന്നു. എന്നാൽ, മേൽപ്രസ്താവിച്ച വിശ്വാസപ്രഖ്യാപനവും, സത്യപ്രതിജ്ഞയും മുൻകൂട്ടി നടത്താതെ അഭിഷേകം സ്വീകരിക്കുന്നതിനു താങ്കൾ മുതിരരുതെന്നും, താങ്കളാൽ തിരഞ്ഞെടുക്കപ്പെടുന്ന ശ്രേഷ്ഠാചാര്യൻ താങ്കളെ അഭിഷേചിക്കരുതെന്നും നമ്മുടെ ഈ ആജ്ഞയെ നിങ്ങൾ നിഷേധിക്കുന്നപക്ഷം അനുഭവിക്കേണ്ടതായി നിയമാനുസാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ശിക്ഷയിൻകീഴ് ഖണ്ഡിതമായി നാം കല്പിക്കുന്നു.

കൂടാതെ, കർത്താവിൽ നമ്മുടെ വന്ദ്യസഹോദരനായ എറണാകുളം മെത്രാപ്പോലീത്തായെ നാം ഉപദേശിക്കുന്നു, അദ്ദേഹത്തിന്റെ സാമന്തമെത്രാനായി തിരഞ്ഞെടുക്കപ്പെട്ട താങ്കളെ നമ്മുടെയും അപ്പസ്തോലിക സിംഹാസനത്തിന്റെയും നേർക്കുള്ള ആദരവു കരുതി സ്നേഹാനുകൂല്യങ്ങൾ നല്കി സഹോദരനായി സ്വീകരിക്കണമെന്നും, താങ്കളെ ഏല്പിച്ചിരിക്കുന്ന ചുമതല അനുസരിച്ച താങ്കളുടെ രൂപതയുടെ കൂടുതൽ അഭിവൃദ്ധി അനായാസേന സാധിക്കുവാൻ താങ്കൾ പ്രാപ്തനായിത്തീരുന്നതിനു ദൈവമഹത്വവും സഭയുടെ നന്മയും വർദ്ധിപ്പിക്കുന്നതിനുള്ള തീക്ഷ്ണതയാൽ പ്രചോദിതനായി താങ്കൾ അദ്ദേഹത്തിൽനിന്ന് ആവശ്യപ്പെടുന്ന സഹായങ്ങൾ നല്കുവാൻ മടിക്കരുതെന്നും.

അതുപോലെതന്നെ താങ്കളുടെ രൂപതയിലെ വൈദികരും ജനങ്ങളും ആയ നമ്മുടെ പ്രിയപ്പെട്ട മക്കളോടു അവരുടെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന താങ്കളെ അവരുടെ പിതാവും ആദ്ധ്യാത്മിക നിയന്താവുമായി ഭക്തിപൂർവ്വം സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തുകൊണ്ട്, താങ്കൾ അവരെ ഭക്തിയുള്ള മക്കളായും, അവർ താങ്കളെ വാത്സല്യമുള്ള പിതാവായും കണ്ടു സന്തോഷിക്കത്തക്കവണ്ണം, താങ്കളുടെ രക്ഷാകരങ്ങളായ ഉപദേശങ്ങളും, കല്പനകളും അനുസരിക്കുന്നതിനും നാം കല്പിക്കുന്നു.

നമ്മുടെ ഈ ലേഖനം താങ്കൾക്കു കിട്ടിക്കഴിഞ്ഞു — ആദ്യം വരുന്ന കടമുള്ള തിരുനാൾദിവസം ഭദ്രാസനദേവാലയത്തിലെ പ്രസംഗപീഠത്തിൽനിന്നു പരസ്യമായി വായിക്കപ്പെടണമെന്നു നാം ആഗ്രഹിക്കുന്നു.

അവസാനമായി, താങ്കളുടെ ചുമലിൽ വയ്ക്കപ്പെട്ടിരിക്കുന്ന കർത്താവിന്റെ നുകം അനല്പസമായ ഭക്തിയോടുകൂടി താങ്കൾ സ്വീകരിക്കണമെന്നും, പാലാ രൂപത താങ്കളുടെ അജപാലക പരിശ്രമഫലമായി ആദ്ധ്യാത്മികവും, ലൗകികവും ആയ സംഗതികളിൽ നാൾക്കുനാൾ അഭിവൃദ്ധിപ്രാപിക്കുകയും, അവിടെ മിശിഹായുടെ രാജ്യം കൂടുതൽ വിസ്തൃതമാക്കപ്പെടുകയും ചെയ്യത്തക്കവണ്ണം താങ്കളെ ഏല്പിച്ചിരിക്കുന്ന ചുമതല താങ്കൾ നിർവ്വഹിക്കുമെന്നും നമുക്കു ദൃഢമായ വിശ്വാസവും പ്രതീക്ഷയും ഉണ്ട്.

ഗൻഡോൾഫോ കൊട്ടാരത്തിൽനിന്നും ക്രിസ്തുവർഷം ആയിരത്തി തൊള്ളായിരത്തി അൻപതു ജൂലായിമാസം ഇരുപത്തി അഞ്ചാം തീയതി നമ്മുടെ ഭരണത്തിന്റെ പന്ത്രണ്ടാം വർഷം നല്കപ്പെട്ടതു്.

വിശുദ്ധ റോമാ സഭയുടെ
പരമാദ്ധ്യക്ഷനുവേണ്ടി,
കർദ്ദിനാൾ സംഘത്തിന്റെ ഡീൻ,
ഫ്രാൻസീസ് കർദ്ദിനാൾ
മർക്കെത്തി സെൽവഗിയാനി.

വിമർശനവീഥി

# ശ്രീ ഐ. സി. ചാക്കോ
# വൈദികാദ്ധ്യക്ഷന്മാരെപ്പററി

III

ശ്രീ ഐ. സി. യുടെ വിമർശനത്തിലെ ഒരൊറ്റ പ്രസ്താവം "അഭിമാനക്ഷയം കൂടാതെ വിട്ടുവീഴ്ചകൾ ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗം ഗവമ്മെൻറിനും, പരാജയംകൂടാതെ പിന്മാറുന്നതിനുള്ള ഒരു മാർഗ്ഗം തങ്ങൾക്കും ഇല്ലാത്തവിധത്തിൽ ഒരു അന്ത്യശാസനം പിതാക്കന്മാരിൽനിന്നു പുറപ്പെട്ടതു വിസ്മയകരമായിരിക്കുന്നു" എന്നാണു്.

## വിട്ടുവീഴ്ചകൾ

ആഗസ്റ്റു 3-ാംനു കത്തോലിക്കാ മാനേജഴ്സ് അസോസിയേഷന്റെ പൊതുയോഗം കൂടിയപ്പോൾ ചെയ്ത നിശ്ചയങ്ങളിലൊന്നു "ഫീസ്പിരിവ് ട്രഷറിയിൽ അടയ്ക്കണമെന്നുള്ള അഭിപ്രായം മാനേജ്മെൻറിന്റെ പ്രവർത്തനസ്വാതന്ത്ര്യത്തിലുള്ള അനാവശ്യമായ കൈകടത്തലാണ്" എന്നായിരുന്നു. ഇതിനെപ്പററി ത്രികക്ഷിസമ്മേളനം നടന്ന ആഗസ്റ്റു 12-ാംനു-യിലെ ദീപികയുടെ മുഖപ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു: "ഇന്നു തിരുവനന്തപുരത്തുവച്ചു ഗവമ്മെൻറും അദ്ധ്യാപകന്മാരുടെയും മാനേജർമാരുടെയും പ്രതിനിധികളും ചേർന്നു നടത്താനിരിക്കുന്ന സംഭാഷണങ്ങൾക്കു അടിസ്ഥാനമാകുന്ന ഗവമ്മെൻറു് നിർദ്ദേശങ്ങൾ ചില കോർപ്പറേററു മാനേജ്മെൻറുകൾക്ക് ഈ അടുത്തദിവസം ലഭിച്ചിരിക്കുന്നതായി കാണുന്നു. കോൺഫറൻസ് ഇന്നാകയാൽ ഈ നിർദ്ദേശങ്ങളെപ്പററി യഥാർഹം പഠിക്കുവാനുള്ള സമയം മാനേജമെൻറുകൾക്കില്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. ഫീസ് പിരിവ് മുഴുവൻ ഗവമ്മെൻറു് ട്രഷറിയിൽ അടയ്ക്കണമെന്നുള്ളതാണു് നിർദ്ദേശങ്ങളിൽ ഒന്നു. മാനേജരെ കേവലം ഒരു ടിക്കററുവില്പനക്കാരന്റെ നിലയിലേക്കു താഴ്ത്തുന്ന ഈ നിർദ്ദേശത്തെപ്പററി മാനേജർമാർക്കു ശക്തിയായ എതിരഭിപ്രായമുള്ളതായി അറിയുന്നു." അനന്തരം സ്വാഭാവന്യായത്താലും ഭരണഘടനയുടെ ദൃഷ്ടിയിലും ഈ നിർദ്ദേശം നിഷിദ്ധമാണെന്നു ദീർഘമായി പ്രതിപാദിച്ചു സമർത്ഥിക്കുകയും, "മാനേജർമാർ ഫീസ് പിരിച്ചു ട്രഷറിയിൽ അടച്ചു അവിടെ നിന്നു ശമ്പളം പററിയെങ്കിലേ തങ്ങൾക്കു തൃപ്തിയാകയുള്ളുവെന്നു അദ്ധ്യാപകന്മാർ നിർബന്ധം പിടിക്കരുതെന്നും, ഗവമ്മെൻറിനും ഇക്കാര്യത്തിൽ നിർബന്ധം ഉണ്ടാകേണ്ട ആവശ്യം ഇല്ലെന്നും" ഉദ്ബോധിപ്പിക്കുകയുമുണ്ടായി. എന്നാൽ കത്തോലിക്കാ മാനേജർമാരുടെ പ്രസ്തുത നിലയ്ക്കു വിപരീതമായിട്ടായിരുന്നു ആ ത്രികക്ഷിസമ്മേളനത്തിലെ നടപടികൾ. അതിനെപ്പററി മാനേജർമാർതന്നെ അതുമുതൽ ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ളതാണു്. തിരുവനന്തപുര മെത്രാപ്പോലീത്താ മാർ ഇവാനിയോസിന്റെ ഒക്ടോബർ 6-ലെ പ്രസ്താവനയിൽ ഈ ക്രമക്കേടു തിരുമേനി ഇപ്രകാരം വിവരിച്ചിട്ടുണ്ടു:

"കോൺഫറൻസിൽ ഈ പദ്ധതി സ്വീകരിപ്പിക്കുന്നതിനു ബ. മന്ത്രി സ്വാധീനം ചെലുത്തുകയും, അതിനു വഴിപ്പെടാൻ ചിലർ വൈമനസ്യം പ്രകടിപ്പിച്ചപ്പോൾ "ഈ വിദ്യാഭ്യാസ പ്രശ്നം ഒരു മുതലാളി—തൊഴിലാളി തർക്കമായി ഗവമ്മെൻറു പരിഗണിച്ചു വേണ്ടതു ചെയ്യുമെന്നു" അദ്ദേഹം പ്രസ്താവിക്കുകയുംചെയ്തു. അദ്ധ്യാപകന്മാരും മാനേജർമാരും തമ്മിലുള്ള ബന്ധം തൊഴിലാളി—മുതലാളി ബന്ധമല്ല. വിദ്യാഭ്യാസ മന്ത്രിയുടെ ആ പ്രസ്താവന നിർഭാഗ്യകരമായിപ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. കത്തോലിക്കാ സ്കൂൾ മാനേജർമാരുടെ പ്രതിനിധികൾക്കു ഈ പദ്ധതിയിലെ ചില വ്യവസ്ഥകൾ സമ്മതിക്കുവാൻ അധികാരമില്ലെന്നു പറഞ്ഞപ്പോൾ, തങ്ങളുടെ നേതാക്കന്മാരുമായി ആലോചിച്ചു അവരുടെ തീരുമാനം അറിയിക്കണമെന്നു ബ. മന്ത്രി ആവശ്യപ്പെടുകയും ആ തീരുമാനംകൂടി അറിഞ്ഞ ശേഷം മാത്രമേ ഗവ: അന്ത്യതീരുമാനം ചെയ്കയുള്ളുവെന്നു കോൺഫറൻസിൽവച്ചു് അദ്ദേഹം അവർക്കു് ഉറപ്പുനൽകുകയും ചെയ്തു. എന്നാൽ കത്തോലിക്കാ മാനേജർമാരുടെ അഭിപ്രായം ബ. മന്ത്രിയെ അറിയിക്കുന്നതിനു മുമ്പുതന്നെ (ആഗസ്റ്റു 19-ാംനു) പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഗവ: പ്രൊസീഡിംഗ്സ് പാസാക്കി സ്കൂൾ മാനേജർമാരെ അറിയിച്ചു. ഇത്ര ധൃതിയിൽ അന്ത്യതീരുമാനം ചെയ്തതു് ബ. മന്ത്രി മാനേജർമാർക്കു കൊടുത്തിരുന്ന ഉറപ്പിനു വിപരീതമല്ലയോയെന്നു് കത്തോലിക്കാ സ്കൂൾ മാനേജഴ്സ് അസോസിയേഷൻ പ്രസിഡൻറു് വിദ്യാഭ്യാസ മന്ത്രിയെ കണ്ടു ചോദിച്ചപ്പോൾ "ഞാൻ ഇവിടെ ഇല്ലായിരുന്നു" എന്നു മറുപടി പറഞ്ഞതായിട്ടാണു് അറിയുന്നതു്. ഇത്ര തിടുക്കത്തിൽ അദ്ദേഹം സ്വീകരിച്ച നയം അദ്ധ്യാപകന്മാരെയും മാനേജർമാരെയും പരസ്പരം ഭിന്നിപ്പിക്കുന്നതിനു് പര്യാപ്തവുമാണു്. ... ... ... ... ... ... ...നേരത്തെ നിശ്ചയിച്ചുവച്ച ഒരു പ്ലാനിന്റെ പ്രയോഗമായിരുന്നു ഇതെന്നു അപ്പോഴാണു് മാനേജർമാർക്കു മനസ്സിലായതു. കാലേക്കൂട്ടി പ്ലാൻ തയ്യാറാക്കി മാനേജർമാരുടെ പര്യാലോചനയ്ക്കു വേണ്ട സമയം അനുവദിക്കാതെ പൊടുന്നനവെ പദ്ധതി സ്വീകരിക്കുമോ എന്നുള്ള ചോദ്യത്തോടുകൂടി അതു് അവതരിപ്പിച്ചു."

## ആഗസ്റ്റ് 20-ലെ വിട്ടുവീഴ്ച

ആ കോൺഫറൻസിലെ നിർദ്ദേശങ്ങളിലും ആഗസ്റ്റ് 19-ലെ ഗവമ്മെൻറു് പ്രൊസീഡിംഗ്സിലും പണം കെട്ടിവയ്ക്കണമെന്നു മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളുവെന്നും, അദ്ധ്യാപകനിയമനത്തിനുള്ള ലിസ്റ്റു വേണമെന്നുള്ള നിർബന്ധം പിന്നീടു കൊണ്ടുവന്നതാണെന്നും കഴിഞ്ഞ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. കെട്ടിവയ്ക്കൽനിർദ്ദേശം ത്രികക്ഷിസമ്മേളനത്തിലെ വാഗ്ദാനത്തിനു വിരുദ്ധമായി ആഗസ്റ്റ് 19-ലെ പ്രൊസീഡിംഗ്സിൽ കൊള്ളിച്ചിരുന്നുവെങ്കിലും ആഗസ്റ്റു 20-ലെ വൈദികാദ്ധ്യക്ഷന്മാരുടെ സംയുക്തപ്രസ്താവനയിൽ അതു താല്ക്കാലികമായി സ്വീകരിക്കാമെന്നു സമ്മതിച്ചു. അതിന്റെ കാരണം അതിൽ വിവരിച്ചിരുന്നതിങ്ങനെയാണു്: "എല്ലാ മാനേജ്മെൻറു് വിദ്യാലയങ്ങളും അവയുടെ ഫീസ്പിരിവു മുഴുവനും ഗവമ്മെൻറിൽ അടയ്ക്കണമെന്നുള്ള ഒരൊററ വ്യവസ്ഥയിൽ അല്ലാതെ അദ്ധ്യാപകന്മാരുടെ ഏററവും ചുരുങ്ങിയ അവകാശങ്ങൾപോലും അനുവദിച്ചുകൊടുക്കുവാൻ ഗവമ്മെൻറു തയാറില്ലെന്നു ഗവമ്മെൻറു ഭാഗത്തുനിന്നും അദ്ധ്യാപകന്മാർക്കു ഒരു അന്ത്യശാസനം നൽകിയിട്ടുണ്ടെന്നാണു പിന്നീടുണ്ടായ സംഭവങ്ങൾകൊണ്ടു ഞങ്ങൾ മനസ്സിലാക്കുന്നതു്. ഇതു് ഒരു വിഷമാവസ്ഥയെ ഉളവാക്കിയിരിക്കുന്നു. ... ... ... ... ... ...എന്നാൽ ഫീസ പിരിവു മുഴുവൻ ഗവമ്മെൻറിനു വിട്ടുകൊടുത്താൽമാത്രമേ അദ്ധ്യാപകന്മാർക്കു നിശ്ചിതതോതിൽ ശമ്പളം കൊടുക്കുകയുള്ളുവെന്നു ഗവമ്മെൻറു് ശഠിക്കുന്നതുകൊണ്ടു്, അസാധാരണമായ ഈ വാദം അദ്ധ്യാപകന്മാർ ഗവമ്മെൻറിൽ സമർപ്പിച്ച ഏററവും കുറഞ്ഞ അവകാശങ്ങളുടെ കൂട്ടത്തിൽ അവർ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിൽ ഉടൻതന്നെ അവരുടെ അവശതകൾ പരിഹരിച്ചുകിട്ടുമെന്നുള്ള പ്രതീക്ഷയിൽ ഗവമ്മെൻറിന്റെ ഈ ശാസനത്തിനു കീഴ്പ്പെടുവാൻ മാനേജമെൻറുകളെ നിർബന്ധിക്കുന്നതിൽ അദ്ധ്യാപകന്മാർ തല്പരരായിരിക്കുമെന്നുള്ളതു സ്വാഭാവികമാണു്. ഗവമ്മെൻറിന്റെ ഈ നിർദ്ദേശം മാനേജ്മെൻറുകൾ സ്വീകരിക്കാതിരുന്നാൽ ആ തീരുമാനത്തിന്റെ ന്യായ്യതയെ അദ്ധ്യാപകന്മാർ പരിഗണിക്കുകയില്ലെന്നുതന്നെയല്ല, ഗവമ്മെൻറു് സ്വയം അവരെ സഹായിക്കുവാൻ തയാറായ ഒരു ഘട്ടത്തിൽ മാനേജർമാർ നിമിത്തം അവർ പ്രതീക്ഷിക്കുന്ന അനുഗ്രഹപ്രദമായ ഭാവി നഷ്ടപ്പെടുത്തി എന്നൊരു വിരോധം പോലും അവർക്കു തോന്നാനിടവരും എന്നും ഞങ്ങൾക്കറിയാവുന്നതാണു്." ആകയാൽ ഗവമ്മെൻറുളവാക്കിയ വിഷമാവസ്ഥയ്ക്കു പരിഹാരമുണ്ടാകുന്നതിനും, അദ്ധ്യാപകന്മാരുടെ അവശത കഴിയും വേഗം നീക്കുന്നതിനുംവേണ്ടി താല്ക്കാലികമായി കെട്ടിവയ്ക്കൽ നിർദ്ദേശം സ്വീകരിക്കാമെന്നുവച്ചതു് തീർച്ചയായും "വിട്ടുവീഴ്ച"യായിട്ടാണു്.

## ഒക്ടോബർ 6-ലെ വിട്ടുവീഴ്ച

എന്നാൽ കഴിഞ്ഞ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ, ഗവമ്മെൻറുഭാഗത്തുനിന്നു പുറപ്പെടുവിച്ച നിഷിദ്ധങ്ങളായ പ്രസ്താവങ്ങൾ ഫീസ ഖജനാവിൽ കെട്ടിവയ്ക്കണമെന്നുള്ള നിർദ്ദേശം രാഷ്ട്രസാൽക്കരണത്തിന്റെ ആദ്യപടിയാണെന്നുള്ള ബലമായ സംശയം മാനേജർമാരിലും ജനങ്ങളിലും ഉളവാക്കി. തൽഫലമായി കെട്ടിവയ്ക്കൽനിർദ്ദേശം അസ്വീകാര്യമാണെന്നുള്ള അഭിപ്രായത്തിനു ശക്തികൂടി. തന്മൂലം മാർ ഇവാനിയോസ് തിരുമനസ്സുകൊണ്ടു് പ്രസ്തുത പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരുന്നു:— "അദ്ധ്യാപകന്മാരെ സഹായിക്കുകയും അവർക്കു ന്യായമായി ലഭിക്കേണ്ട ശമ്പളം കൊടുക്കുകയും ചെയ്യണമെന്നു മാത്രമേ ബ. വിദ്യാഭ്യാസമന്ത്രിക്കു് ഉദ്ദേശമുള്ളുവെങ്കിൽ ഈ പുതിയ പദ്ധതിയുടെ ഗൗരവമായ ന്യൂനതകൾ പരിഹരിച്ചു് അദ്ധ്യാപകശമ്പളം നിർദ്ദിഷ്ട ക്രമത്തിൽ കൊടുക്കുന്നതിനു മാനേജർമാരെ സഹായിക്കുകയാണു് ഗവമ്മെൻറു് ചെയ്യേണ്ടിയിരുന്നതു്. അദ്ധ്യാപകശമ്പളത്തിനു കുറവു വരാതെയും മാനേജർമാരുടെ ന്യായമായ അവകാശങ്ങളെ സംരക്ഷിച്ചും ജനായത്തസിദ്ധാന്തത്തെ ബലികഴിക്കാതെയും ഒരു പദ്ധതി തയ്യാറാക്കാവുന്നതാണു്." തുടന്നു്, അത്തരമൊരു പദ്ധതി തിരുമേനി ചൂണ്ടിക്കാണിച്ചു. "ഇത്തരുണത്തിൽ മങ്കൊമ്പു് ഇംഗ്ലീഷ് ഹൈസ്കൂൾ മാനേജർ മി. എം. സുബ്രഹ്മണ്യയ്യർ എം. എസ് സി. ബി. എൽ. പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പദ്ധതി ശ്രദ്ധാർഹമാണു." പ്രസ്തുത പദ്ധതിയുടെ വിവരണം ദീപികയുടെ തിരുവനന്തപുരത്തെ സ്വന്തംലേഖകൻ സെപ്റ്റംബർ 28-ാംനു അതിൽ കൊടുത്തിരുന്നു. ആ വിവരണം തിരുമേനി പ്രസ്തുത പ്രസ്താവനയിൽ നൽകുകയും ചെയ്തു. ഇതിനിടയിൽ ക്രിസ്ത്യൻ മാനേജർമാരുടെ പ്രതിനിധികൾ ചീഫ്മന്ത്രിയെയും വിദ്യാഭ്യാസമന്ത്രിയെയും സന്ദർശിച്ചു നിവേദനങ്ങൾ നടത്തിയെങ്കിലും ഫലമൊന്നുമുണ്ടായില്ല. ആകയാൽ ഒക്ടോബർ 14-ൽ അവർ സമ്മേളിച്ചു ഫീസിന്റെ ശതമാനം ട്രഷറിയിൽ അടയ്ക്കാൻ തങ്ങൾക്കു സമ്മതമില്ലെന്നും, ഏതെങ്കിലും അംഗീകൃതബാങ്കിലടച്ചു് ശമ്പളം ചെക്കായി നൽകാൻ സമ്മതമാണെന്നും തീരുമാനിച്ചു. ഇത്രയുമായപ്പോൾ എറണാകുളം, തിരുവനന്തപുരം, വരാപ്പുഴ മെത്രാപ്പോലീത്താമാർ മൂന്നുപേരുംകൂടി ഒരു പ്രസ്താവന പുറപ്പെടുവിച്ചു. അതിൽ ഫീസ്പിരിവു് ഡിപ്പാർട്ടുമെൻറിന്റെ പേരിൽ ഖജനാവിൽ അടയ്ക്കണമെന്നു നിർബന്ധിക്കുന്നതു രാഷ്ട്രസാൽക്കരണത്തിന്റെ ആദ്യപടിയാണെന്നു കാരണസഹിതം ചൂണ്ടിക്കാണിക്കുകയും, തന്മൂലം പദ്ധതി സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നും പണം മാനേജരുടെ പേരിൽ ബാങ്കിലടച്ചു് ചെക്കുവഴിയായി അദ്ധ്യാപകർക്കു ശമ്പളംകൊടുക്കുന്ന മാർഗ്ഗം സ്വീകരിച്ചാൽ ഉദ്ദിഷ്ടം സാധിക്കാമെന്നും പ്രസ്താവിക്കുക

യും ചെയ്തിരുന്നു. അതിനുംപുറമെ അദ്ധ്യാപകർക്കു ശമ്പളം കൂട്ടിക്കൊടുക്കുന്നതിൽ തങ്ങൾക്കുള്ള ഔൽസുക്യം പ്രദർശിപ്പിക്കുകയും, ന്യായമായ തീരുമാനം ചെയ്യാൻ മാനേജർമാരോടൊന്നിച്ചു ഗവമ്മെൻറിനെ സമീപിക്കുവാൻ അദ്ധ്യാപകന്മാരെ ഉദ്ബോധിപ്പിക്കുകയുമുണ്ടായി. എന്നാൽ ഗവമ്മെൻറും അവരോടൊന്നിച്ചു് അദ്ധ്യാപകരും പഴയ നിർബന്ധത്തിൽതന്നെ നിന്നതേയുള്ളു. മാത്രമല്ല, അദ്ധ്യാപകർ മാനേജ്മെൻറുകൾക്കെതിരായി പണിമുടക്കിനു വട്ടംകൂട്ടി. അവരുടെ യോഗങ്ങളിലും അവർ മാനേജർമാർക്കയച്ച പണിമുടക്കു നോട്ടീസിലും ഊന്നിപ്പറഞ്ഞ കാരണം, ആഗസ്റ്റ് 12-ലെ ത്രികക്ഷിസമ്മേളനത്തിൽ ഏകകണ്ഠമായി ചെയ്ത തീരുമാനത്തിൽനിന്നു് മാനേജ്മെൻറുകൾ പിന്മാറിയെന്നതാണ്. ആ കാരണം യഥാർത്ഥമല്ലെങ്കിലും, യഥാർത്ഥമല്ലെന്നു ഗവമ്മെൻറിനറിയാമായിരുന്നെങ്കിലും, പണിമുടക്കു നിശ്ചയത്തിൽനിന്നു് അദ്ധ്യാപകരെ വിരമിപ്പിക്കുവാൻ ഗവമ്മെൻറുഭാഗത്തുനിന്നു യാതൊന്നും ചെയ്തില്ല. വല്ലതും ചെയ്തെങ്കിൽ അതെല്ലാം പണിമുടക്കിനെ പ്രോത്സാഹിപ്പിക്കുവാൻ മാത്രം ഉതകുന്നതായിരുന്നു.

### എം. എൽ. എ. മാർവഴി വിട്ടുവീഴ്ച

ഇതിനിടയിൽ, ഒക്ടോബർ 22-ാംനു- തിരുവനന്തപുരത്തുവച്ചു തിരുവനന്തപുരം, വരാപ്പുഴ മെത്രാപ്പോലീത്താമാരും, എറണാകുളം മെത്രാപ്പോലീത്തായുടെ പ്രതിനിധി ഫാദർ മൂത്തേടനും, മെ: കെ. എം. കോര, എൽ. എം. പൈലി, ചെറിയാൻ കാപ്പൻ എന്നീ എം. എൽ. എ. മാരുംകൂടി ഗവമ്മെൻറുമായി പരസ്പരധാരണയുണ്ടാക്കി ഒരു ഒത്തുതീപ്പിൽ എത്തിച്ചേരുവാൻ മാർഗ്ഗമുണ്ടോ യെന്നാലോചിച്ചു. തദനന്തരം എം. എൽ. എ. മാർ വിദ്യാഭ്യാസമന്ത്രിക്കു് ഒരു കത്തയച്ചു. പദ്ധതിയെപ്പററി "ഒരു പരസ്പരധാരണ ഉണ്ടാക്കാമോ എന്നു മെത്രാപ്പോലീത്താമാർ നിയോഗിച്ചപ്രകാരം പരിശോധിക്കുന്നതിനാണ്" തങ്ങളുടെ യത്നമെന്നും, പദ്ധതിയിലെ "വ്യവസ്ഥകളും അവയിൽ അന്തർലീനമായുള്ളവയും സുഗ്രഹമാകാഞ്ഞതിനാൽ സുസൂക്ഷ്മമായ ഒരു വിവരണം ഗവമ്മെൻറിനോടാവശ്യപ്പെടാനാണ്" കത്തിൻെറ ഉദ്ദേശമെന്നും അവർ അതിൽ പറഞ്ഞിരുന്നു. അവക്കറിയേണ്ട കാര്യങ്ങൾ വ്യക്തമായി അവർ അതിൽ വിവരിച്ചു. അതിനവക്കു മന്ത്രി അയച്ച മറുപടിയിൽ ഇങ്ങനെ പറഞ്ഞിരുന്നു:- "അദ്ധ്യാപകന്മാർക്കു യഥാസമയം ശമ്പളം ലഭിക്കുന്നതിനുള്ള ഉറപ്പിനുവേണ്ടിയാണ് 80 ശതമാനം ട്രഷറിയിൽ അടയ്ക്കണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നതു്. ഈ പുതിയ പദ്ധതിയുടെ ലക്ഷ്യം വിദ്യാഭ്യാസദേശസാൽക്കരണം അല്ല." അദ്ധ്യാപകനിയമനലിസ്റ്റിൽ അപേക്ഷകന്മാരെയെല്ലാം, സപ്ലിമെൻററി ആയിട്ടും, ഉൾപ്പെടുത്തുന്നതാണെന്നും, ലിസ്റ്റിൽ ഉൾപ്പെട്ടവരെ മാനേജർമാർക്ക് ഇഷ്ടാനുസാരം തിരഞ്ഞെടുത്തു നിയമിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നും പറഞ്ഞിരുന്നു. എന്നുവരികിലും ഗവമ്മെൻറിൻെറ ഒരു ലിസ്റ്റ് കൂടിയേ കഴിയൂ എന്ന നിർബന്ധം മറുപടിയിലടങ്ങിയിരുന്നു. അദ്ധ്യാപകന്മാർക്കു യഥാസമയം ശമ്പളം ലഭിക്കാനുള്ള ഉറപ്പിനു പര്യാപ്തമായമാർഗ്ഗം വേറെ ഉണ്ടെന്നു സ്പഷ്ടമാക്കിക്കഴിഞ്ഞിരുന്നല്ലോ. അദ്ധ്യാപകനിയമനത്തിനുള്ള സ്വാതന്ത്ര്യം ലിസ്റ്റിനുള്ളിലുള്ളതു് യഥാർത്ഥസ്വാതന്ത്ര്യമല്ലെന്നും സ്പഷ്ടമാണല്ലോ. ആകയാൽ എം. എൽ. എ. മാർവഴി വിട്ടുവീഴ്ചയ്ക്കുള്ള മനോഭാവം വൈദികാദ്ധ്യക്ഷന്മാർ പ്രദർശിപ്പിച്ചതു വിഫലമായതേയുള്ളു.

### മാനേജ്മെൻറുകളുടെ നിവേദനങ്ങൾക്കുനല്കിയ മറുപടി

അദ്ധ്യാപകസംഘടന മാനേജർമാർക്കയച്ച "വിദ്യാലയബഹിഷ്കരണ"നോട്ടീസിൽ അതിനു കാരണമായി ചൂണ്ടിക്കാണിച്ചതിങ്ങനെയാണ്:— "ത്രികക്ഷിസമ്മേളനത്തിൽ ഐകകണ്ഠ്യേന തീരുമാനിച്ച പദ്ധതിയിലെ താല്പര്യത്തിനു വിരുദ്ധമായി" ഫീസ്പിരിവ് ട്രഷറിയിലടയ്ക്കാത്തതിനാൽ വർദ്ധിച്ച തോതിലുള്ള ശമ്പളം ലഭിക്കാൻ സാദ്ധ്യതയില്ലാതെവന്നിരിക്കുന്നു. "ഇങ്ങനെ അടയ്ക്കാതെയിരിക്കുന്നതു് അദ്ധ്യാപകാവശതകളെ നിവാരണംചെയ്യുന്നതിൽ" മാനേജർമാർക്കുള്ള "താല്പര്യക്കുറവിനെ തെളിയിക്കുന്നതായി" അദ്ധ്യാപകർ കരുതുന്നു. ഇതിനു മറുപടിയെന്നോണം കാത്തലിക് മാനേജേഴ്സ് അസോസിയേഷൻ പ്രസിഡൻറ് ഒരു പ്രസ്താവന പുറപ്പെടുവിച്ചതിൽ, അസോസിയേഷനിൽനിന്നും സെപ്റ്റംബറിൽ ഗവമ്മെൻറിലേക്കയച്ചിരുന്ന കത്തിലെ ഈ ഭാഗം ഉദ്ധരിച്ചിരുന്നു: "ഞങ്ങളുടെ അടിസ്ഥാനതത്വങ്ങൾ ബലികഴിക്കാതെ ഗവമ്മെൻറിനോടു് സഹകരിച്ചു് അദ്ധ്യാപകന്മാർക്കു് ഉയർന്നതോതിലുള്ള ശമ്പളം ലഭിക്കത്തക്ക വ്യവസ്ഥയിൽ വേണ്ടതു ചെയ്യുന്നതിനു് ഞങ്ങൾ തയ്യാറാണ്. എല്ലാ കക്ഷികൾക്കും തൃപ്തികരമായ ഒരു തീരുമാനം ഗവമ്മെൻറുണ്ടാക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു." എന്നിട്ടിങ്ങനെ തുടരുന്നു: "പ്രസ്തുത കത്തിനു് ഇതേവരെയും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. എന്നാൽ കത്തയച്ചതിനുശേഷം ബ. മന്ത്രിമാരെകണ്ടു് ഇതുസംബന്ധിച്ചു ചർച്ചകൾ നടത്തിയപ്പോളാണ് ഈ പുതിയ പദ്ധതിയിൽ ഒളിഞ്ഞുകിടന്നിരുന്ന അപകടനിബിഡവും പ്രൈവററു് വിദ്യാലയങ്ങളുടെ അസ്തിത്വത്തെത്തന്നെ നിഹനിക്കുന്നതുമായ വ്യവസ്ഥകളേയും അവയുടെ ദൂരവ്യാപകങ്ങളായ ഭവിഷ്യത്തുകളേയുംപററി ഏതാണ്ടു ഗ്രഹിക്കുവാൻ സാധിച്ചതു്.... ആകയാൽ ഖജനാവിൽ പണമടയ്ക്കുവാൻ പാടില്ലെന്നുള്ള മുൻനിശ്ചയത്തിനു ഭേദഗതി വന്നിട്ടില്ലെന്ന വസ്തുത പ്രസ്താവിച്ചുകൊള്ളുന്നു." നവംബർ 1-ാംനു-യിലെ പാർലമെൻററി പാർട്ടിയുടെ സമ്മേളനത്തിൽ പുതിയ പദ്ധതിയെപ്പററി നടന്ന ചർച്ചയ്ക്കിടയിൽ "കാത്തലിക് സ്കൂൾ മാനേജേഴ്സ് സംഘം പ്രസിഡൻറിൻെറ കത്തിനു മറുപടി ലഭിച്ചിട്ടില്ലെന്നു് ഒരു പത്രത്തിൽ കണ്ടുവല്ലോ" എന്നു് ഒരു മെമ്പർ ചോദിച്ചതിനു് മറുപടിയായി "പദ്ധതി പാർട്ടിയിൽ കൊണ്ടുവന്നിട്ടു മറുപടി കൊടുക്കാനിരിക്കുകയായിരുന്നു. ഇനി ഉടനെ നല്കാം" എന്നു വിദ്യാഭ്യാസമന്ത്രി മറുപടി പറഞ്ഞു.

നവംബർ 2-ാംനു- ഗവമ്മെൻറിൻെറ പ്രസ്നോട്ടു് പുറപ്പെട്ടു. അതിൽ (1) ഫീസ്പിരിവിൻെറ 80ശതമാനം ഹെഡ്മാസ്റ്റർ പിരിച്ചു് സർക്കാർകണക്കിൽ ഖജനാവിൽ അടയ്ക്കണമെന്നും, (2) പബ്ളിക്സർവ്വീസ് കമ്മീഷനും വിദ്യാഭ്യാസ ഡയറക്ടരുംകൂടി പ്രതിവർഷം തയാറാക്കുന്ന ലിസ്റ്റിൽനിന്നേ അദ്ധ്യാപകരെ നിയമിക്കാവൂ എന്നും ഉള്ള വ്യവസ്ഥകൾ, മാനേജ്മെൻറുകളുടെ ആവത്തിച്ചാവത്തിച്ചുള്ള പ്രസ്താവങ്ങൾക്കും നിവേദനങ്ങൾക്കും വിരുദ്ധമായി, നിർബന്ധങ്ങളായി കൊള്ളിച്ചിരുന്നു.

നവംബർ 3-ലെ നിയമസഭായോഗത്തിൽ മിസ്റ്റർ വി. കെ. ജോസഫ് ഇങ്ങനെ ചോദിച്ചു: "ഗവമ്മെൻറിൻെറയും മാനേജർമാരുടേയും അദ്ധ്യാപകന്മാരുടേയും പ്രതിനിധികളടങ്ങിയ കോൺഫറൻസിൽ തീരുമാനിച്ചതനുസരിച്ചു് ഒക്ടോബർ 30-ാംനു- ക്കകം ഫീസ് ട്രഷറിയിൽ അടയ്ക്കാത്തപക്ഷം നവംബർ 3-ാംനു- മുതൽ അദ്ധ്യാപകന്മാർ പണിമുടക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി അറിയാമോ?"

ഉ:- അറിയാം.

ചോ:- ഈ പണിമുടക്കു് ഇല്ലാതാക്കാൻ ഗവമ്മെൻറു് എന്തു നടപടി നടത്തും?

ഉ:- പുതിയ പദ്ധതിയിൽ എല്ലാ സ്കൂളുകളും ചേരുമെന്നുതന്നെയാണ് ഗവമ്മെൻറു് പ്രതീക്ഷിക്കുന്നതു്. പല സ്കൂളുകളും പണമടച്ചുകഴിഞ്ഞു. ബാക്കി സ്കൂളുകളും എത്രയും വേഗം അടയ്ക്കുമെന്നു വിചാരിക്കുന്നു.

ചോ:- പൂട്ടിയിടുന്ന സ്കൂളുകൾ ഗവമ്മെൻറു് ഏറെറടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

സ്കൂളുകൾ പൂട്ടിയിടുന്ന പക്ഷം കുട്ടികൾക്കു വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതായിരിക്കും."

ഒടുവിൽ മി. അമ്പുക്കൻ "പണിമുടക്കിൻെറ ഉത്തരവാദിത്വം ആർക്കാണ്? മാനേജർമാർക്കാണോ" എന്നു ചോദിച്ചപ്പോൾ "സമയം കഴിഞ്ഞു; ചോദ്യം അനുവദിക്കുന്നില്ല" എന്നു സ്പീക്കർ മറുപടി പറഞ്ഞു. ഗവമ്മെൻറിൻെറ ഈ മറുപടികളിൽനിന്നു കാണാം, അദ്ധ്യാപകരുടെ പണിമുടക്കു് എത്ര അലസതയോടുകൂടിയാണ് ഗവമ്മെൻറു വീക്ഷിച്ചതെന്നും, അതു തടയാൻ അവശ്യംവേണ്ടതു് ഗവമ്മെൻറു് ചെയ്തില്ലെന്നും, പണിമുടക്കുവാൻ അദ്ധ്യാപകർ പറഞ്ഞ കാരണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു മാനേജ്മെൻറുകളുടെ ആവത്തിച്ചാവത്തിച്ചുള്ള പ്രസ്താവനകളിൽനിന്നു പ്രത്യക്ഷമായിട്ടും ഗവമ്മെൻറു് മൗനത്താലും സൂചനകളാലും അദ്ധ്യാപകരുടെ നിലയെ പിൻതാങ്ങുകയാണ് ചെയ്തതെന്നും.

### വിട്ടുവീഴ്ചകളൊന്നും ചെയ്യുകയില്ലെന്നു വിദ്യാഭ്യാസമന്ത്രി

നവംബർ 3-ൽ അദ്ധ്യാപകർ പണിമുടക്കു് ആരംഭിച്ചു. തല്ക്കാലം കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കാൻവേണ്ടി പല സ്കൂളുകളിലും രണ്ടും മൂന്നും ദിവസത്തേക്കു് അവധികൊടുത്തു. ശ്രീ പട്ടംതാണുപിള്ള ഈ പണിമുടക്കിനെപ്പററി അവതരിപ്പിച്ച അടിയന്തിരപ്രമേയം നവംബർ 8-ാംനു- നിയമസഭയിൽ ചർച്ചചെയ്യപ്പെട്ടു. "ഇവിടെ ആവശ്യമായിരിക്കുന്നതു് വിദ്യാലയങ്ങളെല്ലാം ഗവമ്മെൻറു ഏറെറടുക്കുകയാണ്. സ്കൂൾകെട്ടിടങ്ങൾക്കു നഷ്ടപരിഹാരങ്ങൾ നൽകി മുഴുവൻ ഗവമ്മെൻറുതന്നെ കൈവശപ്പെടുത്തിയെങ്കിൽമാത്രമേ ഈ രാജ്യത്തു വിദ്യാഭ്യാസം പുരോഗമിക്കുവാൻപോകുന്നുള്ളൂ. ഒരു സോഷ്യലിസ്റ്റു വ്യവസ്ഥിതിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു് ഈ നയമല്ലാതെ മററു മാർഗ്ഗമൊന്നുമില്ലെന്നു എൻെറ സ്നേഹിതൻ മിസ്റ്റർ പനമ്പിള്ളിതന്നെ സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു" എന്നു പ്രമേയത്തിൽ പറഞ്ഞിരുന്നു.

പ്രമേയത്തെപ്പററിയുള്ള ചർച്ചയ്ക്കിടയിൽ ശ്രീ ചെറിയാൻ കാപ്പൻ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "സെക്കൻററി സ്കൂളദ്ധ്യാപകനു ശരിയായ ശമ്പളം കൊടുക്കുന്നതിനു് ഈ ഒരു മാർഗ്ഗം മാത്രമേ ഉള്ളോ, മററുമാർഗ്ഗങ്ങളില്ലേ, എന്നൊക്കെയാണ് പലരും ചോദിക്കുന്നതു്. ഇന്നു് ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന പദ്ധതിമാത്രമേ ഏതൽകാര്യത്തിനുള്ളൂ എന്നു് ഇതിൻെറ പ്രണേതാക്കൾതന്നെ പറയുമെന്നു തോന്നുന്നില്ല. ബ. മിനിസ്റ്റർ ഞാൻപിടിച്ച മുയലിനു മൂന്നു കൊമ്പുണ്ടെന്നു ശഠിക്കുന്നമാതിരി ശഠിക്കേണ്ടകാര്യമില്ല. ഈ പദ്ധതിയെ എതിർക്കുന്നവരെ വിളിച്ചു് അവരുടെ വാദമുഖങ്ങൾകൂടി കേട്ടു് ആവശ്യമെന്നു കണ്ടാൽ വേണ്ട ഭേദഗതി വരുത്തുവാൻ തയാറാകേണ്ടതാണ്. അല്ലാതെ അനാവശ്യമായ വഴക്കും വക്കാണവും ഉണ്ടാകേണ്ട ആവശ്യമില്ലെന്നാണ് എൻെറ എളിയ അഭിപ്രായം. സൗമനസ്യവും ഒത്തുതീർപ്പും പ്രദർശിപ്പിക്കുന്നതു അപമാനകരമല്ല. അതിനുള്ള പതനം ഒരിക്കലും കഴിഞ്ഞുവെന്നു് വിചാരിക്കേണ്ടതുമില്ല. ഈ രാജ്യത്തെ ഒരു വലിയ വിഭാഗത്തിനു് ഈ പദ്ധതിയിലെ വ്യവസ്ഥകളെപ്പററി വലിയ ആശങ്കകളുണ്ടു്. അവർ കത്തോലിക്കർ മാത്രമല്ലെന്നും നാം ധരിക്കണം. എല്ലാജാതിയിലും മതത്തിലുംപെട്ട അനേകം മാനേജർമാരും ഈ പദ്ധതിയെ എതിർക്കുന്നുണ്ടു്. മിസ്റ്റർ ഞാളൂരി രാമകൃഷ്ണപിള്ള അവരിൽ ഒരാളാണ്. ജാതി,മത, വർഗ്ഗചിന്തകൾവെടിഞ്ഞു നാം രാജ്യനന്മയെ കരുതി നിഷ്പക്ഷബുദ്ധിയോടുകൂടി ചിന്തിക്കണം. രാജ്യനന്മയ്ക്കു് ആവശ്യമെങ്കിൽ ഈ പദ്ധതി പാടേ മാററുന്നതിനും നാം മടിക്കേണ്ടതില്ല." ശ്രീ തയ്യിൽ കുഞ്ഞിത്തൊമ്മൻ, ശ്രീ സി. വി. ഇയ്യു, ശ്രീ അമ്പുക്കൻ തുടങ്ങി മററുപല മെമ്പറന്മാരും ഇതുപോലെ എതിരഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി.

ഒടുവിൽ വിദ്യാഭ്യാസമന്ത്രി ചർച്ചകൾക്കെല്ലാം മറുപടിപറഞ്ഞു. അതിൽ സംഗതമായ ഭാഗം ഇങ്ങനെയായിരുന്നു: "അദ്ധ്യാപകൻെറ പട്ടിണി അകററാനും ദാരിദ്ര്യം നീക്കാനും തയാറാക്കിയ ഈ പദ്ധതിയെ എല്ലാവരും സ്വാഗതം ചെയ്യും. പദ്ധതി മാനേജർമാരുടെ അവകാശങ്ങളിൽ കൈവയ്ക്കുന്നില്ല. ആരുടെ അവകാശത്തെയും ഹനിക്കുന്നില്ല. 750-തുപരം പ്രൈവററുസ്കൂളുകൾ ഉള്ളതിൽ 400-തുപരവും പണമടച്ചു. അതിൽ ഒരു നല്ല ഭാഗത്തിനു ശമ്പളം നടത്തിക്കഴിഞ്ഞു. ഇപ്പോൾ പറയുന്ന 80 ശതമാനവ്യവസ്ഥ മാററണമെന്നു്. ഇതിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. നേരത്തെ ഗവമ്മെൻറുചെയ്ത ചില വിട്ടുവീഴ്ചകളുടെ പേരിൽ ഗവമ്മെൻറിനെ കഴുതയാക്കാൻ വിചാരിച്ചാൽ അതു സാദ്ധ്യമല്ല. ഒരു പീടിക എന്നതുപോലെ ഇഷ്ടമുള്ളപ്പോൾ തുറക്കാനും അടയ്ക്കാനും ഉള്ളതല്ലാ വിദ്യാലയം. വിദ്യാലയം അടയ്ക്കണമെന്നുണ്ടെങ്കിൽ നോട്ടീസ് നേരത്തെ നൽകിയിരിക്കണം. മൂന്നുകൊല്ലം മുമ്പേ നോട്ടീസുനൽകാതെ സ്കൂൾ അടയ്ക്കാവുന്നതല്ല എന്നൊരു ഭേദഗതി ഇവിടത്തെ വിദ്യാഭ്യാസകോഡിൽ വരുത്തിയിരിക്കുന്നു. മൗലികമായ ഒരു ചുമതല ഗവമ്മെൻറിനുണ്ടു്. അനാവശ്യമായ എതിർപ്പോ നിസ്സഹകരണമോ കൊണ്ടു് ഭരിക്കുകയെന്ന അതിൻെറ ചുമതല നിർവ്വഹിക്കുന്നതിൽനിന്നും ഗവമ്മെൻറിനെ വ്യതിചലിപ്പിക്കുക സാദ്ധ്യമല്ല. ഈ പപദ്ധതി ഉജ്ജ്വലമായി നടപ്പിൽ വരുത്തുമെന്നു അസന്ദിഗ്ദ്ധമായി അറിയിച്ചുകൊള്ളുന്നു. ഈ ഗവമ്മെൻറിനു് ഉശിരും ധൈര്യവുമില്ലെന്നാണ് മിസ്റ്റർ പട്ടം അധിക്ഷേപിച്ചതു്. ഉശിരുണ്ടാക്കാൻ ആരുടേയും ഉപദേശം ഇവിടെ വേണ്ട." മന്ത്രിയുടെ ഈ പ്രസംഗം "പതിവിൽകവിഞ്ഞ ഉച്ചത്തിൽ ഗംഭീരസ്വരത്തിലായിരുന്നു" എന്നാണ് പത്രറിപ്പോർട്ടിൽ കണ്ടതു്. പ്രസംഗത്തിൻെറ അർത്ഥം സ്പഷ്ടമാണല്ലോ. നവംബർ 2-ലെ പ്രസ്നോട്ടിൽ കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകളിൽനിന്നു് വരണ്ണംപോലും മാറാൻ, യാതൊരു വിട്ടുവീഴ്ചയ്ക്കും, സാദ്ധ്യമല്ലെന്നു് സ്പഷ്ടമാക്കിയിരിക്കുന്നു.

### ഗവമ്മെൻറു ഭാഗത്തുനിന്നാണ് അന്ത്യശാസനം

ഇതെല്ലാം കഴിഞ്ഞു്, നവംബർ 10-ാംനു-, കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാർ സമ്മേളിച്ചു് സംയുക്തപ്രസ്താവന പുറപ്പെടുവിച്ചു. അതിൽ ആഗസ്റ്റ് 19 ലേയും നവംബർ 2-ലേയും ഗവമ്മെൻറു് തീരുമാനങ്ങൾ കത്തോലിക്കാസഭയിലെ അനുപേക്ഷണീയങ്ങളായ വിദ്യാഭ്യാസാവകാശങ്ങൾക്കു് വിപരീതമായിരിക്കുന്നതിലുള്ള കുണ്ഠിതം ആദ്യമായി രേഖപ്പെടുത്തി. ഫീസ്പിരിവിൻെറ യാതൊരംശവും ഡിപ്പാർട്ടുമെൻറിൻെറയോ ഗവമ്മെൻറിൻെറയോ പേരിൽ ഖജനാവിൽ അടയ്ക്കണമെന്നു് ഉത്തരവിടാൻ ഗവമ്മെൻറിനു് അവകാശമില്ലെന്നുള്ള ബോദ്ധ്യവും രേഖപ്പെടുത്തി. അദ്ധ്യാപകനിയമനം സംബന്ധിച്ചുള്ള ലിസ്റ്റിൻെറ കാര്യവും സ്വീകാര്യമല്ലെന്നുപറഞ്ഞു. ഇതിൻെറയെല്ലാം കാരണങ്ങളും സൂചിപ്പിച്ചു. അദ്ധ്യാപകരുടെ ശമ്പളം കൂട്ടാനും മററുമുള്ള ഗവമ്മെൻറിൻെറ ശ്രമത്തെ സ്വാഗതംചെയ്യുന്നതോടുകൂടി, കത്തോലിക്കാസഭയുടെ വിദ്യാഭ്യാസാവകാശങ്ങളെ ലംഘിക്കാതെയും നിലവിലിരിക്കുന്ന ചട്ടങ്ങൾക്കു യോജിച്ചവിധത്തിലും പ്രസ്തുത ശ്രമം നടപ്പിൽവരുത്താൻ മററു മാർഗ്ഗങ്ങളുണ്ടെന്നു ചൂണ്ടിക്കാണിച്ചു. എന്നുവരികിലും ഗവമ്മെൻറുമായി ഒത്തുതീപ്പിൽ എത്തണമെന്നുള്ള മനസ്ഥിതിയാലും അദ്ധ്യാപകക്ഷേമത്തിനുള്ള ഔൽസുക്യത്താലും ഫീസിൻെറ 80 ശതമാനം, താല്ക്കാലികവും പരീക്ഷണാർത്ഥവും എന്ന നിലയിലും പ്രതിഷേധത്തോടുകൂടിയും, കെട്ടിവയ്ക്കാമെന്നു സമ്മതിച്ചു. ഈ കെട്ടിവയ്പുകൊണ്ടു് ഫീസ് പിരിവ് ഗവമ്മെൻറിൻെറ വകയാണെന്നു വ്യാഖ്യാനിക്കാവുന്നതല്ലെന്നു് ഒരു ഉപാധിയും ചേത്തു. എന്നാൽ അദ്ധ്യാപകനിയമനകാര്യത്തിൽ ഇപ്പോഴുള്ളതിൽ കൂടുതൽ യാതൊരു നിയന്ത്രണവും ഗവമ്മെൻറു് ചെലുത്തുന്നതു് സമ്മതമല്ലെന്നു പറഞ്ഞു.

വസ്തുതകൾ ഇങ്ങനെയിരിക്കെ "അഭിമാനക്ഷയംകൂടാതെ വിട്ടുവീഴ്ചകൾ ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗം ഗവമ്മെൻറിനും, പരാജയംകൂടാതെ പിൻമാറുന്നതിനുള്ള ഒരു മാർഗ്ഗം തങ്ങൾക്കും ഇല്ലാത്തവിധത്തിൽ ഒരു അന്ത്യശാസന"മാണ് വൈദികാദ്ധ്യക്ഷന്മാരുടെ നവംബർ 10-ലെ പ്രസ്താവനവഴിയായി പുറപ്പെട്ടതെന്നു പറയുന്നതു് യാഥാർത്ഥ്യത്തിനു യോജിക്കുന്നതെങ്ങനെ? വാസ്തവത്തിൽ അന്ത്യശാസനം ഗവമ്മെൻറു് ഭാഗത്തുനിന്നാണ് പുറപ്പെട്ടതെന്നു് വിദ്യാഭ്യാസമന്ത്രിയുടെ തലേദിവസത്തെ നിയമസഭാപ്രസംഗം തന്നെ തെളിയിക്കുന്നില്ലയോ? (തുടരും)

# ബസ്സ് ബസ്സ്

(തോമസ് സിബാസ്റ്റ്യൻ

ബി. എ. എൽ. ററി.)

"ബസ്സ് ബസ്സ്" എന്ന ശീർഷകം കണ്ടപ്പോൾ എന്താണാവോ നിങ്ങൾ ഊഹിച്ചതു്? മേലെഴുത്തു കണ്ടാൽ ലേഖനത്തിലെ ആശയം ഊഹിക്കാൻ കഴിയുമെങ്കിൽ അതു പു. സ. അല്ലതന്നെ. ലേഖനം മുഴുവൻ രണ്ടുമൂന്നാവർത്തി വായിച്ചിട്ടും ആശയം കിട്ടുന്നില്ലെങ്കിലോ അസ്സൽ പുരോഗമന സാഹിത്യമാണതു്. യാഥാസ്ഥിതിക മണ്ടശിരോമണികൾക്കിതൊന്നു മറിഞ്ഞുകൂടാ.

ബസ്സ് ബസ്സ് എന്നു കണ്ടപ്പോൾ ചിലർ വിചാരിച്ചു ബസ്സ് മറിഞ്ഞ കഥ പറയാൻ പോകുകയാണെന്നു്, ബസ്സുയാത്രയുടെ അപകടങ്ങൾ വർണ്ണിക്കുവാൻപോകുകയാണെന്നു്, അതിൻെറ പ്രയാസങ്ങൾ വിസ്തരിക്കാൻ തുടങ്ങുകയാണെന്നു്, പരിഷ്കാരങ്ങൾ നിർദ്ദേശിക്കാൻ ഭാവിക്കുകയാണെന്നു്. ഇതൊന്നുമല്ല ഞാൻ പറയാനുദ്ദേശിച്ചതു്. അതൊക്കെ എന്തിനു പറയണം? ആരു കേൾക്കാൻ?

ഹിന്ദിയിൽ ബസ്സ് എന്നൊരു പദമുണ്ടു്. മതി എന്നാണതിൻെറ അർത്ഥം. "ബസ്സ് ബസ്സ്" എന്നു പറഞ്ഞാൽ മതിമതി എന്നർത്ഥമാകാം. ബസ്സു മതി എന്നും പറയരുതോ? ബസ്സുമതി എന്നു പറയുമ്പോൾ ആവശ്യമുള്ളിടത്തോളം ബസ്സ് ഇപ്പോഴുണ്ടു്, ഇനി കൂടുതൽ ബസ്സ് ആവശ്യമില്ല എന്നു തോന്നും ചിലർക്കു്. അങ്ങനെ പറയാൻ ആളല്ല ഞാൻ.

ഞാനുദ്ദേശിക്കുന്നതു ഇതാണു്. ബസ്സു മതി യാത്രക്കാരുടേയും വഴിയിൽ കാണുന്നവരുടേയും ജീവഹാനി വരുത്താൻ. ബസ്സു മതി യാത്രക്കാരുടെ ആരോഗ്യം നശിപ്പിക്കാൻ. ബസ്സു മതി ബി. സി. ജി കുത്തിവയ്പിനെ തോല്പിക്കാൻ. ബസ്സു മതി ക്ഷയരോഗത്തെ ജയിപ്പിക്കാൻ. ബസ്സു മതി റേഷൻ കാർഡിനെ പരിഹരിക്കാൻ. ബസ്സു മതി തെരഞ്ഞെടുപ്പിൽ പാർട്ടിയെ ജയിപ്പിക്കാൻ. ബസ്സു മതി അവരെ തോല്പിച്ചു തെറ്റിപ്പിക്കാൻ. ഇത്യാദിയാണു് എൻെറ വിചാരത്തിൻെറ പോക്കു്.

കൃസമ്പ്രദായം തുടങ്ങിയ ആഴ്ചയിൽ ഞാൻ തിരുവനന്തപുരം ബസ്സ്സ്റ്റാൻറിൽ നിന്നു വടക്കോട്ടു ബസ്സു കയറാൻ അരക്കെ നോക്കി. ക്യൂവിൽ ഞാനും സ്ഥാനം പിടിച്ചു. ഇരിക്കാൻ സീററു കിട്ടത്തക്കവണ്ണം മുന്നണിയിൽതന്നെ. നിന്നാൽ കുനിഞ്ഞുനിൽക്കാതെ തരമില്ല. എന്തൊരു മുഢിമുട്ടു്. അതു കൊണ്ടാണല്ലോ പൊങ്ങിയതിൻെറ ഒക്കെ തലവെട്ടി സമത്വം സ്ഥാപിക്കാൻ ചിലർ വെമ്പൽ കൊള്ളുന്നതു്. അന്നെനിക്കു നിന്നു യാത്രചെയ്യാൻ സാധിക്കും.

വളരെനേരം കാത്തുനിന്നപ്പോൾ "ബസ്സ് ബസ്സ്" എന്നൊരു ശബ്ദവും പുറകിൽ നിന്നൊരു ചാട്ടും. എൻെറ മുൻപിൽ നിൽക്കുന്നതൊരു സ്ത്രീ. ഒൻപതുമാസത്തെ ഏകാന്തതടവു കഴിഞ്ഞു സ്വാതന്ത്ര്യം ലഭിക്കാൻ വെമ്പൽകൊള്ളുന്ന ഒരു കുഞ്ഞു അവളുടെ മുൻപിൽ. രണ്ടുമൂന്നു വയസ്സു പ്രായംവരുന്ന ഒരു കുട്ടി ഇടത്തെ എളിയിൽ. ഒരു ഭാരമുള്ള തുണിക്കെട്ടു തലയിൽ. ഞാനെന്തുചെയ്യണമെന്നാണു് നിങ്ങൾ പറയുന്നതു? ഞാൻ വലതുവശത്തേക്കു പെട്ടെന്നു വെട്ടിമാറി. അല്ലെങ്കിൽ തലവുകാരൻ ഉടൻ തഴവു ചാർജ്ജമായിരുന്നു. അവളും മിടുക്കിയാണു്. അവൾ ഇടതുവശത്തേക്കു ഉടൻ വെട്ടിമാറിക്കൊണ്ടു് അവിടെ നിന്ന വക്കാക്കു നിശ്ചയമില്ലാത്ത ഭാഷയിൽ ഉച്ചത്തിൽ എന്തൊക്കെയോ പറഞ്ഞു. ശകാരമായിരുന്നു എന്നാണെൻെറ ഊഹം. പക്ഷെ എന്നെ ആയിരിക്കയില്ല. മലയാളികൾക്കു മര്യാദയില്ലല്ലോ മറേറാ ആയിരിക്കണം അവൾ പറഞ്ഞതു്.

* * *

ഒരു ദിവസം ഞാൻ കോട്ടയം ബസ്സ്സ്റ്റാൻറിലെത്തി, തെക്കോട്ടു ബസ്സുകയറാൻ. അവിടെ ചില "വച്ചുകെട്ടുകൾ" കണ്ടു. ചവുട്ടുന്ന പശുവിനെ കറക്കാനുള്ള "ഇടുക്ക"പോലെ. അതിൻെറ ആവശ്യം അന്വേഷിച്ചപ്പോഴറിഞ്ഞു ചവുട്ടുന്ന മനുഷ്യരെ പതത്തിനു നിറുത്തി ബസ്സിലാക്കിക്കൊണ്ടു പോകാനാണെന്നു്. "ചങ്ങനാശ്ശേരി" എന്ന ബോർഡു തൂക്കിയിരുന്ന "ബ്ലാക്കുഹോളി"ലേക്കു ഞാൻ കയറി ഒന്നാംസീററു ബുക്കുചെയ്തു. പുറകിൽ ആളുകൾ കയറി തിക്കിത്തുടങ്ങി. 45 മിനിററു അവിടെ വടിപോലെനിന്നു. കുട്ടികളെ ക്ലാസ്സിൽ നിറുത്തുന്ന അദ്ധ്യാപകന്മാരെ മനസാപഴിച്ചു. ദേഹമാസകലം വിയർത്തു. മുണ്ടും ജുബായും നനഞ്ഞു. വിയർപ്പുകൊണ്ടാണു്, കേട്ടോ. ശ്വാസോച്ഛ്വാസം ഒരു തരത്തിൽ നടന്നു. മുക്കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ ഒരു വിദ്വാൻവന്നു "ചങ്ങനാശ്ശേരി" ബോർഡു എടുത്തു വേറേ ഒരു ബ്ലാക്കുഹോളിൽവച്ചു. ഞങ്ങൾ ഇറങ്ങി പുതിയ മാളത്തിലേക്കു കയറിയപ്പോൾ "ഏലാൻ" കയറിനിന്ന ഞാൻ 47-ാമനായി "The first may be the last and the last may be the first" (മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരുമാകും) എന്ന ബൈബിൾ വാക്യമാണു് അപ്പോൾ എൻെറ ചിന്തയിൽ ഉദിച്ചതു്. പിന്നീടാണു് കാര്യം മനസ്സിലായതു്. ബസ്സിലെ ജോലിക്കാരിൽ ഒരാളുടെ മച്ചമ്പി 47-ാമനായി ക്യൂവിൽവന്നതുകൊണ്ടാണീ തകിടംമറിച്ചിലുണ്ടായതെന്നു്.

* * *

അന്നുച്ചകഴിഞ്ഞു അഖിലതിരുവിതാംകൂർ പ്രൈവററു് സ്കൂൾ അദ്ധ്യാപക സംഘത്തിൻെറ പൊതുയോഗം തിരുവല്ലായിൽവച്ചു നടക്കുന്നു. കാലത്തു എക്സിക്യൂട്ടീവ് കൗൺസിൽ മീററിങ്ങുമുണ്ടു്. പത്തുമണിക്കു കൗൺസിൽ മീററിങ്ങു്. ഞാൻ 9 മണിക്കു ചങ്ങനാശ്ശേരി ബസ്സ്സ്റ്റാൻറിൽ എത്തി. 12½ മണിവരെ ശ്രമിച്ചു. പല വണ്ടികളും വന്നുപോയി പല യാത്രക്കാരും വരികയും ആ വണ്ടികളിൽതന്നെ പോകുകയും ചെയ്യുന്നതു കണ്ടു. ഇടിക്കാനും ഇടികൊള്ളാനും വയ്യാത്തതു എൻെറ ഒരു കുറവായി എനിക്കു അനുഭവപ്പെട്ടു. എൻെറ നിസ്സഹായാവസ്ഥ ഞാൻ ബുക്കിങ്ങു് ആഫീസരെ അറിയിച്ചു. ആ കരുണാനിധി പറഞ്ഞു, "ആകട്ടെ ഊണുകഴിച്ചുവാ. കാര്യം പറയാം" എന്നു്. ഊണുകഴിഞ്ഞു തിരിച്ചെത്തി. ആദ്യംവന്ന വണ്ടിയിലെ കണ്ടക്ടറോടു അങ്ങേരു എന്തോ മന്ത്രിച്ചു. അവിടെ ഇറങ്ങേണ്ടവരെ ഇറക്കി. കയറേണ്ടവരെ കയററുന്നതിൻെറ പ്രാരംഭമായി സ്ത്രീകളെ കയററി.രണ്ടു പാണ്ടിച്ചികൾ. "സ്ത്രീകളുടെകൂടെ വന്നവർ ഇനി കയറട്ടെ" എന്നുള്ള ആജ്ഞയും എന്നെ ഒരു നോട്ടവും ഒപ്പം കഴിഞ്ഞു. ഞാൻ ചാടി കയറി. അങ്ങനെ "പാണ്ടിപ്പെണ്ണുങ്ങളുടെകൂടെ വന്നവനാ"യി യാത്രചെയ്തു.

ഹാ എത്ര പരിഷ്കൃതം നമ്മുടെ ഗതാഗതമാർഗ്ഗങ്ങൾ ബസ്സ്, ബസ്സ്.

## ഇടവകവാർത്തകൾ

മുതലക്കോടം: ആരക്കുഴ, മൈലക്കൊമ്പു് എന്നീ ഫൊറോനാകളിൽ പെട്ട 21 പള്ളികളിലെ ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളും സത്യാരാധനാ സമിതിയംഗങ്ങളും യോജിച്ചു് മാർച്ചു് 4-ാംനു- കാലത്തു 10 മണിക്കു് തെനങ്കുന്നു പള്ളിയിൽനിന്നും മുതലക്കോടം പള്ളിയിലേക്കു് ഒരു പരിഹാരപ്രദക്ഷിണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു. അന്നുതന്നെ ഉച്ചതിരിഞ്ഞു് റവ. ഫാ. ലിയോ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുന്നതും അതിൽ ബ്രദർ പീററർ റെസ്റ്റി ശ്രീ കെ. എം. ജോർജ്ജു് ബി. എ. ബി. എൽ എന്നിവർ പ്രസംഗിക്കുന്നതുമാണു്.

—ഇരിങ്ങാലക്കുടയിലും പരിസരങ്ങളിലുമുള്ള വിൻസെൻറ ഡി പോൾ കോൺഫറൻസുകൾ ചേർന്നു് വെരി റവ. ഫാ. ജോർജ്ജു് ചിറമലിൻെറ അദ്ധ്യക്ഷതയിൽ ഇരിങ്ങാലക്കുട കേന്ദ്രമായി ഒരു പർട്ടിക്കലർ കൗൺസിൽ രൂപീകരിച്ചിരിക്കുന്നു.

—കുണ്ടൂർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ വാർഷികം ഫെബ്ര. 3-ാംനു-പാറയിൽ ബ. യൗസേപ്പച്ചൻെറ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. റവ. പോൾ പുല്ലാക്കാരൻ, ശ്രീ എ. പി. ജോൺ എന്നിവർ ഓരോ പ്രസംഗം ചെയ്തു.

—ചമ്പക്കുളം: കല്ലൂർക്കാട്ടു സെൻറ് വിൻസെൻറ് ഡി പോൾ സെൻറ് മേരീസ് കോൺഫറൻസിൻെറ പ്രഥമവാർഷികം ഫെബ്രുവരി 11-ാംനു- ശ്രീ പി. സി. ജോസഫ് ബി. എ. ബി. ഇ. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ശ്രീ ററി. സി. ചാക്കോ ബി. എ. എൽ. ടി. തദവസരത്തിൽ ഒരു പ്രസംഗം ചെയ്കയുണ്ടായി.

—മാൻവെട്ടം: ഫെബ്രുവരി 10-ാംനു- കൂടിയ മിഷൻലീഗുസമ്മേളനത്തിൽ റവ. ഫാ. ജേക്കബ് പുത്തേഴം ആദ്ധ്യക്ഷം വഹിക്കുകയും റവ. ഫാ. മാത്യു പട്ടർവടം, മെ. ജോസഫ് ഞാറക്കാട്ടിൽ, ഔസേപ്പു് പി. കാട്ടാത്തു് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—കുത്യതോട്ട പഴയപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സി. വൈ. എം. എ., സൊഡാലിററി, വേദോപദേശ സംഘം തുടങ്ങി വിവിധ കത്തോലിക്കാ സംരംഭങ്ങളുടെ ഒരു സംയുക്തവാർഷികം ഫെബ്രുവരി 11-ാംനു- റവ. ഫാ. പപ്പിയാസ് സി. ഡി. ബി. എ. എൽ ടി അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ശ്രീ സി ടി. പീററർ ബി. എ. ബി. എൽ. പ്രസംഗിച്ചു.

—കരാഞ്ചിറ ഇടവകവികാരിയും "മേരിവിജയം" പത്രാധിപരുമായ റവ. ഫാ. ജേക്കബ്ബ് ചെമ്മണ്ണൂർ ബി. എ. മുക്കാട്ടുകരയ്ക്കു സ്ഥലം മാറുന്നതുപ്രമാണിച്ചു ഇടവകയിലെ വിവിധസ്ഥാപനങ്ങളുടെ വകയായി യാത്രയയപ്പുകൾ നല്കിയിരിക്കുന്നു.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ അസാദ്ധ്യകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എന്നു ഗണപതിപ്ലാക്കൽ

തൊമ്മൻ മാത്യു, ഉപ്പുതറ, ബോണാമി

---

—കുടക്കച്ചിറ പള്ളിവികാരി വെരി റവ. ഫാ. തോമസ് മണക്കാട്ടു് അവർകൾ കുറവിലങ്ങാട്ടേക്കു സ്ഥലംമാറുന്നതുപ്രമാണിച്ചു അദ്ദേഹത്തിനു് ഒരു യാത്രയയപ്പു നല്കിയിരിക്കുന്നു.

—നെട്ടൂർ: വെരി റവ. ഫാദർ ആൻറണി റിബെരോ അവർകളുടെ രക്ഷാധികാരത്തിൽ നടന്നുവരുന്ന കാത്തലിക്കു് സെർവീസ് ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ 1951 ഫെബ്രുവരി 25-ാംനു- ഞായറാഴ്ചമുതൽ എല്ലാ ഞായറാഴ്ചയും വൈകുന്നേരം 4-30 നു് നോമ്പുകാലപ്രസംഗങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഫെ: 25-ാംനു- പ്രാസംഗികൻ തേവര കോളെജു് പ്രിൻസിപ്പാൾ റവ. ഫാദർ തെയോഡീഷ്യസ് ടി. ഒ. സി. ഡി. എം. എ. ആയിരിക്കും.

—ചാത്യാത്തു സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ദ്വിതീയ വാർഷികം ഫെബ്രുവരി 18-ാംനു- വെരി റവ. മോൺ. ജോർജ്ജു് നെടുംപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാ. ജോസഫ് ഇല്ലിപ്പറമ്പിൽ ബി. എ., മി. സി. എൽ. ആൻറണി എം. എ. എന്നിവർ ഓരോ പ്രസംഗംചെയ്തു.

### ചരമം

വല്ലം പള്ളി ഇടവക പാറപ്പുറം ചെറിയ ദേവസ്സി അവർകൾ 60-ാമത്തെ വയസ്സിൽ ഫെബ്രുവരി 11 ാം തീയതി നിര്യാതനായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം റവ ഫാ. പൗലോസ് പാറപ്പുറം അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

—പിഴല ഇടവക പൊക്കത്തു് ബസ്യോൻ അവർകളുടെ ഭാര്യ ശ്രീമതി റോസ ഫെബ്രുവരി 17 ാം തീയതി 84-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.


## ഫെഡറൽ ബാങ്ക് ലിമിററഡ്

### ആലുവാ

എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി

15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററുകൾക്കുള്ള പലിശ 4 ശതമാനത്തിൽനിന്നും 3 ശതമാനമായി കുറവുചെയ്തിരിക്കുന്നു. മുൻഡെപ്പോസിററുകാർക്കു് കൂടിയ നിരക്കിലുള്ള പലിശ തുടന്നു് ലഭിക്കുന്നതാണു്.

മാനേജിംഗ് ഡയറക്ടർ


## "ഇതാ! മനുഷ്യൻ"

("കഹാടക്ഷം, ഉഠായേംഗം ജീദയ".....

എ. മ. "ആർസു")

ഇതാ! മനുഷ്യൻ ഹാ! ഹാ! നോക്കൂ!
ഉണ്ടോ ഇതുപോലെ, ഒരു രൂപം?
അഹോ! തകരും ഹൃദയമതും
ശിലകൾപോലും അലിയുമയ്യോ!

1. രുധിരമാകെ-ചെയ്യാകെ
ധാരയായി ഒഴുകി ഭീയോടെ
ഇതാ! നിൽപ്പൂ! മനുജനാണോ?
ശോകം ഉടൽപൂണ്ട
രൂപം താനോ? (ഇതാ! മനു...

2. ഇനിയുമില്ല-കാരുണ്യം
ആളി ആളിപ്പുകയും പകയോടെ
ക്രൂരയൂദർ പരിഹാസം
പകർന്നിടുന്നു
ഹീനമെ! ഹീനം (ഇതാ! മനു...

3. പതിതരാം നാം—ഒന്നാകെ
ഘോര ഘോരമിതു ചെയ്ത
ഘാതകർ!!
വൃഥാ! പഴി—നാം-
കരഞ്ഞിടേണം
പാപ നിവഹം-
വെടിഞ്ഞിടേണം. (ഇതാ! മനു...

(ഫാ. ജേക്കബ്ബ കല്ലറയ്ക്കൽ.)

## ഹൈസ്കൂൾ വാർഷികം

എറണാകുളം സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂൾ സാഹിത്യസമാജത്തിൻെറ വാർഷികവും രക്ഷാകർത്തൃദിനവും ഫെബ്രുവരി 18-ാംനു- എറണാകുളം ലാകോളെജു് പ്രിൻസിപ്പാൾ ശ്രീ കെ. നാരായണൻബി. എ. ബി. എൽ.അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ശ്രീ പി. കുഞ്ഞികൃഷ്ണമേനോൻ ബി. എ. ബി. ഒ. എൽ തദവസരത്തിൽ ഒരു പ്രസംഗംചെയ്തു. യോഗാനന്തരം വിദ്യാർത്ഥികൾ "ഇരട്ടമരണം" എന്ന പ്രഹസനം അഭിനയിക്കയുണ്ടായി.

---

## വിനോദവീഥി

പുതിയ വേലക്കാരനോടു വീട്ടുടമസ്ഥൻ ചോദിച്ചു, പശുവിനെ കറക്കാൻ അറിയാമോയെന്നു്. "അറിയാം" എന്നവൻ കൂസലെന്യേ മറുപടിപറകയാൽ ഉടമസ്ഥൻ തൊഴുത്തു കാണിച്ചുകൊടുത്തുകൊണ്ടു പറഞ്ഞു: "പത്തു പശുക്കളുണ്ടു്. ഞാൻ വരുമ്പോഴേക്കും എല്ലാത്തിനേയും കറന്നിരിക്കണം."

അല്പംകഴിഞ്ഞു് അദ്ദേഹം വന്നു ചോദിച്ചു: "പശുക്കളെ കറന്നുകഴിഞ്ഞോ?"

വേലക്കാരൻ: "എട്ടെണ്ണത്തിനെ കറന്നുകഴിഞ്ഞു. പക്ഷെ ഇപ്പോഴെനിക്കൊരു സംശയം. വല്ല ബക്കററോ പാത്രമോ ഉപയോഗിക്കണ്ടേ?"

* * *

പോളൻറിലെ ഒരു വൃദ്ധസ്ത്രീ സ്റ്റാലിൻെറ ഒരു ചിത്രം കണ്ടു് പറകയാണു്: "മാർഷൽ പിൽസുഡ്സ്കി, അങ്ങേക്കിത്ര വയസ്സായതെങ്ങനെ?"

അതു കേട്ട ഒരു കമ്മ്യൂണിസ്റ്റു ഉദ്യോഗസ്ഥൻ: "അതു പിൽസുഡ്സ്കിയല്ല, നമ്മുടെ നേതാവായ സ്റ്റാലിനാണു്."

സ്ത്രീ: "സ്റ്റാലിനോ? അതാരാണു്? അദ്ദേഹം നമുക്കുവേണ്ടി എന്താണു ചെയ്തിട്ടുള്ളതു്?"

ഉദ്യോഗസ്ഥൻ: "അദ്ദേഹമല്ലേ നമ്മെ ജർമ്മൻകാരിൽനിന്നു രക്ഷിച്ചതു്."

സ്ത്രീ: "അദ്ദേഹം നമ്മെ റഷ്യാക്കാരിൽനിന്നു എന്നാണാവോ രക്ഷിക്കാൻ പോകുന്നതു്?"

* * *

സന്ദർശകൻ: "ജോണി, നീങ്ങൾ എപ്പോഴാണു് ഊണുകഴിക്കാൻ പോകുന്നതു്?"

ജോണി: "അമ്മാവൻ പോയാലുടനെ."

# സത്യദീപം

പത്രാധിപന്മാർ

വെരി റവ മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 ‖ ERNAKULAM. 1951 FEBRUARY 21 ‖ No. 26


# കമ്മ്യൂണിസ്റ്റ്കാരുടെ ഒപ്പുശേഖരണതന്ത്രം

1950 മാർച്ചിൽ സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ക്ഹോമിൽ കൂടിയ കമ്മ്യൂണിസ്റ്റു നേതൃത്വത്തിലുള്ള, ലോകസമാധാന പ്രണേതാക്കളുടെ കോൺഗ്രസ്സിൽ ആററംബോംബ് നിയമവിരുദ്ധമാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് "സ്റ്റോക്കോം സമാധാനാഭ്യർത്ഥന" എന്ന നാമത്തിൽ ഒരു പ്രസ്ഥാനം ആരംഭിച്ചു. അഭ്യർത്ഥനാപത്രികയിൽ ഓരോ രാജ്യത്തിലേയും കഴിയുന്നിടത്തോളം അധികമാളുകളെക്കൊണ്ട് ഒപ്പുവയ്പിക്കുന്ന ഒരു പ്രസ്ഥാനമായി അതു പരിണമിച്ചു. ഈ ഒപ്പുവയ്ക്കൽ പ്രസ്ഥാനം കമ്മ്യൂണിസ്റ്റുകാർ വിദേശങ്ങളിൽ പലേടത്തും ഊർജ്ജിതമായി നടത്തിക്കൊണ്ടിരിക്കുകയാണ്. മോസ്ക്കോ റേഡിയോയുടെ പ്രക്ഷേപണമനുസരിച്ച്, ഈ സമാധാനാഭ്യർത്ഥനയ്ക്കു 115, 275, 940 സോവ്യററ് പൗരന്മാർ—അതായതു് സോവ്യററ് യൂണിയനിലെ പ്രായപൂർത്തിവന്ന സകലരും—ഒപ്പുവച്ചു കഴിഞ്ഞുവെന്നു് കഴിഞ്ഞ സെപ്ററംബർ 23-ാംനു ലണ്ടനിൽനിന്നുള്ള റോയിട്ടരുടെ കമ്പിസന്ദേശത്തിൽ കാണുകയുണ്ടായി. മററു പല നശീകരപ്രസ്ഥാനങ്ങൾപോലെ ഇതും ഭാരതത്തിൽ, എന്നല്ല കേരളത്തിലും, കടന്നുകൂടിയിരിക്കയാണ്. കമ്മ്യൂണിസ്റ്റാദർശങ്ങൾ സ്വീകരിക്കാത്തവരെന്നു ഭാവിക്കുന്നവരും സ്വീകരിക്കാത്തവരെന്നു ഗണിക്കപ്പെടേണ്ടവരുമായ കോൺഗ്രസ് നേതാക്കന്മാരിൽ തന്നെയും ചില പ്രമുഖന്മാർ ഈ പ്രസ്ഥാനത്തിൽ പ്രധാനഭാഗം വഹിക്കുവാൻ തയാറായിക്കാണുന്നതു് വിസ്മയനീയമായിരിക്കുന്നു.

## ഒപ്പുവയ്ക്കരുതെന്നു നെഹ്റു

ഈ പ്രസ്ഥാനം കമ്മ്യൂണിസം പ്രചരിപ്പിക്കുവാനുള്ള ഒരു തന്ത്രമാണെന്നു സംശയിക്കപ്പെടുന്നതിനാൽ പ്രസ്തുത സമാധാനാഭ്യർത്ഥനയിൽ ഗവമ്മെൻറുദ്യോഗസ്ഥന്മാർ ഒപ്പുവച്ചുകൂടാ എന്നു താക്കീതു നൽകിക്കൊണ്ട് ഇൻഡ്യാഗവമ്മെൻറിൽനിന്നും ഏതാനും ദിവസങ്ങൾക്കു മുൻപു് ഉത്തരവു പുറപ്പെടുവിച്ച വസ്തുത കഴിഞ്ഞ ലക്കത്തിലെ "വാർത്താപംക്തി"യിൽ ഞങ്ങൾ രേഖപ്പെടുത്തിയിരുന്നല്ലോ. തൽസംബന്ധം പണ്ഡിററു് നെഹ്റു ചെയ്ത ഒരു പ്രസ്താവം ഞങ്ങൾ ചേർത്തിരുന്നു: "നമ്മളാരും സ്റ്റോക്കോം അഭ്യർത്ഥനയിൽ ഒപ്പിടരുതെന്നാണ് എന്റെ അഭിപ്രായം. ആററംബോംബിനെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായം വ്യക്തമാണ്. എന്നാൽ സ്റ്റോക്കോം അഭ്യർത്ഥനയിൽ ചിലയാളുകൾ അവരുടെ പ്രത്യേകോദ്ദേശത്തിനുവേണ്ടി ഉപയോഗിക്കുന്ന ചില സംഗതികളും അടങ്ങിയിട്ടുണ്ട്" എന്നാണാ പ്രസ്താവം. തിരുവനന്തപുരത്തുനിന്നു ഒരു പത്രത്തിലേക്കു് അതിന്റെ സ്വന്തംലേഖകൻ ഈ ദിവസങ്ങളിൽ എഴുതി അയച്ചിരുന്ന താഴെക്കാണുന്ന കുറിപ്പും ശ്രദ്ധാർഹമാണ്: "സ്റ്റോക്കോം സമാധാനാഭ്യർത്ഥനയുടെ പേരിൽ ഇന്നാട്ടിൽ നടക്കുന്ന ഒപ്പിടുവിക്കൽപ്രസ്ഥാനത്തെ സൂക്ഷിക്കണമെന്നും, അതുവഴി സാധുക്കളേയും സാമാന്യജനങ്ങളേയും തെററിദ്ധരിപ്പിച്ചു കമ്മ്യൂണിസ്റ്റ് പ്രചരണമാണ് ഉൾനാടുകളിൽ വിശേഷിച്ചും നടക്കുന്നതെന്നും, നെടുമങ്ങാട്ടും മററും ഈയിടെ സന്ദർശിച്ചപ്പോൾ അതു മനസ്സിലാക്കാൻ കഴിഞ്ഞുവെന്നും ഡെമൊക്രാററിക് സോഷ്യലിസ്റ്റ് പാർട്ടിയിലെ ഒരംഗംകൂടിയായ ശ്രീ പൊന്നറ ശ്രീധരൻ ഒരഭിമുഖസംഭാഷണത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതു യഥാകാലം മനസ്സിലാക്കി ഈ പ്രസ്ഥാനത്തെ തടയാത്തപക്ഷം അചിരേണ വലിയ ആപത്തിനു് ഇടയാകുമെന്നും മിസ്റ്റർ ശ്രീധരൻ പ്രസ്താവിച്ചു. ഈ സമാധാന കമ്മിററിയുടെ ഇവിടത്തെ അദ്ധ്യക്ഷയാണ് ശ്രീമതി ആനിമസ്ക്രീൻ." കുറെ ദിവസങ്ങൾക്കു മുൻപു് തിരുവനന്തപുരത്തു നടന്ന പ്രദർശനത്തിൽ സന്ദർശകരായി വന്ന ആളുകളെക്കൊണ്ടു് ഒപ്പുവയ്പിക്കുന്ന കൃത്യം നിഷ്കർഷമായി നടത്തപ്പെട്ടുവെന്നും പത്രങ്ങളിൽ നാം വായിക്കുകയുണ്ടായല്ലോ.

## അമേരിക്കയിലെ ഇന്ത്യൻ ലേഖകൻ

മദ്രാസിലെ "ഹിന്ദു"പത്രത്തിന്റെ അമേരിക്കയിലെ ലേഖകനായ മിസ്റ്റർ ബാലരാമൻ ഈ സമാധാനാഭ്യർത്ഥനയേയും അതിൽ ഒപ്പുവയ്ക്കുന്നതിനേയും പുരസ്കരിച്ചു് ആ പത്രത്തിലേക്കു് ഈയിടെ ഇങ്ങനെ എഴുതിയിരിക്കുന്നു:

"ഇത്തവണത്തെ യു. എൻ. ഒ. യുടെ സമ്മേളനങ്ങളിൽ പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിലെ പ്രതിനിധികൾ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നതു്, റഷ്യ സമാധാനത്തിനുവേണ്ടിയും അമേരിക്ക യുദ്ധത്തിനുവേണ്ടിയും നിലകൊള്ളുന്നുവെന്ന ധാരണ സൃഷ്ടിക്കുവാനാണ്. റഷ്യൻ പ്രതിനിധിയുടെ ഒരു പ്രസ്താവം ഇതിനൊരു ദൃഷ്ടാന്തമായി പരിഗണിക്കാം. ഈയിടെ അവിടത്തെ ഇൻഡ്യൻ പ്രതിനിധി മിസ്റ്റർ നാഴ്സിംഗ്‌റാവു നൽകിയ ഡിന്നർ പാർട്ടിയിൽ അദ്ദേഹത്തോടടുത്താണ് റഷ്യൻപ്രതിനിധി വിഷിൻസ്കി ഇരുന്നിരുന്നതു്. റാവു വിഷിൻസ്കിയോടു ചോദിച്ചു: "1959-ൽ ലോകമഹായുദ്ധമുണ്ടാകുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?" എന്നു്. അതിനു് ആ സോവ്യററു് വിദേശകാര്യമന്ത്രി "ഞാൻ അങ്ങനെ വിചാരിക്കുന്നില്ല" എന്നു മറുപടി പറഞ്ഞു. "കുറഞ്ഞപക്ഷം ഒരു ഭാഗക്കാർ തീർച്ചയായും യുദ്ധം ആഗ്രഹിക്കുന്നില്ല" എന്നു തുടർന്നുപറഞ്ഞു. ഒരു ഭാഗക്കാർ എന്നതിന്റെ അർത്ഥം റഷ്യ എന്നാണല്ലോ. ഈ പ്രസ്താവം ഇപ്പോഴത്തെ ശീതയുദ്ധത്തിൽ റഷ്യ സ്വീകരിച്ചിരിക്കുന്ന സമാധാനാഭ്യർത്ഥനാപ്രസ്ഥാനത്തിന്റെ സ്വഭാവം ശരിക്കു തെളിയിക്കുന്നുണ്ട്. 'ഈ റിപ്പോർട്ടിൽനിന്നു് "സ്റ്റോക്കോം അഭ്യർത്ഥനയിൽ അവരുടെ പ്രത്യേകോദ്ദേശത്തിനുവേണ്ടി ഉപയോഗിക്കുന്ന ചില സംഗതികളും അടങ്ങിയിട്ടുണ്ട്" എന്ന നെഹ്റുവിന്റെ വാക്കുകളുടെ അർത്ഥം വിശദമാണല്ലോ. കടുത്ത സ്വേച്ഛാധിപത്യം നടമാടുന്ന കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ "ജനായത്ത രാജ്യങ്ങൾ" എന്നു സ്വയം വിളിക്കുന്നതുപോലെയാണ് ഈ ശീതയുദ്ധപ്രസ്ഥാനത്തെ സമാധാനാഭ്യർത്ഥന എന്നു് അതിന്റെ പ്രണേതാക്കളായ കമ്മ്യൂണിസ്റ്റ്കാർ വിളിക്കുന്നതു്.

## ഒപ്പുകാരൻ മനസ്സുമാററുന്നു

അമേരിക്കയിലെ ഒരു പ്രമുഖവ്യക്തിയായ, ന്യൂയോർക്കിലെ അഭിഭാഷകനും അമേരിക്കയിലെ മുൻ അസിസ്റ്റൻറു് അറേറാർണിജനറലുമായ, മിസ്റ്റർ ജോൺ റോഗ് (Rogge) "കമ്മ്യൂണിസ്റ്റ് പിൻതുണയുള്ള സ്റ്റോക്കോംസമാധാനാഭ്യർത്ഥനയിൽ" ഒപ്പുവച്ചവരിൽ ഒരാളാണെന്നു് പ്രസ്താവിച്ചുകൊണ്ടു് ആഗസ്റ്റ് 13-ാം തിയതിയിലെ റോയിട്ടർ സന്ദേശം ഇങ്ങനെ തുടരുന്നു: "അദ്ദേഹം തന്റെ മനസ്സു മാററിയിരിക്കുന്നു. പ്രേഗിൽ സമ്മേളിക്കാൻ പോകുന്ന "അഖിലലോക സമാധാനപ്രണേതാക്കളുടെ" യോഗത്തിൽ സന്നിഹിതനായി വടക്കൻ കൊറിയായെ ആക്രമണകാരിയെന്നു മുദ്രയടിക്കുവാൻ അവരോടാവശ്യപ്പെടുന്നതിനു് അദ്ദേഹം പോവുകയാണ്. അമേരിക്കയിലെ പ്രൊഗ്രസിവുപാർട്ടിയിലെ നാഷണൽ കമ്മിററിയംഗമായ ഇദ്ദേഹം പറഞ്ഞു, ഏതൊരു രാജ്യവും ആരുടെ പ്രേരണയാലും നടത്തുന്ന ആക്രമണത്തെ നിയമവിരുദ്ധമായി പ്രഖ്യാപിക്കണമെന്നു് സ്റ്റോക്കോം അഭ്യർത്ഥനയിൽ ആദ്യമായി ഒപ്പുവച്ചവരോടു് താൻ ആവശ്യപ്പെടുമെന്നു്. "ക്യാപ്പിററലിസമാണ് യുദ്ധങ്ങൾക്കു കാരണമെന്നുള്ള വിശ്വാസസത്യത്തെ ഞാൻ വെല്ലുവിളിക്കും" എന്നും അദ്ദേഹം പ്രസ്താവിച്ചു. തന്റെ നിർദ്ദേശം സ്വീകരിക്കപ്പെടുമെന്നു് തനിക്കാശയില്ലെന്നും "അവർ എന്നെ തള്ളി പുറത്താക്കുകപോലും ചെയ്തേക്കും" എന്നും അദ്ദേഹം തുടർന്നുപറഞ്ഞു. ഈ കഴിഞ്ഞ ആഴ്ചയിൽ നില ഭേദപ്പെടുത്തിയ പ്രമുഖരായ അമേരിക്കാക്കാരിൽ മൂന്നാമത്തെ ആളാണു് മിസ്റ്റർ റോഗ്." റോയിട്ടരുടെ ഈ സന്ദേശത്തിൽനിന്നും കാണാൻ കഴിയും, സ്റ്റോക്കോം സമാധാനാഭ്യർത്ഥനയുടെ ലക്ഷ്യം സോവ്യററു് റഷ്യയും അതിന്റെ പിടിയിലമർന്നിരിക്കുന്ന മററു കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളും സമാധാനത്തിനുവേണ്ടിയും, അമേരിക്കയും അതിനോടു ചേർന്നുനില്ക്കുന്ന പാശ്ചാത്യരാജ്യങ്ങളും യുദ്ധത്തിനുവേണ്ടിയും നിലകൊള്ളുകയാണെന്നു് ലോകമാസകലം മനുഷ്യരെ ധരിപ്പിക്കുകയാണെന്നു്; അങ്ങനെ സമാധാനകാംക്ഷികളായ ലോകരെ അമേരിക്കയ്ക്കു പ്രതികൂലികളും തങ്ങൾക്കു അനുകൂലികളുമാക്കിത്തിർക്കുകയാണെന്നു്.

## ഒപ്പുവയ്ക്കരുതെന്നു് ജർമ്മൻ കത്തോലിക്കർ

ജർമ്മനിയുടെ കിഴക്കേഭാഗം സോവ്യററുറഷ്യയുടെ പിടിയിലമർന്നു് കമ്മ്യൂണിസ്റ്റ് ഭരണത്തിൻ കീഴിലായിരിക്കുകയാണല്ലോ. ആ ഭാഗത്തു് ഏകദേശം 20 ലക്ഷത്തോളം കത്തോലിക്കരുണ്ട്. സ്റ്റോക്കോം സമാധാനാഭ്യർത്ഥനയിൽ അവരെക്കൊണ്ടും ഒപ്പുവയ്പിക്കുവാൻ കമ്മ്യൂണിസ്റ്റ്‌കാർ ശ്രമം ചെയ്തുകൊണ്ടിരുന്നു. അതിനെപ്പററി കഴിഞ്ഞ ആഗസ്റ്റ് 19-ലെ റോയിട്ടർ സന്ദേശത്തിൽ റിപ്പോർട്ടുചെയ്തിരുന്നതിങ്ങനെയാണ്:- "സോവ്യററു് മേഖലയിൽ എല്ലായിടത്തും കമ്മ്യൂണിസ്റ്റ്‌കാർ യോഗങ്ങൾ കൂടി "സകല വൈദികരോടും" മററുള്ളവരോടും സമാധാനത്തിനുവേണ്ടി സേവനം ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ടു് പ്രമേയങ്ങൾ ഇന്നു പാസാക്കി. കിഴക്കെ ജർമ്മനിയിലെ ഒരു ചെറിയ ഗണം പ്രോട്ടസ്റ്റൻറു വൈദികർ അഭ്യർത്ഥനയിൽ ഒപ്പുവയ്ക്കുകയും ഇടവകക്കാരോടു് അപ്രകാരം ചെയ്യുവാൻ ഉപദേശിക്കുകയും ചെയ്തു. റോമൻ കത്തോലിക്കാ നേതാക്കന്മാർ ജർമ്മൻ സോവ്യററു് മേഖലയിലെ 20 ലക്ഷം കത്തോലിക്കരോടു് ആജ്ഞാപിച്ചു, കമ്മ്യൂണിസ്റ്റ് പിൻതുണയുള്ള സ്റ്റോക്കോം സമാധാനാഭ്യർത്ഥനയിൽ ഒപ്പുവയ്ക്കരുതെന്നു്. പാശ്ചാത്യശക്തികളുടെ അധീനതയിലുള്ള ബർലിൻ ഭാഗത്തുനിന്നാണ് ഈ ഉത്തരവു് പ്രക്ഷേപണംചെയ്യപ്പെട്ടതു്. സോവ്യററു് മേഖലയിലുള്ള വൈദികർ സമാധാനാഭ്യർത്ഥനയാൽ "വഞ്ചിതരാകരുതെന്നു്" പ്രക്ഷേപണം മുന്നറിവുനൽകി. "സകല ക്രിസ്ത്യാനികളേയും നിരീശ്വരപരമായ കമ്മ്യൂണിസ്റ്റ്‌വലയിൽ കുടുക്കുവാനുള്ള ഒരു തന്ത്രമാണ് ഈ അഭ്യർത്ഥനയെന്നു്" അതിൽ പറഞ്ഞിരുന്നു. ഈ പ്രക്ഷേപണം "ഉന്നതങ്ങളായ കത്തോലിക്കാസ്ഥാനങ്ങളിൽനിന്നു" പുറപ്പെട്ടതാണെന്നാണ് പറയപ്പെട്ടതു്. ബർലിനിലെ മെത്രാനും ജർമ്മനിയിലെ തിരുസഭാദ്ധ്യക്ഷനുമായ കർദ്ദിനാൾ കൊനാർഡ്സ് തിരുമേനിയിൽനിന്നു നേരിട്ടുള്ള സന്ദേശമാണതെന്നു ബർലിനിലെ അനേകം വൈദികവര്യന്മാർ വിചാരിക്കുന്നു." റോയിട്ടർ സന്ദേശത്തിലെ ഈ വിവരങ്ങൾ ഏററവും ശ്രദ്ധാർഹങ്ങളാണല്ലോ. കമ്മ്യൂണിസ്റ്റ്‌കാരുമായി അടുത്തിടപെടുകയും അവരുടെ തന്ത്രങ്ങൾ ശരിക്കു മനസ്സിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവരാണ് ജർമ്മനിയിലെ കത്തോലിക്കർ. ആകയാൽ സ്റ്റോക്കോം സമാധാനാഭ്യർത്ഥനയെപ്പററി അവർ നൽകുന്ന വ്യാഖ്യാനം ഏററവും യഥാർത്ഥമാണെന്നു വിശ്വസിക്കുവാൻ ന്യായമുണ്ടു്. നെഹ്റുവിന്റെ മുന്നുദ്ധരിച്ച പ്രസ്താവത്തിന്റെ അർത്ഥം ഇപ്പോൾ കൂടുതൽ വ്യക്തമാകുന്നുണ്ടല്ലോ.

## റഷ്യ യുദ്ധത്തിനുവേണ്ടി നിലകൊള്ളുന്നു

കഴിഞ്ഞ ലോകമഹായുദ്ധത്തിനിടയ്ക്കു പേരിനുവേണ്ടി മാത്രം പിരിച്ചുവിട്ട കമ്മ്യൂണിസ്റ്റ് സാർവ്വദേശീയ സംഘടനയായ "കമിൻടേണി"നുപകരം യുദ്ധാനന്തരം റഷ്യയുടെ ആഭിമുഖ്യത്തിൽതന്നെ സ്ഥാപിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് സാർവ്വദേശീയ സംഘടനയായ "കമിൻഫോ"മിന്റെ ഒന്നാമത്തെ കോൺഗ്രസ്സിൽ ചെയ്തതും അതിന്റെ ഔദ്യോഗികറിപ്പോർട്ടുകളിൽ കൊള്ളിച്ചിട്ടുള്ളതുമായ പ്രസ്താവനകളിലൊന്നു് "ക്യാപ്പിററലിസ്റ്റ് അമേരിക്കായ്ക്കും കമ്മ്യൂണിസ്റ്റ് യൂറോപ്പിനും ഒരുമിച്ചു ജീവിക്കുവാൻ സാദ്ധ്യമല്ല" എന്നാണ്. ഇതിന്റെ അർത്ഥം റഷ്യയുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് യൂറോപ്പ് സമാധാനത്തിനല്ല, പ്രത്യുത യുദ്ധത്തിനുവേണ്ടിയാണു നിലകൊള്ളുന്നതെന്നാണല്ലോ. സോവ്യററു് റഷ്യയുടെ നയം ലെനിൻ പ്രഖ്യാപിച്ചിട്ടുള്ളതും, സ്റ്റാലിൻ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ളതും ഇങ്ങനെയാണ്: "സോവ്യററു് റിപ്പബ്ളിക്കിനു ദീർഘകാലം ഇമ്പീരിയലിസ്റ്റ് രാഷ്ട്രങ്ങളോടുചേർന്നു സ്ഥിതിചെയ്യുക അസാദ്ധ്യമാണ്. അവസാനത്തിൽ അവയിലൊന്നു മറേറതിനെ പിടിച്ചടക്കണം. അതിനിടയിൽ സോവ്യററു് റിപ്പബ്ളിക്കും ബൂർഷ്വാരാഷ്ട്രങ്ങളും തമ്മിൽ അനേകം ഭയങ്കരങ്ങളായ സംഘട്ടനങ്ങൾ ഉണ്ടായേകഴിയൂ." ഇതിന്റേയും അർത്ഥം സോവ്യററുറഷ്യ യുദ്ധത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നല്ലയോ? ഈ നിലയിൽനിന്നു സോവ്യററു് റഷ്യ ഒരിക്കലും വ്യതിചലിക്കയില്ലെന്നു് ലെനിന്റെ ശവമഞ്ചത്തിനടുത്തുനിന്നു് സ്റ്റാലിൻചെയ്ത ചരമപ്രസംഗത്തിൽ സത്യം ചെയ്തിട്ടുമുണ്ടു്. "അല്ലയോ ലെനിൻ സഖാവേ, ഞങ്ങൾ അങ്ങയോടു ശപഥം ചെയ്യുന്നതെന്തെന്നാൽ, കമ്മ്യൂണിസ്റ്റ് ഇൻറർനാഷണലിനെ വിസ്തൃതമാക്കുവാനും ശക്തിപ്പെടുത്തുവാനുംവേണ്ടി ഞങ്ങൾ ഞങ്ങളുടെ ജീവിതത്തെ പ്രതിഷ്ഠിച്ചുകൊള്ളാം." ഇതിന്റേയും അർത്ഥം സോവ്യററു്‌റഷ്യ യുദ്ധത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നല്ലയോ?

ഈ ശപഥമനുസരിച്ചാണ് കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം സൈനികശക്തി ഉപയോഗിച്ചു സ്റ്റാലിൻ കിഴക്കേയൂറോപ്പിലെ സ്വതന്ത്രരാജ്യങ്ങളെ സോവ്യററുറഷ്യയുടെ സാമ്രാജ്യവലയത്തിനുള്ളിൽ ബന്ധിച്ചുനിർത്തിയിരിക്കുന്നതു്. യുദ്ധാനന്തരം ജർമ്മൻ നാസികളുടെ പിടിയിൽനിന്നും പ്രസ്തുത രാജ്യങ്ങളെ വിമോചിപ്പിക്കുവാനെന്ന ഭാവേന സഖ്യകക്ഷിയുടെ സമ്മതപ്രകാരം സ്റ്റാലിൻ തന്റെ ചെമ്പടയെ ആ രാജ്യങ്ങളിൽ കാവൽനിർത്തി. പോളൻറിൽ 425,000; ഹംഗറിയിൽ 60,000; റുമേനിയായിൽ 275,000; ബൾഗേറിയായിൽ 55,0(0; യുഗൊസ്ലാവിയായിൽ 8 000; ചെക്കൊസ്ലൊവാക്കിയായിൽ 5000; ജർമ്മനിയിൽ 725,0υ0. രക്ഷിക്കുവാൻ നിർത്തിയ ഈ സൈന്യങ്ങളുടെ സഹായത്താൽ ആ രാജ്യങ്ങളെ സ്റ്റാലിൻ വിഴുങ്ങുകയല്ലയോ ചെയ്തതു?

കൊറിയായിലേയും അനുഭവം ഇതുതന്നെ. റഷ്യൻ അധീനതയിലുള്ള വടക്കൻ കൊറിയാക്കാർ അമേരിക്കൻ അധീനതയിലുള്ള തെക്കൻകൊറിയാക്കാരെ ആക്രമിച്ചു. യു. എൻ. ഒ. യുടെ തീരുമാനമനുസരിച്ചു് അമേരിക്കയുടെ നേതൃത്വത്തിൽ നടത്തിയ യുദ്ധത്തിൽ വടക്കൻ കൊറിയാക്കാർ പരാജയമടഞ്ഞുവെന്നു കണ്ടപ്പോൾ കമ്മ്യൂണിസ്റ്റ്‌ചൈനാ അവരുടെ ഭാഗം ചേർന്നു യു. എൻ. ഒ. സൈന്യത്തോടു സമരംചെയ്തു. അതിൽ കമ്മ്യൂണിസ്റ്റ്‌ചൈനാ ആക്രമണകാരിയാണെന്നു് യു. എൻ. ഒ. അസംബ്ളി പ്രഖ്യാപിച്ചുകഴിഞ്ഞു. മാത്രമല്ല, കമ്മ്യൂണിസ്റ്റ്‌ചൈന ടിബററിനെ ആക്രമിച്ചില്ലയോ? ടിബററിലെ നയതന്ത്രപ്രതിനിധികൾ കൂടിയാലോചനകൾക്കായി പെക്കിംഗിലേക്കു ക്ഷണാനുസരണം പുറപ്പെട്ടു് അവിടെ ചെന്നെത്തുന്നതിനുമുമ്പാണ് കമ്മ്യൂണിസ്റ്റ്‌ചൈനാ ഈ ആക്രമണം നടത്തിയതു്. ചൈനാ റഷ്യയുടെ പിടിയിലിരിക്കുകയും റഷ്യൻ ആദർശം സ്വീകരിച്ചിരിക്കുകയുംചെയ്യുന്നതുകൊണ്ടു് ഈ ആക്രമണങ്ങളുടെയെല്ലാം പിന്നിൽ നില്ക്കുന്നതു് റഷ്യയാണെന്നുള്ളതിനു വല്ല സംശയവുമുണ്ടോ? ആ

കയാൽ സമാധാനാഭ്യർത്ഥനാപ്രസ്ഥാനം കമ്മ്യൂണിസ്റ്റ്കാർ കൊണ്ടുനടക്കുന്നതു് സാക്ഷാൽ സമാധാനസ്ഥാപനത്തിനുവേണ്ടിയല്ലെന്നും, അതിന്റെ പേരും പറഞ്ഞു ശീതയുദ്ധം ശക്തിപ്പെടുത്തുവാനാണെന്നും പട്ടാപ്പകൽപോലെ തെളിയുന്നുണ്ടു്. ഈ വസ്തുതകൾ മനസ്സിലാക്കി, ഒപ്പുശേഖരിക്കലാകുന്ന കമ്മ്യൂണിസ്റ്റ് വലയിൽ കുടുങ്ങാതിരിക്കുവാൻ ശ്രദ്ധിക്കണമെന്നു് ഞങ്ങൾ സകലരേയും ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

### പുതിയ സ്റ്റോക്കോം അഭ്യർത്ഥന

എന്നാൽ നോർവേയുടെ പ്രധാനമന്ത്രി എയിനാർ ഗെർഹാഡ്സെൻ കഴിഞ്ഞ ജൂലൈ 13-ാംനു- പുതിയൊരു സ്റ്റോക്കോം സമാധാനാഭ്യർത്ഥന റഷ്യയുടെ സ്വീകരണത്തിനായി സമർപ്പിച്ചിരുന്നു. കൊറിയൻയുദ്ധം അവസാനിപ്പിക്കാൻ സഹായിക്കുകയും യു. എൻ. ഒ. യിലേക്കു തിരികെ ചെല്ലുകയും ചെയ്യണമെന്നായിരുന്നു അഭ്യർത്ഥന. (അന്നു് റഷ്യ യു. എൻ. ഒ. യോടു നിസ്സഹകരിച്ചു നില്ക്കുകയായിരുന്നു.) ഈ അഭ്യർത്ഥനയിൽ നാലു കാര്യങ്ങളാണു് മിസ്റ്റർ ഗെർഗാഡ്സെൻ ആവശ്യപ്പെട്ടിരുന്നതു്. (1)കൊറിയായിലെ യുദ്ധം അവസാനിപ്പിക്കുവാനും 38-ാം സമാന്തരരേഖയിൽനിന്നു പിൻവാങ്ങുന്നതിനു് വടക്കൻ കൊറിയാക്കാരെ പ്രേരിപ്പിക്കുവാനും സഹായിക്കണം. (2) യു. എൻ. ഒ. യിലെ പ്രവൎത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കണം. (3) അറ്റോമിക് ശക്തിയുടെ ഫലപ്രദമായനിയന്ത്രണത്തിനു സമ്മതിക്കണം.(4)ഓസ്റ്റ്റിയായും ജർമ്മനിയും സമാധാനം ഇനിയും കൈവന്നിട്ടില്ലാത്ത മററുരാജ്യങ്ങളുമായി സന്ധിയുടമ്പടികൾ ചെയ്യുവാൻ സഹായിക്കണം. ഈ വ്യവസ്ഥകളടങ്ങിയ അഭ്യർത്ഥന സാക്ഷാൽ സമാധാനാഭ്യർത്ഥനയായിരിക്കും. അവയൊന്നും റഷ്യ ഇനിയുംചെയ്തിട്ടില്ല, ചെയ്യാൻതയ്യാറായിരിക്കുന്നുമില്ല. ആകയാൽലോകസമാധാനത്തെ യഥാർത്ഥത്തിൽകാംക്ഷിക്കുന്നവർഇത്തരമൊരു സമാധാനാഭ്യർത്ഥനയിൽ ഒപ്പുവച്ചു് സോവ്യററ് യൂണിയനു സമർപ്പിക്കുന്നതു് അർത്ഥമുള്ള പ്രവൃത്തിയായിരിക്കും.



## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ വളരെ പഴക്കം ചെന്ന എന്റെ സുഖക്കേടു ഭേദമായതിനു കൃതജ്ഞത

എന്നു് കുററിക്കാട്ടു അന്തപ്പന്റെ ഭാര്യ പ്രസ്സീനാ, കുമ്പളം



## കഥാപ്രസംഗം

കാതും കരളും കുളുർപ്പിക്കുന്ന കലാഭംഗിയേറിയ കഥാപ്രസംഗങ്ങൾ കാംക്ഷിക്കുന്ന കലാകുതുകികൾ ഈ മേൽവിലാസം ഓർമ്മിക്കുക:

ജോസഫ് ചിറയടൻ

(കുഴുപ്പിള്ളി—അയ്യമ്പിള്ളി)

തിരുനാൾ, ക: സംഘടന വാർഷികം എന്നീ ആഘോഷങ്ങളോടനുബന്ധിച്ചു് വി വേദപുസ്തകപശ്ചാത്തലത്തിൽ നടത്തപ്പെടുന്ന ചിറയടൻപാർട്ടിയുടെ കഥാപ്രസംഗങ്ങൾ ഒരു വമ്പിച്ച വിജയമാണെന്നു് സഹൃദയലോകം സമ്മതിച്ചുകഴിഞ്ഞു.

പാർട്ടിഫിഡിലിസ്റ്റ്:

ഫിഡിൽ രാജൻ ടി. ഡി. മാത്യു





Thanksgiving

to

Sr: Alphonsa

For Favours received

K. C. Joseph



## ചില വിവരങ്ങൾ

മാന്യ വായനക്കാരിൽ മിക്കവരും കഴിഞ്ഞ ആറുമാസക്കാലം ഞങ്ങൾ പ്രസിദ്ധപ്പെടുത്തിട്ടുള്ള അനുഭവസാക്ഷ്യങ്ങളും പരസ്യങ്ങളും വായിക്കാറുണ്ടെന്നും, നിംബാസവം ദ്രാക്ഷാഘൃതം ശാരിബംതൈലം ഇവകൊണ്ടു അനവധി രോഗങ്ങൾക്കു് ആശ്വാസം കിട്ടിട്ടുണ്ടെന്നും ഉള്ള വിവരങ്ങളെ ഞങ്ങളുടെ ഫാർമസിയിൽ കിട്ടിട്ടുള്ള അനവധി എഴുത്തുകളിൽനിന്നും, വീണ്ടും കണ്ടു് സംസാരിപ്പാൻ സാധിച്ചിട്ടുള്ള പല രോഗികളിൽനിന്നും ഞങ്ങൾക്കു് അറിയുവാൻ സാധിച്ചിട്ടുണ്ടെന്നു് ആദ്യമായി പറഞ്ഞുകൊള്ളട്ടെ.

അധികഭാഗവും കാലപ്പഴക്കം വന്നിട്ടുള്ള രോഗമുള്ളവരാണു് ഈ ഔഷധങ്ങൾ ഉപയോഗിച്ചിട്ടുള്ളതെന്നു് ഫാർമസിയിലെ റിക്കാർട്ടുകളിൽനിന്നും അനുഭവസാക്ഷ്യങ്ങളിൽനിന്നും അറിയാവുന്നതാണു്. ദേഹത്തിലെ പഞ്ചഭൂതാംശങ്ങളെ സാമ്യമാക്കുക എന്ന ലക്ഷ്യത്തിലേക്കു് പ്രയോഗിക്കുന്ന ഈ ഔഷധങ്ങൾകൊണ്ടു്, രോഗം അസാദ്ധ്യതയിൽ എത്തിട്ടുള്ളവക്കും, രോഗോല്പാദനകാരണങ്ങളെ പിന്നെയും ആവർത്തിച്ചുകൊണ്ടിരുന്നവക്കും, പഞ്ചഭൂതാംശങ്ങൾ സാമ്യമാകുവാൻ വേണ്ടിവരുന്നിടത്തോളം കാലം യുക്തിപൂർവ്വം ഈ ഔഷധങ്ങളുടെ മാത്ര വ്യത്യാസപ്പെടുത്തി ഉപയോഗിക്കാതിരുന്നിട്ടുള്ളവക്കും ആശിച്ചേടത്തോളം ഫലം സിദ്ധിച്ചിട്ടില്ലെന്നുള്ള വസ്തുതയും ഞങ്ങൾ വിസ്മരിക്കുന്നില്ലാ.

എന്നാൽ രോഗം അസാദ്ധ്യതയിൽ എത്തുന്നതിനുമുമ്പു് ക്ഷമയോടും ബുദ്ധിപൂർവ്വകമായും രോഗോല്പാദനകാരണങ്ങളെ അകററി ഈ ഔഷധങ്ങൾ ഉപയോഗിച്ചതിനാൽ ആയുർവ്വേദചികിത്സകൊണ്ടെന്നല്ലാ ഇംഗ്ലീഷ് ചികിത്സകൊണ്ടുപോലും സുഖപ്പെടുത്തുവാൻ സാധിക്കാതിരുന്ന ക്ഷയം, ഏങ്ങൽ, മൂലക്കുരു, ഗ്യാസ്ട്രബിൾ, വയറുവേദന, പ്രമേഹം, രക്തദൂഷ്യം, നീരിറക്കം, രക്തപിത്തം, അസ്ഥിസ്രാവം, തലവേദന തുടങ്ങിയ രോഗങ്ങൾമൂലം നിരാശപ്പെട്ടുകൊണ്ടിരുന്ന പല രോഗികളേയും രോഗവിമുക്തരാക്കുവാൻ സാധിച്ചിട്ടുണ്ടെന്നുള്ള വസ്തുതതന്നെ ഞങ്ങൾക്കു് കൃതാർത്ഥതയ്ക്കു് അവകാശം നൽകുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ ക്യാമ്പു് സ്ഥലങ്ങളിൽ ധാരാളമായി വന്നുകൊണ്ടിരിക്കുന്ന രോഗികളോടു് മററു പ്രതിഫലേച്ഛ കൂടാതെയാണു് ശരീരംകൊണ്ടും മനസ്സുകൊണ്ടും വളരെ ക്ലേശങ്ങൾസഹിച്ചു്ഈഔഷധങ്ങളെപററിയുള്ള വിശദീകരണങ്ങൾനൽകികൊണ്ടിരിക്കുന്നതു്.

ഇനിയും ചില പ്രധാന ടൗൺകളിൽക്കൂടി മാസത്തിലൊരിക്കലെങ്കിലും ക്യാമ്പുചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ടു പല മാന്യസുഹൃത്തുക്കളും എനിക്കെഴുതുന്നുണ്ടു്. എന്നാൽ ഇപ്പോഴത്തെ ക്യാമ്പുസ്ഥലങ്ങളിൽ ഉള്ള ജോലിക്കും പുറമെ ഫാർമസിയിൽ വന്നുകൊണ്ടിരിക്കുന്ന രോഗികളുടെ കാര്യങ്ങളിലും, ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും വന്നുകൊണ്ടിരിക്കുന്ന രോഗവിവരങ്ങളടങ്ങിയ കത്തുകൾക്കു് മറുപടി അയക്കേണ്ടതിലും, തുടർച്ചയായി പ്രസിദ്ധപ്പെടുത്തുവാനുള്ള മാററർ എഴുതിയുണ്ടാക്കുന്നതിനും മററുമായി എനിക്കു് കണക്കിലേറെ ജോലികൾ നിർവ്വഹിപ്പാനുള്ളതിനാൽ തൽക്കാലം അവരുടെ ആഗ്രഹം നിറവേററുവാൻ ഞാൻ ശക്തനല്ലെന്നു സ്നേഹപൂർവ്വം അവരെ അറിയിച്ചുകൊള്ളുന്നു.

അപ്രതീക്ഷിതമായ സാഹചര്യങ്ങൾമൂലം മാമ്പിള്ളി ഡിസ്പെൻസറിയിൽനിന്നു് ഈ ഔഷധങ്ങളുടെ സ്റ്റോക്കും, എറണാകുളം സൗത്തു് റെയിൽവെസ്റ്റേഷനു സമീപമുള്ള കെട്ടിടത്തിൽ നടത്തിവരാറുള്ള എന്റെ ക്യാമ്പും ഇന്നുമുതൽ താഴെപറയുന്ന സ്ഥലത്തേക്കു് മാററിയിരിക്കുന്ന വിവരവും അറിയിച്ചുകൊള്ളുന്നു.

എറണാകുളം ബോട്ടുജെട്ടിക്കു നേരെ കിഴക്കുവശം കാനൺ ഷെഡ് റോഡിലെ മാരുതിവിലാസം ഹോട്ടലിനു എതിർവശമുള്ള കെട്ടിടത്തിൽ കാളൻആയുർവ്വേദിക്ഫാർമസിസെയിൽസ്ഡിപ്പോ.

Pro: കാളത്തു് പാപ്പുണ്ണി,

ഔസേപ്പു് വൈദ്യൻ,

കാളൻ ആയുർവ്വേദിക് ഫാർമസി

(റെയിൽവെ സ്റ്റേഷനു സമീപം)

നെല്ലായി P. O.

# കാത്തലിക്ക് എഡ്യൂക്കേഷൻ കൗൺസിലിന്റെ പ്രസ്താവന

പ്രൈവററ്സെക്കൻററി വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗവമ്മെൻറു് തയ്യാറാക്കിയ പദ്ധതി സംബന്ധിച്ചു തിരു-കൊച്ചി സംസ്ഥാനത്തിലെ കത്തോലിക്കാ വിദ്യാഭ്യാസകൗൺസിൽ എക്സിക്യൂട്ടീവു് കമ്മിററിക്കുവേണ്ടി കൺവിനർ റവ. ഡോക്ടർ തോമസ് മൂത്തേടൻ പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവന താഴെ ചേർക്കുന്നു:—

അദ്ധ്യാപക താല്പര്യങ്ങളെ പരിഗണിക്കുന്നതോടൊപ്പം സംസ്ഥാനത്തിലെ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കു സഹായകവും പ്രയോജനകരവുമായവിധത്തിൽ, ഗവമ്മെൻറു് ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതിയിൽ ഭേദഗതിവരുത്തുന്നതിനും കത്തോലിക്കാ വിദ്യാഭ്യാസസംബന്ധമായ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനും കത്തോലിക്കാ മാനേജേഴ്സ് അസോസിയേഷനുമായി സഹകരിച്ചു പ്രവൎത്തിക്കുന്നതിനു സംസ്ഥാനത്തിലെ മെത്രാപ്പോലീത്താ തിരുമേനിമാരും മെത്രാൻ തിരുമേനിമാരും ചേർന്നു രൂപവൽകരിച്ച സമിതിയാണു് കത്തോലിക്കാ വിദ്യാഭ്യാസകൗൺസിൽ.

### കൗൺസിലിന്റെ പ്രവൎത്തനം

1950 ആഗസ്റ്റ് 19-ാംനു-യിലെ ഗവമ്മെൻറു് പ്രൊസീഡിംഗ്സിലും 1950 നവമ്പർ 2-ാംനു-യിലെ പ്രസ്



സ്വർണ്ണപണയം

കുറഞ്ഞപലിശ. കൂടുതൽ നിരക്കു

ബാങ്ക് ഓഫ് കൊച്ചിൻ ക്ലിപ്തം

എറണാകുളം

മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ, വില്ലിങ്ങ്ടൺ ഐലൻഡ്



നോട്ടിലും പ്രതിപാദിച്ചിട്ടുള്ള ഗവർമ്മെൻറു് പദ്ധതി കൗൺസിൽ സൂക്ഷ്മമായി പരിഗണിച്ചു. കത്തോലിക്കാ മാനേജർമാരുടെ സംഘടനാദ്ധ്യക്ഷനും ഗവമ്മെൻറും തമ്മിൽ ഈ വിഷയം സംബന്ധിച്ചു നടന്ന കത്തിടപാടുകളും 1950 നവംബർ 10-ാംനു- മെത്രാപ്പോലീത്താമാരും മെത്രാന്മാരും ചേന്നു് പുറപ്പെടുവിച്ച പ്രസ്താവനയും ബ. വിദ്യാഭ്യാസമന്ത്രി നൽകിയ മറുപടിക്കത്തും പ്രസംഗവേദികളിലും പത്രങ്ങളിലും ഇതു സംബന്ധിച്ചുണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളും കമ്മിററിയുടെ സൂക്ഷ്മമായ പരിചിന്തനത്തിനു വിഷയീഭവിച്ചു. അഭിവന്ദ്യ മെത്രാന്മാർ ഇതു സംബന്ധിച്ചു പുറപ്പെടുവിച്ച ഇടയലേഖനങ്ങൾക്കും പുറമേ മെത്രാപ്പോലീത്താമാരും മെത്രാന്മാരും ചേർന്നു് ആഗസ്റ്റ് 20-ാംനു-യും നവമ്പർ 10-ാംനു-യും പുറപ്പെടുവിച്ച പ്രസ്താവനകളും കൗൺസിലിനു സഹായകമായിരുന്നു. മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും ഇതരക്രിസ്ത്യൻ വിദ്യാഭ്യാസ സംഘടനകളേയും സന്ദർശിച്ചു വിദ്യാഭ്യാസപദ്ധതി സംബന്ധിച്ചു അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയുവാൻ നിയുക്തമായ 3 എക്സിക്യൂട്ടീവു് അംഗങ്ങൾ അപ്രകാരം പ്രവൎത്തിക്കുകയുണ്ടായി.

ക്രിസ്ത്യൻ മാനേജേഴ്സ് അസോസിയേഷൻ പ്രസിഡണ്ടിന്റെയും അഖില തിരുവിതാംകൂർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക സംഘടനാപ്രതിനിധികളുടേയും അഭിപ്രായം അറിയുന്നതിനും കൗൺസിൽ അംഗങ്ങൾക്കു സാധിച്ചു. ഗവമ്മെൻറു് വൃത്തങ്ങളിലെ ഉത്തരവാദിത്വപ്പെട്ട ഏതാനും വ്യക്തികളുമായി ഈ പ്രശ്നം സംബന്ധിച്ചു് കൗൺസിലിലെ ചില അംഗങ്ങൾ അനൗപചാരിക സംഭാഷണം നടത്തുകയുണ്ടായി.

ഇവയെല്ലാം മുൻനിർത്തി ഗവമ്മെൻറുമായി ഒരു ഒത്തുതീർപ്പിലെത്തുവാനുള്ള മാർഗ്ഗങ്ങൾ കമ്മിററി ആരായുകയായിരുന്നു. ഈ വിഷയത്തിൽ കമ്മിററിയെ ഗണ്യമായി സഹായിച്ച പല വ്യക്തികളുടേയും മഹനീയസേവനങ്ങൾ എല്ലാ കക്ഷികൾക്കും സ്വീകാര്യമായ ഒരു ഒത്തുതീർപ്പിലെത്തിച്ചേരുന്നതിനുള്ള. കമ്മിററിയുടെ പരിശ്രമങ്ങളെ ത്വരിതപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു സംശയാതീതംതന്നെ.

### കത്തോലിക്കാ എം. എൽ. എ. മാക്കു മറുപടി

പ്രശ്നപരിഹാരം തേടുന്നതിനു നിയമസഭയിലെ കത്തോലിക്കാ അംഗങ്ങൾ നടത്തിയ ശ്രമങ്ങളെപ്പററി പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. 1951 ജനുവരി 19-ാംനു- അവർ തേവര സമ്മേളിച്ചു് ഈ പ്രശ്നത്തെപ്പററി ചർച്ചചെയ്തു. അവരുടെ പ്രതിനിധികൾ ജനുവരി 29-ാംനു- വരാപ്പുഴ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിമാരെ സന്ദർശിച്ചു അവരുടെ ചർച്ചകളുടെ ഫലമായി രൂപമെടുത്ത നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. വിദ്യാഭ്യാസ കൗൺസിൽ സമ്മേളിച്ചു ന്യായമായ ഒരൊത്തുതീർപ്പിനു അടിസ്ഥാനമാകാവുന്ന ഏതാനും നിർദ്ദേശങ്ങൾ ഇതിനകം തയ്യാറാക്കി. ഈ വിഷയത്തിൽ ഒരൊത്തുതീർപ്പു് സാധിക്കുന്നതിനു് മെത്രാന്മാർക്കു സ്വീകരിക്കാവുന്ന നിർദ്ദേശങ്ങളുടെ പരിധി കത്തോലിക്കാ നിയമസഭാംഗങ്ങളുടെ പ്രതിനിധികൾക്കു തിരുമേനിമാർ വ്യക്തമാക്കുകയും വിദ്യാഭ്യാസ കൗൺസിൽ തയാറാക്കിയ നിർദ്ദേശങ്ങളുടെ നക്കൽ അടങ്ങിയ ഒരു കോപ്പി അവർക്കു നൽകി ഗവമ്മെൻറിന്റെ പദ്ധതി ആ നിർദ്ദേശങ്ങൾക്കു അനുസൃതമായ വിധം ഭേദഗതി ചെയ്യുന്നതിനു കോൺഗ്രസ് പാർട്ടിയിൽ അവർക്കുള്ള സ്വാധീനശക്തി ഉപയോഗിക്കുവാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു.

### ദേശവത്കരണംതന്നെ

പ്രൈവററ് സെക്കണ്ടറി വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ അഭിവൃദ്ധിപ്പെടുത്തൽ എന്ന നാമത്തിലാണു് പദ്ധതി അറിയപ്പെടുന്നതെങ്കിലും ഫലത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ദേശവൽകരണനയത്തിന്റെ പ്രാരംഭം മാത്രമാണെന്നു പറയേണ്ടിയിരിക്കുന്നു.

### 80 ശതമാനം ബാങ്കിലടയ്ക്കാം

അദ്ധ്യാപകശമ്പളത്തിനായി 80 ശതമാനം ഫീസ്പിരിവു് ലഭ്യമാക്കുവാൻ മാനേജർമാരെ സംബന്ധിച്ചിടത്തോളം യാതൊരു എതിർപ്പുമില്ല. ആ സംഖ്യയോ ഫീസ് പിരിവിന്റെ മറേറതെങ്കിലും ഭാഗമോ ഗവമ്മെൻറിന്റെ പേരിൽ കെട്ടിവയ്ക്കണമെന്ന നിർദ്ദേശം സംബന്ധിച്ചാണു് കത്തോലിക്കാമാനേജർമാരും ഗവമ്മെൻറും തമ്മിലുള്ള പ്രധാന അഭിപ്രായവ്യത്യാസം. ഫീസ്പിരിവിന്റെ 80 ശതമാനം അദ്ധ്യാപകശമ്പളത്തിനല്ലാതെ മററു യാതൊരു ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതല്ലെന്നു ഉറപ്പുവരുത്തുവാൻ തക്ക രക്ഷാവ്യവസ്ഥകളോടുകൂടി ഏതെങ്കിലും അംഗീകൃതബാങ്കിൽ മാനേജ്മെൻറിന്റെ പേരിൽ അടയ്ക്കുന്നതു സംബന്ധിച്ചു് കൗൺസിലിനു യാതൊരു എതിർപ്പുമില്ല. ഫീസ്പിരിവിന്റെ 80 ശതമാനം അദ്ധ്യാപകശമ്പളത്തിനു ലഭ്യമാക്കണമെന്ന ഗവമ്മെൻറിന്റെ ഉദ്ദേശം ഇതുമൂലം നിർവഹിക്കപ്പെടുന്നുണ്ടു്. മാനേജർമാർ നൽകുന്ന ചെക്കനുസരിച്ചു് അദ്ധ്യാപകർക്കു ശമ്പളത്തുക ബാങ്കിൽനിന്നു വാങ്ങാവുന്നതാണു്. ഗവമ്മെൻറിന്റെ ഇടപെടൽ കൂടാതെതന്നെ നിശ്ചിതദിവസം ശമ്പളത്തുക വാങ്ങുന്നതിനു ഇതുനിമിത്തം സാധിക്കുന്നതാണു്. ഗവമ്മെൻറിന്റെ പേരിൽ 80 ശതമാനം കെട്ടിവച്ചതിനു ശേഷം ആ സംഖ്യയും അദ്ധ്യാപകശമ്പളത്തിനു തികയാതെവരുന്ന സംഖ്യകൂടി നൽകി അദ്ധ്യാപകർക്കു നൽകുന്നതിനായി മാനേജരെ തിരിച്ചേല്പിക്കണമെന്ന വ്യവസ്ഥ അനാവശ്യമായ കാലവിളംബത്തിനും അസൗകര്യങ്ങൾക്കും ഇട

യാക്കുന്നതിനുംപുറമെ ഉടമസ്ഥാവകാശം നിഷേധിക്കലുമാണ്.

### കോൺഗ്രസിന്റെ പ്രഖ്യാപിതനയത്തിനനുസൃതമല്ല

ഗവമ്മെന്റിന്റെ പേരിൽ പണമടക്കുന്നതിന്റെ ഉടമാവകാശനിഷേധപരമായ ഈ സ്വഭാവം, ഒരു സോഷ്യലിസ്റ്റ് ഭരണക്രമത്തിന് അനുയോജ്യമായ വിദ്യാസ്ഥാപനദേശീകരണത്തിന്റെ പ്രാരംഭമാണ്. കോൺഗ്രസ് പാർട്ടിയുടെ പ്രഖ്യാപിതനയത്തിനും ഇന്ത്യൻ ഭരണഘടനക്കും യോജിച്ചതല്ല അതു. അങ്ങനെനിക്ഷേപിക്കപ്പെടുന്ന സംഖ്യ ഒരു പൊതുപൂളായി സമാഹരിക്കണമെന്നുള്ള വ്യവസ്ഥയിൽനിന്നും ഈ സോഷ്യലിസ്റ്റിക് വാസനാഗതി കൂടുതൽ വ്യക്തമാണ്. പൂളിംഗ് വേണ്ടെന്നുവക്കുവാനും ഫീസ്പിരിവിൽ 80 ശതമാനമോ അദ്ധ്യാപകരുടെ മുഴുവൻ ശമ്പളവും കൊടുക്കുന്നതിന് ആവശ്യമായ സംഖ്യയോ—ഏതാണ് കുറവെന്നുവച്ചാൽ അതു്—ഡെപ്പോസിററു് ചെയ്യുവാൻ നിർദ്ദേശിക്കുവാനും ഒരാശയം കോൺഗ്രസ്പാർട്ടിയിലെ ചില മെമ്പർമാരുടെ ഇടയിലുണ്ടെന്നു കാണുന്നതു് ആശ്വാസകരമാണ്. ഈ ആശയം സ്വീകരിക്കപ്പെട്ടാൽ, പ്രൈവററു് സ്കൂളുകളിലെ ഫീസ്പിരിവു് ഗവമ്മെൻറു്പണമാണെന്നു് ഒരു നടപടിക്രമംകൊണ്ടു് സ്ഥാപിക്കുവാനല്ലെങ്കിൽ ഗവമ്മെൻറിന്റെ പേരിൽ പണം നിക്ഷേപിക്കണമെന്നു് നിർബന്ധിക്കുവാൻ ലവലേശം കാരണമില്ല.

ഗവമ്മെൻറു് തയ്യാറാക്കുന്ന ഏതെങ്കിലും ലിസ്റ്റിനു പുറത്തുനിന്നു് അദ്ധ്യാപകന്മാരെ നിയമിക്കുവാനുള്ള സ്വാതന്ത്ര്യം പ്രൈവററു് മാനേജ്മെൻറുകളുടെ അനുപേക്ഷണീയമായ അവകാശമായി ഈ കൗൺസിൽ പരിഗണിക്കുന്നു. ഇക്കാര്യത്തിലും മാനേജർമാരുടെ വാദത്തിനു അനുകൂലമായ ഒരു നയം സ്വീകരിക്കുന്നതിന് ചില അധികൃതകേന്ദ്രങ്ങളിൽ സന്നദ്ധതയുണ്ടെന്നു കാണുന്നതും ആശ്വാസകരമാണ്. എന്നാൽ ലൈസൻസുധാരികളെമാത്രമേ മാനേജർമാർ നിയമിക്കാവൂ എന്ന നിർദ്ദേശം കാര്യങ്ങൾ നേരെയാക്കുന്നില്ല കാരണം, ലൈസൻസ് തേടിയുള്ള പുറപ്പാടിൽ ഒഴിവുകളിൽ നിയമനം നടക്കാതെ കിടക്കും. അല്ലാത്തപക്ഷം ലിസ്റ്റിനു പുറത്തുനിന്നു കൂടുതൽ യോഗ്യതയും കാര്യക്ഷമതയുമുള്ളവർ ലഭ്യമായിരിക്കുമ്പോൾ ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ മാനേജർമാർ നിർബന്ധിതരാകുകയും ചെയ്യും.

### കത്തോലിക്കാ എം എൽ എമാരോട് അഭ്യർത്ഥന

ഈ വിഷമതകളുടെയും എതിർപ്പുകളുടെയും ന്യായയുക്തതയും നീതിയും കത്തോലിക്കാ ഡെപ്യൂട്ടികൾ മനസ്സിലാക്കിയെന്നും പ്രൈവററു മാനേജമെൻറിന്റെ ന്യായമായ അവകാശങ്ങൾ അംഗീകരിക്കേണ്ടതിന്റെ ആവശ്യകത കോൺഗ്രസ് പാർട്ടിയിലെ അവരുടെ സഹപ്രവർത്തകരെ ബോദ്ധ്യപ്പെടുത്തുവാനും എല്ലാ കക്ഷികൾക്കും സ്വീകാര്യവും അഭിമാനകരവുമായ ഒരൊത്തുതീർപ്പുണ്ടാക്കുവാൻ അവർക്കു സാധിക്കുമെന്നും വിശ്വസിക്കുന്നു.

### ഭവിഷ്യത്തുകൾ ഗുരുതരം

"പദ്ധതി സ്വീകരിക്കുവാൻ മാനേജർമാരെ നിർബന്ധിക്കുന്ന കർശനനടപടികൾ ഗവമ്മെണ്ടു സ്വീകരിക്കുന്നതു കമ്മിററി അതിയായ ഗൗരവത്തോടുകൂടിയാണ് വീക്ഷിക്കുന്നതു്. ഗവമ്മെണ്ടു പദ്ധതി സ്വീകരിക്കാത്ത സെക്കൻഡറി സ്കൂളുകളോടു ബന്ധിതമാണെന്ന കാരണത്തെ ആസ്പദമാക്കി പ്രൈമറിസ്കൂളുകൾക്കു ഗ്രാൻറു് നിഷേധിക്കുന്നതാണ് ഇതിൽ ഏററവും അനീതിപരമായ കാര്യം. സംസ്ഥാനത്തിലെ പ്രൈമറിവിദ്യാഭ്യാസം സൗജന്യവും ഭൂരിപക്ഷം സ്ഥലങ്ങളിൽ നിർബന്ധിതവുമാകയാൽ അതു തികച്ചും അന്യായവും അവിഹിതവുമാണ്. കൂടാതെ, പ്രൈവററുസെക്കൻഡറിസ്കൂൾ അദ്ധ്യാപകരുടെ സർവ്വീസുവ്യവസ്ഥകൾ അഭിവൃദ്ധിപ്പെടുത്തൽ എന്ന ശീർഷകത്തിലുള്ള ഗവമ്മെണ്ടു പദ്ധതി മാനേജമെൻറുകളുടെ മേൽനോട്ടത്തിലാണെങ്കിലും തികച്ചും വ്യത്യസ്തമായ നിലയിൽ നടത്തപ്പെടുന്ന പ്രൈമറിവിദ്യാലയങ്ങളുമായി ബന്ധമുണ്ടാകേണ്ടതില്ല. ഈദൃശമായ അന്യായനടപടികളുടെ ദുഷ്ഫലങ്ങൾമൂലം മാനേജർമക്കും അദ്ധ്യാപകർക്കും ഉണ്ടാകുന്ന ഗുരുതരങ്ങളായ വിഷമതകളിൽനിന്നു സംജാതമാകുന്ന പ്രത്യാഘാതങ്ങൾ കഴിച്ചുവക്കുവാൻ ഡിപ്പാർട്ടുമെണ്ടിനോ പൊതുജനങ്ങൾക്കോ സാദ്ധ്യമായിരിക്കുകയില്ല. ഗവമ്മെണ്ടിന്റെ ന്യായമോ അന്യായമോ ആയ ആവശ്യങ്ങൾക്കു വിധേയമാകാത്തവർക്കു റേഷൻകാർഡുകൾ നിഷേധിക്കുന്നതിനോടുമാത്രമേ ഈദൃശനടപടികൾ തുലനം ചെയ്യുവാൻ നിവൃത്തിയുള്ളു.

അടുത്ത അദ്ധ്യയനവർഷത്തിൽ ആവശ്യമുള്ള അദ്ധ്യാപകരുടെ ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ മാനേജർമാരോടു് ആവശ്യപ്പെട്ടുകൊണ്ടു വിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ ഗവമ്മെണ്ടു തയ്യാറാക്കിയ പട്ടികയിൽനിന്നു അദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ കെട്ടിയേല്പിക്കുവാനുള്ള ഒരു സംരംഭവും കമ്മിററി വീക്ഷിക്കുന്നു. ഒരു ന്യായമായ ഒത്തുതീർപ്പിനുള്ള മാർഗ്ഗങ്ങൾ ആരായുവാൻ കമ്മിററി അതിയായി ആഗ്രഹിക്കുമ്പോൾ ഈ പദ്ധതി ഒരു പൂർത്തിയാക്കപ്പെട്ട വസ്തുതയാക്കുവാനുള്ള ഗവമ്മെണ്ടിന്റെ വ്യഗ്രതയെ കമ്മിററി വ്യസനസമേതം വീക്ഷിക്കുന്നു.

നിർബന്ധപൂർവ്വം കെട്ടിയേല്പിക്കുന്ന നയം ഗവമ്മെണ്ടു തുടരുകയാണെങ്കിൽ

### Thanksgiving



**For favours received**

സി. ഐ. റോസി
മണ്ണനൂരത്തു്

ഉദ്ദേശശുദ്ധിയുള്ള എല്ലാ വിദ്യാഭ്യാസപ്രവർത്തകരും നിരാശാഭരിതരും നിരുത്സാഹിതരുമാകുന്നതാണ്. അതിന്റെ ഫലം വിദ്യാഭ്യാസസംരംഭങ്ങളിൽ അധഃപതനമായിരിക്കും. ഗവമ്മെണ്ടു താദൃശമായ ഒരു അത്യാഹിതം ഒഴിച്ചുവക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഈ നൂതനപരിതഃസ്ഥിതികളിൽ ചുരുങ്ങിയ കഴിവുകൾ മാത്രമുള്ള മാനേജർമാരെ ഇതു നിരുത്സാഹപ്പെടുത്തുവാനും യഥാകാലം ശമ്പളം ലഭിക്കാത്തതിനാൽ അദ്ധ്യാപകർ അസംതൃപ്തരാകുവാനും ഇടയുണ്ടു്.

കമ്മ്യൂണിസ്റ്റ് ആദർശങ്ങളുള്ള തല്പരകക്ഷികൾ അദ്ധ്യാപകരുടെ ആവശ്യങ്ങൾ ചൂഷണംചെയ്തു സ്വൈരപരമായി മററു സ്കൂളുകൾ തുറന്നു കുഴപ്പം സൃഷ്ടിക്കുവാൻ ശ്രമിച്ചേക്കും. ഈ വിഷമതകൾ നീക്കുവാൻ എല്ലാവിധത്തിലും അദ്ധ്യാപകരെ തൃപ്തിപ്പെടുത്തുവാൻ അവരുടെ ഉത്തമകഴിവുകൾ പ്രയോഗിക്കുവാൻ ഞങ്ങൾ മാനേജർമാരോടു് അഭ്യർത്ഥിക്കുന്നു. ചില അദ്ധ്യാപകർ സ്വീകരിച്ച വിധത്തിൽ ശത്രുതയിൽ വർത്തിക്കാതെ മാനേജർമാരോടു സഹകരിച്ചു പ്രവർത്തിക്കുവാൻ ഞങ്ങൾ അദ്ധ്യാപകരെ ആഹ്വാനം ചെയ്യുന്നു. എല്ലാ വ്യവസ്ഥാപിതമാർഗ്ഗങ്ങളും സ്വീകരിച്ചു നമ്മുടെ ന്യായമായ ആവശ്യങ്ങൾ ഗവമ്മെണ്ടിനെക്കൊണ്ടു അംഗീകരിപ്പിക്കുവാൻ രക്ഷാകർത്താക്കളോടും പൊതുജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. എല്ലാ സ്ഥലങ്ങളിലും സഭ

## മദനപ്പള്ളി ദേവാലയം

മദനപ്പള്ളിയിലെ ക്ഷയരോഗാസ്പത്രിക്കു സമീപം ഒരു പള്ളി പണിയേണ്ടതിലേക്കു ഉദാരമതികൾ സംഭാവനകൾ അയച്ചുകൊടുക്കണമെന്നു ഭാരവാഹികൾ അഭ്യർത്ഥിച്ചിരിക്കുന്നു. അവിടെയുള്ള കത്തോലിക്കരായ രോഗികളിൽ ഭൂരിഭാഗവും മലയാളികളാണെന്നുള്ള വസ്തുത സ്മരണീയമത്രെ. സംഭാവനകൾ നെല്ലൂർ മെത്രാൻ തിരുമനസ്സിലെ പേർക്കു, താഴെ ചേർക്കുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

Rt. Rev. W. Bouter, Bishop of Nellore, Nellore.

സംരക്ഷിച്ചിട്ടുള്ള കത്തോലിക്കാ വിദ്യാഭ്യാസാദർശങ്ങൾ ബലികഴിക്കാതെ ഒരൊത്തുതീർപ്പിലെത്തുവാൻ സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും വിനിയോഗിക്കുവാൻ ഞങ്ങളുടെ ഉത്തമകഴിവുകളനുസരിച്ചു ഞങ്ങൾ ശ്രമിക്കും.

### കൊച്ചി-തിരുവിതാംകൂർ വാർത്തകൾ

ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനും ഭൂമിയില്ലാത്തവർക്കു് അതു പ്രദാനംചെയ്യുന്നതിനുമായി ഗവമ്മെൻറു ആവിഷ്കരിച്ചിരിക്കുന്ന കോളനൈസേഷൻ പദ്ധതി സംബന്ധിച്ചു് ഈയിടെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പ്രസ്നോട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ 6000 ഏക്കർ വനഭൂമി ഗവമ്മെൻറിൽനിന്നും പതിച്ചുകൊടുക്കുന്നതാണ്. 1950 നവംബർ അവസാനത്തോടെ 52000 ഏക്കർ പതിച്ചുകൊടുത്തിട്ടുണ്ടു്. 1951 അവസാനിക്കുമ്പോഴേക്കും 50,000 ഏക്കർ വനഭൂമി പതിച്ചുകൊടുത്തുകഴിയുന്നതാണ്. ഈ ഭൂമി സാമ്പത്തികസഹകരണ കോളനികൾക്കനുരൂപമായ നൂറു കോളനികളായി വിഭജിക്കുന്നതാണ്. ഇവയുടെ നടത്തിപ്പിനു് ഓരോ ഉദ്യോഗസ്ഥനെ ഗവമ്മെൻറിൽനിന്നും നിയമിക്കുന്നതാണ്. ഭവനരഹിതരായ 3 ലക്ഷം കുടുംബങ്ങൾ ഈ സംസ്ഥാനത്തുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അവരുടെ ഉപയോഗത്തിനായി ഓരോ വില്ലേജിലും 5-ം, 10-ം ഏക്കർ പുറമ്പോക്കുസ്ഥലം ഭവനനിർമ്മാണത്തിനായി വിട്ടുകൊടുക്കുന്നതും അങ്ങനെ 4173 ഗ്രാമങ്ങളിലായി അവർക്കെല്ലാംതന്നെ താമസസൗകര്യം ലഭിക്കുന്നതുമാണ്. ഉപയോഗശൂന്യമായികിടക്കുന്ന സ്ഥലങ്ങൾ ഭവനനിർമ്മാണത്തിനായി വിട്ടുകൊടുക്കുവാൻ ജന്മിമാർ സന്നദ്ധരാകണമെന്നു് ഗവമ്മെൻറു് അഭ്യർത്ഥിക്കുന്നു.

—ഇപ്പോൾ തിരു-കൊച്ചി സംസ്ഥാനത്തുനടന്നുകൊണ്ടിരിക്കുന്ന സെൻസസിനും റേഷൻ വിതരണത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും തെററായ വിവരങ്ങൾ നല്കുന്നതു് കുററകരമായിരിക്കുമെന്നും സെൻസസ് സൂപ്രണ്ടു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

—തിരു-കൊച്ചി നിയമസഭാസമ്മേളനം ഫെബ്രുവരി 20-ാം-നു- ആരംഭിച്ചിരിക്കുന്നു. ഇതിൽ സംബന്ധിക്കുന്ന 177 മെമ്പർമാർ താഴെപറയുന്ന പാർട്ടികളായി വിഭജിക്കപ്പെട്ടിരിക്കുന്നു. കോൺഗ്രസു് (മന്ത്രിമാരെ കൂടാതെ 112 അംഗങ്ങൾ), തമിഴ്നാടു് (16), കോൺഗ്രസ് ഡെമൊക്രാററിക് 14), സോഷ്യലിസ്റ്റ് (14), പീപ്പിൾസ് കോൺഗ്രസ് (3), കമ്മ്യൂണിസ്റ്റു് (1), സ്വതന്ത്രർ (11).

### ഇൻഡ്യാവാർത്തകൾ

മാർച്ചുമാസാരംഭത്തോടുകൂടി ഇൻഡ്യയിലെ ഭക്ഷ്യനില ഭേദപ്പെടുവാൻ ഇടയുള്ളതിനാൽ കഠിനദേഹാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികൾക്കു് 12 ഔൺസ് അടിസ്ഥാന റേഷനും 4 ഔൺസ് വിശേഷാൽറേഷനും നൽകുവാൻ തീരുമാനിച്ചിരിക്കുന്നുവെന്നു് കേന്ദ്രഗവമ്മെൻറിന്റെ കൃഷി-ഭക്ഷ്യവകുപ്പു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

—ഇൻഡ്യയിലെ ശിശുക്കളുടെ ഉപയോഗത്തിനായി 240000 ഡോളർവിലയുള്ള അരി ഐക്യരാഷ്ട്രസമിതി ശിശുഫണ്ടിൽനിന്നും അയച്ചുതരുവാൻ തീരുമാനിച്ചിരിക്കുന്നു.

—നിര്യാതനായ സർദാർ പട്ടേലിന്റെ ഒഴിവിൽ കോൺഗ്രസ്സ് പാർട്ടി ഡെപ്യൂട്ടി ലീഡറായി മൗലാനാ അബ്ദുൾകലാം ആസാദിനെ തെരഞ്ഞെടുത്തിരിക്കുന്നു. കോൺ. പാർട്ടിയുടെ ചീഫ്‌വിപ്പായി ശ്രീ സത്യനാരായണ സിൻഹയാണ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്.

—പാർലമെൻറു് മെമ്പറായ ശ്രീ മഹാവീര ത്യാഗിയെ നാട്ടുരാജ്യവകുപ്പിൽ ധനകാര്യമന്ത്രിയായി നിയമിച്ചിരിക്കുന്നു.

—

### ഉത്തരീയഭക്തി പ്രചരണം

മഞ്ഞുമ്മൽ കർമ്മലീത്താ സഭാംഗങ്ങൾ ഇക്കഴിഞ്ഞ 7 മാസക്കാലത്തിനുള്ളിൽ വരാപ്പുഴ, എറണാകുളം, കൊച്ചി, തൃശൂർ, കോട്ടയം, വിജയപുരം എന്നീ രൂപതകളിൽപ്പെട്ട 200 ദേവാലയങ്ങളിൽ പ്രചാരണം നടത്തുകയും 70,000 ഉത്തരീയങ്ങളും 400 ഗ്രോസ് കാശുരൂപങ്ങളും 3000 ലഘുലേഖകളും വിതരണം ചെയ്യുകയും 90 പള്ളികളിൽ നവമായി സഖ്യം സ്ഥാപിക്കാൻ ഏർപ്പാടുചെയ്യുകയും 5335 അംഗങ്ങളെ ഉത്തരീയസഖ്യത്തിൽ ചേർക്കുകയും ചെയ്തതായറിയുന്നു.

### ഒന്നാമത്തെ ഇടയലേഖനം

പാലാ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു് ഫെബ്രുവരി 11-ാംനു- തന്റെ ഒന്നാമത്തെ ഇടയലേഖനം പ്രസിദ്ധംചെയ്തിരിക്കുന്നു. "ദൈവം എന്റെ പ്രകാശമാകുന്നു" എന്നത്രെ തിരുമേനി തന്റെ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നതു്.

### ധന്യപദപ്രഖ്യാപനം

ഇക്കഴിഞ്ഞ ഫെബ്രുവരി 18-ാം-നു- ഞായറാഴ്ച വന്ദ്യനായ ആർബെറിക്കൊ ക്രെഷിത്തെല്ലി ധന്യൻ എന്നു പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്നു. 1951-ൽ നടന്ന ആദ്യത്തെ നാമകരണച്ചടങ്ങാണിതു. ചൈനയിൽവച്ചു രക്തസാക്ഷിമകുടംചൂടിയ ഒരു മിഷനറിവൈദികനാണ് പ്രസ്തുത ധന്യൻ. ഇക്കൊല്ലംതന്നെ പത്താംപീയൂസ് മാർപ്പാപ്പയേയും ധന്യൻ എന്നു പ്രഖ്യാപനം ചെയ്യുന്നതാണെന്നറിയുന്നു.

### റോമിലെ വികാരിജനറാൾ

പരേതനായ കാർഡിനൽ സെൽവഗ്ഗിയാനി തിരുമേനിയുടെ സ്ഥാനത്തു റോമിലെ വികാരിജനറാളായി റീത്തുകളുടെ തിരുസംഘത്തിന്റെ പ്രീഫെക്ടായ കാർഡിനൽ മിക്കാറ തിരുമേനി നിയമിതനായിരിക്കുന്നു.

### മോൺ. ഫ്രാങ്കോ നിര്യാതനായി

മൈലാപ്പൂർ രൂപതയിലെ മുൻവികാരിജനറാളായ മോൺസിഞ്ഞോർ ഫ്രാങ്കോ ബാതല്ലരെ സെൻറു് മത്താസ് ഹോസ്പിററലിൽവച്ചു ഫെബ്രുവരി 9-ാം തിയതി നിര്യാതനായിരിക്കുന്നു.

### കോട്ടയത്തെ വികാരിജനറാൾ

റവ. ഫാദർ സ്റ്റീഫൻ ഉരാളിൽ എം. എ. പി എച്ച്. ഡി. ഡി. ഡി. അവർകളെ കോട്ടയം രൂപതാ വികാരിജനറാളായി നിയമിച്ചിരിക്കുന്നു.

### ശ്രീ വി. എ. പാസ്കൽ നിര്യാതനായി

റിട്ടയർഡു് ഡി. എസ്. പി ശ്രീ വി. എ പാസ്കൽ ഫെബ്രുവരി 16-ാം തീയതി നിര്യാതനായിരിക്കുന്നു.

ഫാത്തിമാബാലസമിതി

# മാതൃക

പ്രിയകുഞ്ഞുങ്ങളേ,

നിങ്ങളെല്ലാവരും നല്ലപോലെ സംസാരിക്കുവാൻ കഴിവുള്ളവരാണു്. സംസാരിക്കുവാൻ മാത്രമല്ല ഭംഗിയായി വായിക്കുവാനും നിങ്ങൾക്കറിയാം. പൊടിപൊടിപ്പൻ പ്രസംഗങ്ങൾ ചെയ്യുവാൻ പ്രാപ്തിയുള്ളവരും നിങ്ങളിൽ പലരുമുണ്ടാകും. എന്നാൽ നിങ്ങൾ സംസാരിക്കുവാൻ ആരംഭിച്ച ആ ആദ്യസന്ദർഭം നിങ്ങൾ ഓർക്കുന്നുണ്ടോ? നിങ്ങൾ ഒന്നാമതായി ഉച്ചരിച്ച വാക്കേതാണു്? അതു നന്നായി ഉച്ചരിക്കുവാൻ നിങ്ങൾക്കു് സാധിച്ചതെങ്ങനെയാണു്? സ്വന്തകാര്യം ഓർമ്മയില്ലെങ്കിൽ നിങ്ങളുടെ അനുജന്മാരേയും ഇളയസഹോദരിമാരേയും സംസാരിക്കുവാൻ നിങ്ങളുടെ അമ്മമാർ പഠിപ്പിച്ചതു് നിങ്ങൾ ഓർമ്മിക്കുന്നുണ്ടാവണം. "ഈശോ", അല്ലെങ്കിൽ "തമ്പുരാൻ", അല്ലെങ്കിൽ "അമ്മ" എന്ന വാക്കു സ്ഫുടമായി പലപ്രാവശ്യം ശബ്ദിച്ചുകേൾപ്പിച്ചുകൊടുത്തതിന്റെ ഫലമായിട്ടാണു് പ്രസ്തുതവാക്കു ശരിയായി ശബ്ദിക്കുവാൻ അവക്കു കഴിഞ്ഞതു്. സംസാരിക്കുവാൻ നിങ്ങൾ പഠിച്ചതും ഇപ്രകാരംതന്നെയാണു്. ഇതിൽനിന്നും നമുക്കു മനസ്സിലാകുന്നതെന്താണു്? ഒരു വാക്കു ശരിയായി ശബ്ദിക്കുന്നതിനു് അതിന്റെ മാതൃക, ശബ്ദിക്കുവാൻ പഠിക്കുന്ന ആൾ കേട്ടിരിക്കണം.

നിങ്ങൾ ക്ലാസ്സിൽവച്ചു് പടങ്ങൾ വരയ്ക്കുന്നുണ്ടല്ലോ. ഡ്റോയിംഗ്മാസ്റ്റർ ബോർഡിൽ വരച്ചുതരുന്ന അഥവാ ഏതെങ്കിലും ബുക്കിൽനിന്നും കാണിച്ചുതരുന്ന മാതൃക നോക്കിയാണു് നിങ്ങൾ ചിത്രംവര പഠിക്കുന്നതു്. മാതൃകകൾ നോക്കി വരച്ചാണു് ഒരാൾ ഒരു ചിത്രകാരനായിത്തീരുന്നതു്.

ഒരാൾക്കു് ഒരു നല്ല പാട്ടുകാരനാകണമെങ്കിൽ അയാൾ ചെയ്യേണ്ടതും പാട്ടറിയാവുന്ന ആരെയെങ്കിലും സമീപിച്ചു് അയാളിൽനിന്നു പാട്ടുകൾ കേട്ടു അതുപോലെ പാടി പഠിക്കുകയാണു്. ഇതുപോലെ തന്നെയാണു് മറ്റെല്ലാസംഗതികളിലും.

ഉത്തമമായ ജീവിതം കഴിക്കുന്നതിനും മാതൃക വളരെ ഉപകാരപ്രദമാണു്. പുരാതന ഗ്രീസുരാജ്യത്തെക്കുറിച്ചു നിങ്ങൾ കേട്ടിരിക്കുമല്ലോ. സുപ്രസിദ്ധരായ രാജാക്കന്മാരാലും, രണവീരന്മാരാലും, തത്വശാസ്ത്രജ്ഞന്മാരാലും, ശില്പവിദഗ്ദ്ധന്മാരാലും, ഗ്രന്ഥകാരന്മാരാലും മറ്റും അനുഗൃഹീതമായിരുന്നു ആ രാജ്യം. ഗ്രീസിന്റെ തലസ്ഥാനമായ ഏതൻസുപട്ടണത്തിന്റെ ഒരു പ്രധാനഭാഗത്തു് ഗ്രീസിനു് പേരും പെരുമയും സമ്പാദിച്ചുകൊടുത്ത പ്രശസ്തരായ മേൽപ്പറഞ്ഞ മഹാരഥന്മാരിൽ അഗ്രഗണ്യന്മാരുടെ പ്രതിമകൾ സ്ഥാപിച്ചിരുന്നു. ഓരോ മഹാനും ഏതു വിഷയത്തിൽ പ്രശസ്തിനേടിയിരുന്നുവോ ആ വിഷയത്തിൽ വൈദഗ്ദ്ധ്യം സമ്പാദിക്കുവാനാഗ്രഹിക്കുന്ന രാജ്യവാസികളുടെ അനുകരണത്തിനുവേണ്ടിയായിരുന്നു അവരുടെ പ്രതിമകൾ അപ്രകാരം സ്ഥാപിച്ചിരുന്നതു്. മാതാക്കൾക്കു് അവരുടെ മക്കൾ ഏതുനിലയിൽ പ്രശസ്തരായിത്തീരണമെന്നു് ആഗ്രഹമുണ്ടായിരുന്നുവോ ആ സംഗതിയിൽ പേരുകേട്ട മഹാന്റെ പ്രതിമയുടെ മുമ്പിൽ മക്കളെ കൊണ്ടുചെന്നുനിർത്തി, അവരുടെ ഗുണഗണങ്ങൾ വർണ്ണിച്ചുകേൾപ്പിച്ചുകൊണ്ടു് അവരോടു് ഇപ്രകാരം പറയുമായിരുന്നു: "ഇതാ മകനേ, നിന്റെ മാതൃക. ഇദ്ദേഹത്തിന്റെ പ്രവൃത്തികളെ നീ അനുകരിക്കുകയും ഇദ്ദേഹത്തെപ്പോലെ നീ ആയിത്തീരുകയും ചെയ്യുക."

പ്രിയ കുഞ്ഞുങ്ങളേ, ഗ്രീസിലെ മാതാക്കൾ അവരുടെ മക്കൾക്കു് കാണിച്ചുകൊടുത്തിരുന്ന മാതൃകകൾ ലൗകികമായ ഓരോ വിഷയങ്ങളിൽ പ്രശസ്തരായിത്തീർന്നവരായിരുന്നു. ഈ മഹാന്മാർ ലൗകികമായ ഏതെങ്കിലും വിഷയത്തിൽ ഉന്നതിപ്രാപിച്ചിരുന്നു എന്നതുകൊണ്ടു് അവർ ഉത്തമന്മാർ അഥവാ സൽഗുണസമ്പന്നന്മാർ ആയിരുന്നു എന്നു വരുന്നതല്ല. ഉത്തമന്മാരായിത്തീരുന്നതിനു് വേറെ മാതൃകകളെ അന്വേഷിക്കേണ്ടിയിരിക്കുന്നു, ഉത്തമന്മാർ എന്നു പറഞ്ഞാൽ ജീവിതോദ്ദേശ്യമനുസരിച്ചു പ്രവർത്തിക്കുന്നവർ എന്നാണു് നാം മനസ്സിലാക്കേണ്ടതു്. ദൈവം എന്തുദ്ദേശ്യത്തോടുകൂടിയാണോ മനുഷ്യനെ സൃഷ്ടിച്ചതു് ആ ഉദ്ദേശ്യം സാധിക്കുന്നതിനു് പര്യാപ്തമായ ജീവിതം നയിക്കുന്നവരാണു് ഉത്തമന്മാർ അഥവാ നല്ലവർ. ഇങ്ങനെ നല്ലവരായിത്തീരുന്നതിനു ദൈവം നമുക്കു് പല മാർഗ്ഗങ്ങളും നല്കിയിട്ടുണ്ടു്. ഈ മാർഗ്ഗങ്ങളിൽസർവ്വപ്രാധാന്യമർഹിക്കുന്നതു് അവിടുന്നു നമുക്കു് നല്കിയിട്ടുള്ള ഒരു മാതൃകയാണു്. അതുല്യവും, അതിവിശിഷ്ടവും, അനുകരണത്തിനു് ഏററവും പററിയതും, കുട്ടികൾക്കു് വളരെ ആകർഷകവും അനുയോജ്യവുമായ പ്രസ്തുത മാതൃകയെക്കുറിച്ചു് അടുത്ത ലേഖനത്തിൽ പ്രതിപാദിക്കാം.

"മനുഷ്യമാർഗ്ഗമീശൻ തൻ
ഹിതത്തിന്നൊക്കുമെങ്കിലോ
അവിടുന്നു ഭവിപ്പിക്കും
ശത്രുവേക്കൂടി മിത്രമായി."

(സുഭാഷിതങ്ങൾ XVI. 7.)

എന്നു് സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

താഴെ ചേക്കുന്ന പേരുകൾ അവരുടെ ജീവിതകാലക്രമമനുസരിച്ചു് എഴുതുക.

ജൂലിയസ് സീസർ, ചന്ദ്രഗുപ്തൻ, സോക്രട്ടീസ്, മഹാനായ ആൽഫ്റഡ്, മഹമ്മദ്.

ഉത്തരം

സോക്രട്ടീസ് (469—399 ബി. സി), ചന്ദ്രഗുപ്തൻ (321—296 ബി. സി.), ജൂലിയസ് സീസർ (102—44 ബി. സി.), മഹമ്മദ് (570—632 എ. ഡി.), മഹാനായ ആൽഫ്റഡ് (848—900 എ. ഡി.)



## പുസ്തകാഭിപ്രായം

### ചാരിത്രതാരം

(ഒരു ഗദ്യനാടകം — ഗ്രന്ഥകർത്താവു ശ്രീ കെ. സി. മണിമല. പക്ഷം 60. വില 10 ണ. പ്രതികൾ ഗ്രന്ഥകർത്താവിനോടു് ആവശ്യപ്പെടുക. സെൻറ് ജോർജ്ജ്സ് ഹൈസ്കൂൾ, മണിമല)

വി. മരിയാഗൊരേത്തിയുടെ രക്തസാക്ഷിചരിത്രമാണു് ചാരിത്രതാരത്തിലെ കഥാവസ്തു. മരിയായുടെ ഘാതകനായ അലക്സാൻററിന്റെ അപഥസഞ്ചാരത്തിന്റെ മൂലമായി ദുഷിച്ച സാഹിത്യവും അശ്ലീലചിത്രങ്ങളും മാതാപിതാക്കന്മാരുടെ അശ്രദ്ധയുമാണു് നാടകകാരൻ ഇതിവൃത്തത്തിൽ ചേർത്തിട്ടുള്ളതു്. മരിയയുടെ മാതാപിതാക്കന്മാരുടെ മാതൃകാപരമായ ജീവിതം പല രംഗങ്ങളിലും വ്യക്തമായി കാണാം. അലക്സാൻററിന്റെ വീട്ടുകാരും മരിയാഗൊരേത്തിയുടെ വീട്ടുകാരും ഒരേ ഭോജനീയും ഒരേ അടുക്കളയുമാണു് ഉപയോഗിച്ചിരുന്നതു് എന്നും മരിയായുടെ ശോകപൂർണ്ണമായ അന്ത്യത്തിനു മാർഗ്ഗം തെളിക്കുന്നുണ്ടു്. അലക്സാൻറരോടു് പോലീസ് ഇൻസ്പെക്ടർ ചെയ്യുന്ന പ്രസംഗം ഗ്രന്ഥകാരന്റെ വാക്യകാവ്യപാണ്ഡിത്യത്തിനു് ഒരു മകുടോദാഹരണമാണു്. അവസാനഭാഗം ഉദ്ധരിക്കാം: "മനുഷ്യത്വത്തിന്റെ മഹനീയതയ്ക്കു മാററുകൂട്ടുന്ന മധുരസന്ദേശം. ശത്രുവിനോടു പൂർണ്ണമായും ക്ഷമിക്കുക. "ഞാൻ അലക്സാൻറരോടു് ക്ഷമിക്കുന്നു. അയാൾ പശ്ചാത്തപിക്കുവാൻ ഞാൻ പ്രാർത്ഥിക്കും." ഹാ, അന്ത്യശ്വാസത്തോടൊന്നിച്ചു ആ പവിഴാധരങ്ങളിൽനിന്നു നിർഗ്ഗളിച്ച വചനങ്ങൾ. മഹാദ്രോഹീ, ആ ഏഡയവ്ശാലതയുടെ മുമ്പിലെങ്കിലും നിന്റെ മുട്ടുകൾ മടങ്ങുകയില്ലേ? നീണ്ടമർന്ന കൈകൾ കൂപ്പുകയില്ലേ? വേണ്ട. നിനക്കർഹമായ സ്ഥലത്തേക്കുതന്നെ മടങ്ങുക."

അലക്സാൻററിന്റെ മാനസാന്തരശേഷം ചെയ്യുന്ന ആത്മഗതങ്ങൾ മനോഹരങ്ങളാണു്: "അലക്സാൻറർ നീ ആരാണു്? യുവലോകത്തിനു് എന്റെ മുമ്പിൽ ഉയർത്തുവാനുള്ള അർത്ഥഗർഭമായ ഒരു ചോദ്യചിഹ്നം. നരജീവിതത്തിലെ ഒരു നാണക്കേടിന്റെ ഭാരിച്ച ഭാണ്ഡവുമായി ഇഴഞ്ഞുനീങ്ങുന്ന ഒരു വൃത്തികെട്ട ജീവി. ആത്മാവിന്റെ അമൂല്യതയെ അധമവികാരത്തിൽ മുക്കിക്കൊല്ലുന്ന നെറിവുകേടിന്റെ നീചസന്താനം. ജീവിതവിശുദ്ധിയുടെ പിമ്പേ വൈരാഗ്യത്തിന്റെ കൊലക്കയറുമായി വിരണ്ടുപായുന്ന വികൃതിക്കോമരം. ഹാ അങ്ങനെ നീണ്ടുനില്ക്കുന്ന നിരവധി ഉത്തരങ്ങൾ ഇതാ നിരന്നുനില്ക്കുന്നു."

ഈദൃശങ്ങളായ പ്രഭാഷണങ്ങൾ സുന്ദരങ്ങൾതന്നേയാണു്. പ്രകടപ്രസംഗത്തിനു തിരഞ്ഞെടുക്കുവാൻ പററിയ ഭാഗങ്ങളാണെന്നു നിസ്സംശയം പറയാം. അവതാരകനായ ഫാദർ തോമസ് വടശ്ശേരി ഗ്രന്ഥകാരനെ ഇപ്രകാരം അനുമോദിക്കുന്നു: "പുരോഗമനസാഹിത്യം" എന്ന മേന്മയേറിയ നാമത്തിന്റെ മറപിടിച്ചു മനുഷ്യവംശത്തിന്റെ മലിനവശങ്ങളെ ചിത്രീകരിച്ചു മൃഗതുല്യരായ മനുഷ്യരെ മത്തുപിടിപ്പിക്കുന്ന ചിലരുടെ വഴിപിഴച്ച നയത്തിനു വിപരീതമായി ഉൽകൃഷ്ടവും സനാതനവുമായ ആദശ്ശങ്ങൾ ഉപയോഗിച്ചു മനുഷ്യന്റെ ലോകജീവിതത്തെ സമാധാനനിർഭരവും സൗഭാഗ്യസമ്പൂർണ്ണവുമായ പാരത്രികജീവിതത്തിന്റെ നാന്ദിയായിട്ടു് എത്രയും ഹൃദയാകർഷകമായവിധം ചിത്രീകരിക്കുന്ന ഒരു അനുഗൃഹീത തൂലികയത്രെ മി. ജെയിംസിന്റേതു്."

ഇങ്ങനെ പല ഗുണങ്ങളും "ചാരിത്രതാര"ത്തിനുണ്ടെങ്കിലും, ഗ്രന്ഥം ഏവക്കും വാങ്ങി വായിക്കാവുന്നതാണെങ്കിലും, ഇതിലെ ചില രംഗങ്ങൾ ഭക്തസഖ്യങ്ങൾക്കു് അഭിനയിക്കുവാൻ പററിയതല്ലെന്നാണു് നിരൂപകന്റെ വിനീതമായ അഭിപ്രായം. മരിയയെ പാപത്തിനു പ്രേരിപ്പിക്കുന്ന രംഗങ്ങൾ കൂടാതെ വിശുദ്ധയുടെ ജീവചരിത്രം നാടകമാക്കുവാൻ നിവൃത്തിയില്ല. ആ രംഗങ്ങൾ എത്ര സമർത്ഥമായി രചിച്ചാലും അഭിനയിക്കുവാൻ പററുന്നതായിരിക്കയില്ല. കഥാവസ്തുവിലുള്ള ഈ വൈഷമ്യം മററു നാടകകൃത്തുകളും അനുസ്മരിക്കുന്നതു് നന്നായിരിക്കും.

ചാരിത്രതാരത്തിനും ഗ്രന്ഥകാരനും വിജയാനുമോദനങ്ങൾ.

T. M.

## ബാലമിത്രം

അഥവാ

## വി. ജോൺബോസ്കോ

ഗ്രന്ഥകർത്താ: സ്വന്തം വല്യച്ചൻ

(സത്യദീപത്തിലെ ബാലരംഗത്തിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്ന ബോസ്കോചരിതം.)

വില 1 രൂപ

മാർ ളൂയിസ് മെമ്മോറിയൽപ്രസ്സ്, എറണാകുളം

## കഥാചന്ദ്രിക

(എസ്. എച്ച്. ലീഗു്, മംഗലപ്പുഴ സെമ്മിനാരി, ആലുവാ, പേജ് 278. വില 1രൂ. 12 ണ.)

എൺപത്തിരണ്ടു് ചെറുകഥകളുടെ ഒരു മനോഹരസമാഹാരമാണു് പ്രകൃതഗ്രന്ഥം. കഥകളിൽ മിക്കവയും ചരിത്രസംഭവങ്ങളിൽനിന്നു ഉടലെടുത്തിട്ടുള്ളവയും "കത്തോലിക്കാകുടുംബ"ത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളവയുമാണു്. അവ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്താൻ പ്രസാധകന്മാർ തീരുമാനിച്ചതു ഏററവും അഭിനന്ദനീയമായിരിക്കുന്നു. പ്രത്യേകിച്ചും, മനുഷ്യന്റെ മനസ്സിനെ അധഃപതിപ്പിക്കുന്നതിനും അവന്റെ സന്മാർഗ്ഗബോധത്തെ കെടുത്തുന്നതിനും പര്യാപ്തമായ വഷളായ കഥകൾ "പുരോഗമന"ത്തിന്റെ പേരിൽ പ്രചുരമായി പ്രചരിച്ചുവരുന്ന ഇക്കാലത്തു് ആദർശസുരഭിലങ്ങളും അതേസമയം ആനന്ദപ്രദങ്ങളുമായ ഈദൃശകഥകൾ എത്ര സ്വാഗതാർഹങ്ങളാണെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഗ്രന്ഥത്തിന്റെ അവസാനത്തിൽ ചേർത്തിരിക്കുന്ന "വിഷയസൂചി" ഓരോ വിഷയത്തിനും യോജിക്കുന്ന കഥകൾ തിരഞ്ഞെടുക്കാൻ പ്രാസംഗികന്മാർക്കും മററും വളരെ സഹായകമായിരിക്കും. ഈ ഗ്രന്ഥത്തെ പണ്ഡിതോചിതമായ ഒരവതാരികകൊണ്ടു് അലങ്കരിച്ചിരിക്കുന്ന പാലാമെത്രാൻ റൈററ്റവ. ഡോക്ടർസെബാസ്റ്റ്യൻവയലിൽ തിരുമേനിയുടെ വാക്കുകളിൽ ഈ നിരൂപണം ഉപസംഹരിച്ചുകൊള്ളട്ടെ: "ലോകത്തെ മുഴുവൻ വെള്ളിയിൽ മുക്കുന്ന ശീതളമായ പൂനിലാവു് എല്ലാവരുടേയും ഹൃദയത്തെ കുളൂപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ "കഥാചന്ദ്രിക"യും കൈരളിയുടെ ഹൃദയത്തിനു കുളിർമ്മയും മനസ്സിനു പ്രകാശവും പ്രദാനംചെയ്യുമാറാകട്ടെ."

## കുടിൽവ്യവസായ ചന്ദ്രിക


(ഗ്രന്ഥകർത്താ: ചടയമംഗലം എസ്. എ. പിള്ള. പ്രസാധകൻ ജോസഫ് മണിയാങ്കരി, അതിരമ്പുഴ. പേജ് 46. വില 10 ണ.)

ഭാരതത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിക്കാരാണു്. കൃഷിക്കാക്കു എല്ലാപ്പോഴും ജോലിയുണ്ടായിരിക്കുന്നതുമല്ല. പ്രസ്തുത വിശ്രമവേളകളെ കുടിൽവ്യവസായങ്ങൾക്കായി വിനിയോഗിക്കുന്നതു അവരുടെ സാമ്പത്തികവും സാമ്പത്തികവുമായ സുസ്ഥിതിക്കും പുരോഗതിക്കും നിദാനമായിരിക്കും. ആകയാൽ "കുടിൽവ്യവസായചന്ദ്രിക"യുടെ പുറപ്പാടു ശ്ലാഘനീയമായിരിക്കുന്നു. വാഴനാരു, പിറുത്തിച്ചുക്ക, വാഷിംഗ് സോപ്പു്, പട്ടുനൂൽ, കറിപ്പുളിനാരു്, ദകശതൈലം ആദിയായവ സംബന്ധിച്ച പല വ്യവസായങ്ങളെപ്പററിയും ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ ഗ്രന്ഥത്തിന്റെ ഭൂരിഭാഗവും പാചകവിധികളെപ്പററി പ്രതിപാദിക്കാനാണു വിനിയോഗിച്ചിരിക്കുന്നതു്. അവയെല്ലാം വ്യവസായദൃഷ്ട്യാ എത്രമാത്രം പ്രാധാന്യമുണ്ടെന്നറിഞ്ഞുകൂടാ. എങ്ങനെയായാലും പലതരം "ജാം" ഉണ്ടാക്കുന്ന വിധം വിവരിച്ചിരിക്കുന്നതു വ്യവസായകുതുകികൾക്കും അല്ലാത്തവക്കും ഒരുപോലെ പ്രയോജനപ്രദമായിട്ടുണ്ടു്. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുന്നു.

P. I. J.

## മെത്രാപ്പോലീത്തായ്ക്കു സ്വീകരണം

ബോംബെ അതിരൂപതയുടെ മെത്രാപ്പോലീത്തായായി നിയമിതനായിരിക്കുന്ന മോസ്റ്റ് റവ. ഡോക്ടർ വലേര്യൻ ഗ്രേഷ്യസ് തിരുമേനിക്കു, ബോംബെ നഗരത്തിലെ മേയർ ശ്രീ എസ്. കെ. പട്ടീൽ മുനിസിപ്പാലിററിവക കോർപറേഷൻഹാളിൽവച്ചു് ഫെബ്രുവരി 6-ാംനു ഗംഭീരമായ ഒരു സ്വീകരണം നല്കിയിരിക്കുന്നു. തദവസരത്തിൽ നഗരത്തിലെ ഷെറിഫ്, മുൻമേയർമാർ, കളക്ററർ, ജസ്റ്റിസ് ഭഗ്വതി ആദിയായ പ്രമുഖവ്യക്തികൾ സന്നിഹിതരായിരുന്നു. മേയരുടെ മംഗളാശംസകൾക്കു മറുപടിയായി മെത്രാപ്പോലീത്താ തിരുമേനി ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "ഒരു മതേതരരാജ്യമാണു നമ്മുടേതു് എന്നുവരികിലും, നമ്മുടെ പരിഷ്കാരത്തിന്റെ പ്രത്യേകസ്വഭാവവും നമ്മുടെ ഭരണഘടനയിലെ വ്യവസ്ഥകളും ആദ്ധ്യാത്മികവും സന്മാർഗ്ഗികവുമായ മൂല്യങ്ങൾക്കു ന്യായമായ സ്ഥാനമാണു നല്കിയിരിക്കുന്നതു്. സ്വാതന്ത്ര്യം ഗൗരവമായ ചുമതലകളേയും ആവിർഭവിപ്പിക്കുന്നുണ്ടെങ്കിൽ, ഒരു മതനേതാവിനു സ്വരാജ്യത്തിനും നഗരത്തിനും വേണ്ടി ചെയ്യാവുന്ന പ്രധാന സേവനം നാടിന്റെ നന്മയ്ക്കും അഭിവൃദ്ധിക്കുംവേണ്ടി—വിശിഷ്യ നേതാക്കൾക്കു് ആവശ്യമായ വിജ്ഞാനവും ധർമ്മധീരതയും ലഭിക്കുന്നതിനും, വിവിധസമുദായാംഗങ്ങളായ പൗരന്മാർ പരസ്പരധാരണയും സഹകരണബുദ്ധിയും പുലർത്തുന്നതിനും, മാതൃരാജ്യത്തിന്റെ നന്മയെ ലക്ഷ്യമാക്കി ഏവരും നിസ്സ്വാർത്ഥമായും തീക്ഷ്ണമായും അദ്ധ്വാനിക്കുന്നതിനും വേണ്ടി—പ്രാർത്ഥിക്കുക എന്നതാണു്."




# സഭയുടെ വിരോധികളോ?

പിന്നെ അവൻ ഊമനായ ഒരു പിശാചിനെ പുറത്താക്കിയപ്പോൾ ആ പിശാച് പുറപ്പെട്ടുപോയശേഷം ആ ഊമൻ സംസാരിക്കയും ജനക്കൂട്ടം വിസ്മയിക്കയും ചെയ്തു. എന്നാൽ അവരിൽ ചിലർ: ഇവൻ പിശാചുക്കളുടെ തലവനായ ബെൽസെബോവിനെക്കൊണ്ടു് പിശാചുക്കളെ പുറത്താക്കുന്നു എന്നു പറഞ്ഞു. മറ്റുചിലരോ, അവനെ പരീക്ഷിച്ചുകൊണ്ടു് സ്വർഗ്ഗത്തിൽനിന്നു് ഒരടയാളം അവനോടു ചോദിച്ചു. അവരുടെ വിചാരങ്ങൾ അറിഞ്ഞിരുന്ന ഈശോ അവരോടു് അരുളിച്ചെയ്തു: തനിക്കുതന്നെ വിരോധമായി ഭിന്നിക്കുന്ന ഏതുരാജ്യവും നശിക്കും. തനിക്കുതന്നെ വിരോധമായി ഭിന്നിക്കുന്ന ഭവനവും വീണുപോകും. സാത്താൻ തനിക്കുതന്നെ വിരോധമായി ഭിന്നിക്കുന്നെങ്കിൽ അവന്റെ രാജ്യം എങ്ങനെ നിലനില്ക്കും? ഞാൻ ബെൽസെബോവിനെക്കൊണ്ടു പിശാചുക്കളെ പുറത്താക്കുന്നു എന്നു് നിങ്ങൾ പറയുന്നുവല്ലോ. ഞാൻ ബെൽസെബോവിനെക്കൊണ്ടു പിശാചുക്കളെ പുറത്താക്കുന്നുവെങ്കിൽ നിങ്ങളുടെ മക്കൾ എന്തിനെക്കൊണ്ടു പുറത്താക്കുന്നു? ആകയാൽ അവർ നിങ്ങളുടെ വിധികർത്താക്കളായിരിക്കും. എന്നാൽ ഞാൻ ദൈവത്തിന്റെ വിരൽകൊണ്ടു് പിശാചുക്കളെ പുറത്താക്കുന്നെങ്കിൽ ദൈവരാജ്യം നിങ്ങൾക്കു് സമീപിച്ചിരിക്കുന്നു. ബലവാനായ ഒരുത്തൻ ആയുധം ധരിച്ചു് തന്റെ അങ്കണം കാക്കുമ്പോൾ അവന്റെ സമ്പാദ്യം സുരക്ഷിതമായിരിക്കുന്നു. എന്നാൽ അവനെക്കാൾ ബലവാനായ ആരെങ്കിലും വന്നു് അവനെ ജയിച്ചാൽ അവൻ ആശ്രയിച്ചിരുന്ന ആയുധമെല്ലാം പിടിച്ചെടുക്കുകയും കൊള്ളചെയ്യപ്പെട്ട വസ്തു ഭാഗിക്കുകയും ചെയ്യും. എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു; എന്നോടുകൂടി ചേരാത്തവൻ ചിതറിക്കപ്പെടുകതന്നെ ചെയ്യും. അശുദ്ധാത്മാവു് ഒരു മനുഷ്യനിൽനിന്നു് പുറപ്പെടുമ്പോൾ അതു പോയി വെള്ളമില്ലാത്ത സ്ഥലങ്ങളിൽ ചുററി സഞ്ചരിച്ചു് തനിക്കു് ആശ്വാസം അന്വേഷിക്കുന്നു. കണ്ടെത്താത്തപ്പോൾ: ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്കു തിരിച്ചു ചെല്ലും എന്നു പറയുന്നു. അതു വന്നു് അവിടം അടിച്ചുവാരി അലങ്കരിക്കപ്പെട്ടതായി കണ്ടെത്തിയാൽ, പോയി തന്നെക്കാൾ ദുഷ്ടരായ വേറെ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടുവന്നു് അവർ അവിടെ കയറിപ്പാർക്കുന്നു. ഇങ്ങനെ ആ മനുഷ്യന്റെ അവസാനം ആദ്യത്തേതിനെക്കാൾ നികൃഷ്ടമായിത്തീരുന്നു. അവൻ ഇവ അരുളിച്ചെയ്തപ്പോൾ ജനക്കൂട്ടത്തിൽനിന്നു് ഒരു സ്ത്രീ ഉയർന്നസ്വരത്തിൽ അവനോടു: നിന്നെ വഹിച്ച ഉദരത്തിനും നിന്നെ കുടിപ്പിച്ച മുലകൾക്കും ഭാഗ്യം! എന്നു പറഞ്ഞു. അവൻ അവളോടു: ദൈവത്തിന്റെ വചനം കേൾക്കുകയും അതു് അനുസരിക്കുകയും ചെയ്യുന്നവർക്കു ഭാഗ്യം! എന്നരുളിച്ചെയ്തു. (നോമ്പു് 3-ാം ഞായർ; സുവിശേഷം: ലൂക്കാ XI, 14—28)

കൊച്ചി തിരുവിതാംകൂർ സംയോജനത്തിനു മുമ്പുണ്ടായിരുന്ന കൊച്ചിയിലെ നിയമനിർമ്മാണസഭയിൽ ചരിത്രപ്രസിദ്ധമായ "മിൻസെന്തിപ്രമേയം" അവതരിക്കപ്പെട്ടപ്പോൾ അവതാരകനായിരുന്ന ഒരു കത്തോലിക്കാ എം. എൽ. എ. യോടു അദ്ദേഹത്തിന്റെ അഭ്യസ്തവിദ്യനായ ഒരു യുവസ്നേഹിതൻ ഇപ്രകാരം പറയുകയുണ്ടായി: "നിങ്ങൾ എന്തു പണിയാണു് ഈ കാട്ടിയതു്? പള്ളിയുടേയും പട്ടക്കാരുടേയും സ്വന്തം ആളാണെന്നു മുദ്രകുത്തിക്കഴിഞ്ഞാൽ എങ്ങനെയാണു് നിങ്ങൾക്കു് ശോഭനമായ ഒരു ഭാവിയുണ്ടാകുക? ഭാവിശ്രേയസ്സിന്റെ നാരായവേരിനല്ലെ നിങ്ങൾ കോടാലിവെച്ചുകഴിഞ്ഞതു്? വിഡ്ഢിത്തം; മഹാ വിഡ്ഢിത്തം!" നോക്കണം! പള്ളിയുടേയും പട്ടക്കാരുടേയും—സഭയുടേയും, മാർപ്പാപ്പാ, മെത്രാന്മാർ, വൈദികർ എന്നിവരടങ്ങിയ സഭാഭരണചക്രത്തിന്റേയും—സ്വന്തം ആളായി വർത്തിക്കുന്നതു് വിഡ്ഢിത്തമാണെന്നും ഉൽക്കർഷത്തിനു് ഹാനികരമാണെന്നും ആത്മഹത്യാപരമായ ഒരു കൃത്യമാണെന്നും മററും അഭ്യസ്തവിദ്യനായ ഒരു യുവകത്തോലിക്കൻ തട്ടിമൂളിക്കുമ്പോൾ ഹൃദയമുരുകിക്കൊണ്ടു് പരിതപിക്കയല്ലാതെ മറെറന്താണു ചെയ്യുക? ഇങ്ങനെയുള്ളവർ കത്തോലിക്കരിൽ ധാരാളമുണ്ടെന്നുള്ളതും ശോചനീയമായ ഒരു പരമാർത്ഥമാണു്. ചരിത്രപുരുഷനായ ക്രിസ്തു കാൽവരിയിലെ മഹായജ്ഞം അനുഷ്ഠിച്ചശേഷം പുനരുത്ഥാനംചെയ്തു സ്വർഗ്ഗത്തിലേക്കു കയറിപ്പോയെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ ക്രിസ്തുവിന്റെ ജീവിതം ഇന്നും മൗതികമായ വിധത്തിൽ തുടർന്നുവരുന്നുണ്ടു് കത്തോലിക്കാതിരുസ്സഭയിൽ. ക്രിസ്തുവാണു് സഭ; സഭയാണു് ക്രിസ്തു. തന്നിമിത്തം ഇന്നത്തെ സുവിശേഷത്തിൽ, "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു; എന്നോടുകൂടി ചേരാത്തവൻ ചിതറിക്കപ്പെടുകയും ചെയ്യും" എന്നുള്ള ക്രിസ്തുനാഥന്റെ വാക്യംതന്നെ, "സഭയോടുകൂടിയല്ലാത്തവൻ സഭയ്ക്കു വിരോധിയാകുന്നു; സഭയോടുകൂടി ചേരാത്തവൻ ചിതറിക്കപ്പെടുകയും ചെയ്യും" എന്നു് അല്പം വ്യത്യസ്തമായിപ്പറയുന്നതിൽ യാഥാർത്ഥ്യം മാത്രമായിരിക്കും ഉൾക്കൊള്ളുക.

മൂന്നുകൊല്ലംമുമ്പു് പരിശുദ്ധപിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് തന്റെ നാമകാരണനായ വി. യൂജനിയസിന്റെ തിരുനാളിൽ ചെയ്ത സുപ്രസിദ്ധമായ പ്രഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "നാം ജീവിക്കുന്ന ഈ കാലഘട്ടം ഭയപുളകംകൊള്ളിക്കുന്ന ഒന്നാണു് . . . യാഥാർത്ഥ്യങ്ങൾ സ്പഷ്ടമായിക്കഴിഞ്ഞു. അന്തരാത്മാവിന്റെ അടിത്തട്ടിൽ ക്രിസ്തീയചൈതന്യത്തിന്റെ ഒരു തീപ്പൊരിയെങ്കിലും അവശേഷിച്ചിട്ടുള്ള ഏതൊരുവനും ഉണരേണ്ട നിമിഷം ഇതാണു്. ഈ ഉണർവു് ചിലരുടെ സുഖസുഷുപ്തിക്കു് അഹിതകരമായ ഒരു വിഘ്നമായിരിക്കും. അവരുടെ ഉറക്കത്തിൽ ഒരിക്കലും ചിന്താവിഷയമാകാതിരുന്ന ചില ത്യാഗാനുഷ്ഠാനങ്ങളും പരിവർത്തനങ്ങളും പരമാർത്ഥങ്ങളുടെ പകൽവെളിച്ചത്തിൽ അവർ ദർശിക്കുന്നു; പക്ഷെ അവയിൽനിന്നു ഇനി രക്ഷപ്രാപിക്കുവാൻ സാദ്ധ്യവുമല്ല . . . . ." ഇതിനെത്തുടർന്നു് തിരുമനസ്സുകൊണ്ടു്, ഒരു യഥാർത്ഥക്രിസ്ത്യാനിക്കു് സ്വാർത്ഥപരമായസുഖജീവിതവും ഒരൊഴിഞ്ഞ മനസ്ഥിതിയും (isolationism) ഇത്തരുണത്തിൽ സാദ്ധ്യമല്ലെന്നും പ്രസ്താവിക്കുന്നു. ഭാഗ്യസ്മരണാർഹനായ 11-ാംപീയൂസ് തിരുമനസ്സുകൊണ്ടു്: "ഈ കാലഘട്ടത്തിൽ കേവലം ഒരു മന്ദോഷ്ണസ്ഥിതി സ്വീകരിക്കുവാൻ ആർക്കും അവകാശമില്ല" എന്നു് നമുക്കു് മുന്നറിയിപ്പും നൽകിയിട്ടുണ്ടു്. ഒരു ക്രിസ്ത്യാനിക്കു രണ്ടു നിലപാടുമാത്രമേ സ്വീകരിക്കുവാൻ നിവൃത്തിയുള്ളു; ഒന്നുകിൽ സഭയോടുകൂടി യോജിച്ചു ജീവിക്കുക; അല്ലെങ്കിൽ, സഭയോടു എതിരായി ജീവിക്കുക. "എന്നോടുകൂടിയില്ലാത്തവൻ എനിക്കു വിരോധിയാകുന്നു." മൂന്നാമതൊരു നിലപാടു് സാദ്ധ്യമല്ലെന്നാണു് ക്രിസ്തുനാഥൻ പറയുന്നതു്. സഭയുടേയും ഹയരാർക്കിയുടേയും കൂടെയല്ലാത്തവൻ—സഭാഭരണത്തോടു യോജിച്ചും സഹകരിച്ചും വിശ്വസ്തനായി ജീവിക്കാത്തവൻ—സഭയ്ക്കു വിരോധമായി പ്രത്യക്ഷത്തിൽ യാതൊന്നും പ്രവർത്തിക്കുന്നില്ലെങ്കിൽതന്നെയും അവൻ സഭയുടെ വിരോധിയാണു്. ഒന്നുകിൽ സഭയോടുകൂടെ; അല്ലെങ്കിൽ സഭയുടെ വിരോധി: ഇതല്ലാതെ ഒരു നിഷ്പക്ഷതാനയം സ്വീകരിക്കുവാൻ സാദ്ധ്യമല്ല. എല്ലാവരും മനസ്സിലാക്കിയിരിക്കേണ്ട ഒരു പരമാർത്ഥമാണിതു്. സഭയോടുകൂടിയല്ലാത്തവൻ, "ഏയ്, എനിക്കു സഭയോടു വിരോധമോ എതിരോ ഒന്നുമില്ല. ഞാൻ ഒന്നിലും പ്രവേശിക്കാതെ ഒഴിഞ്ഞുമാറി നിഷ്പക്ഷമായി നിൽക്കുന്നുവെന്നേയുള്ളു" എന്നു പറയുമ്പോൾ അവൻ സഭയുടെ വിരോധിയാണെന്നോ അഥവാ കാലവിളംബമെന്യേ അപ്രകാരമായിത്തീരുമെന്നോ അനുമിക്കാവുന്നതാണു്. സ്പെയിൻ, മെക്സിക്കോ, ചെക്കോസ്ലോവാക്യ മുതലായ യൂറോപ്യൻ രാജ്യങ്ങളിൽ എമ്പതും തൊണ്ണൂറും ശതമാനം കത്തോലിക്കരുണ്ടു്. എന്നിട്ടും നിരീശ്വരത്വവും നിർമ്മതത്വവും വിപ്ലവങ്ങളും അവിടെ വിജയം വരിച്ചെങ്കിൽ അതിനുള്ള കാരണം കത്തോലിക്കരുടെ ഈ നിഷ്പക്ഷതാനയമാണു്. വലിയൊരു പങ്കു കത്തോലിക്കർ സഭയോടു ചേർന്നുനില്ക്കാതെ—എങ്കിലും സഭയ്ക്കു വിരുദ്ധമായി ഒന്നും പ്രവർത്തിക്കാതെ—നിഷ്പക്ഷത പാലിക്കുവാൻ ശ്രമിച്ചു. കത്തോലിക്കാ സാഹിത്യകാരന്മാർ തൂലികാഖഡ്ഗത്തെ ഉറയിലിട്ടു് ഉദാസീനതയിലാണ്ടു; സുപ്രസിദ്ധവാഗ്മികൾ നിഷിദ്ധങ്ങളായ വിപ്ലവങ്ങൾക്കെതിരായി അവരുടെ സ്വരമുയർത്താതെ മൗനം ഭജിച്ചു; കലാകാരന്മാർ ഭൗതികത്വത്തേയും നിർമ്മതത്വത്തേയും തടയാൻ മുതിർന്നില്ല; പത്രപ്രവർത്തകന്മാർ സുധീരമായ ഒരു നിലയവലംബിക്കാതെ ഒഴിഞ്ഞുമാറി; ഉദ്യോഗസ്ഥപ്രമുഖന്മാരും നിയമനിർമ്മാതാക്കളും "ഞാനൊന്നുമറിഞ്ഞില്ലേ" എന്ന മട്ടിൽ നിഷ്പക്ഷതയുടെ മൂടുപടം ധരിച്ചു. എന്തുസംഭവിച്ചു? അചഞ്ചലചിട്ടരായിരുന്ന വിപ്ലവവീചിയിൽ അവരെല്ലാവരും കാലുതെററി വീണു് ഒഴുക്കിൽപെട്ടുപോയി; വിപ്ലവപ്രവാഹം അവരെ ഗ്രസിച്ചുകഴിഞ്ഞു; നിർമ്മതത്വത്തിന്റെ ഭയങ്കര മുഷ്ടികളിൽ അവർ അമർന്നുകഴിഞ്ഞു. അവരെല്ലാവരും സഭയുടെ വിരോധികളായിത്തീർന്നു; "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു."

തന്നിമിത്തം സഭയോടുള്ള അനാസ്ഥയും നിഷ്പക്ഷതയും സഭാവിദ്വേഷത്തിലാണു് ചെന്നവസാനിക്കുകയെന്നു കേരളീയ കത്തോലിക്കരും എത്രയും വേഗത്തിൽ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണു്. ക്രിസ്തുവിന്റെ ജനനവേളയിലും ഇപ്രകാരമുള്ള ഒരനാസ്ഥ പ്രത്യക്ഷമായി. ആരും തന്നെ അങ്ങേക്കു ഭൂജാതനാകുവാൻ സ്ഥലം നൽകിയില്ല. ഇതു കരുതിക്കൂട്ടിച്ചെയ്ത പ്രകടമായ ഒരു തിരസ്കരണമായിരുന്നുവെന്നു പറഞ്ഞുകൂടാ. യൗസേപ്പിനേയും മറിയത്തേയും അവർ ഭീഷണിപ്പെടുത്തിയില്ല; മർദ്ദിച്ചില്ല. "ഇവിടെ സ്ഥലമില്ല" എന്നു മാത്രമേ അവർ പറഞ്ഞുള്ളു. പക്ഷെ, രണ്ടുകൊല്ലം തികയുന്നതിനുമുമ്പു് ഒരു കൊടുംപാതകിയെയെന്നപോലെ അവര അങ്ങയെ സർവ്വത്ര തിരയുകയായി. അവിടുന്നു എവിടെ ജനിച്ചാലും വേണ്ടതില്ല എന്നുള്ള നിഷ്പക്ഷഭാവം മാറിപ്പോകയും അങ്ങയെ ലോകത്തിലൊരിടത്തും കണ്ടുപോകരുതെന്നു അവർ ആക്രോശിക്കയുംചെയ്തു. രണ്ടു വയസ്സു തികയാത്ത ആൺകുട്ടികളെയെല്ലാം കൊന്നൊടുക്കുവാൻ ഹേറോദേശ് ആജ്ഞാപിച്ചു. അങ്ങനെ വജ്രഹൃദയരായ പടയാളികൾ അനേകം നിർമ്മലശിശുക്കളെ വധിച്ചു. മതത്തിന്റെ സ്ഥാനത്തു മതവിദ്വേഷവും നിഷ്പക്ഷതയുടെ സ്ഥാനത്തു് മർദ്ദനവും പ്രത്യക്ഷപ്പെട്ടു. ക്രിസ്തുവിനോടും സഭയോടും അനാസ്ഥമായി പെരുമാറുവാൻ പരിശ്രമിക്കുന്ന ഏതൊരുവനും അനതിവിദൂരഭാവിയിൽതന്നെ അങ്ങയേയും അങ്ങേ മണവാട്ടിയേയും അവശ്യം ദ്വേഷിക്കയും പീഡിപ്പിക്കയും ചെയ്യുമെന്നു ഇതിൽനിന്നനുമിക്കാം. കഴിഞ്ഞ നൂററാണ്ടിൽ സഭയുടെ നേരെ നിഷ്പക്ഷതയും അനാസ്ഥയുമാണു് യൂറോപ്പിൽ പ്രത്യക്ഷപ്പെട്ടതു്. എന്നാൽ ഇന്നാകട്ടെ സഭയുടെ നാമശ്രവണമാത്രയിൽ യൂറോപ്പു് കലികൊള്ളുകയും മുഷ്ടിചുരുട്ടുകയും ചെയ്യുന്നു. ഒടുങ്ങാത്ത സഭാവിദ്വേഷവും തിളച്ചുപൊങ്ങുന്ന നിരീശ്വരത്വവുമാണു് ആധുനിക യൂറോപ്പിന്റെ പ്രധാനലക്ഷണം. സഭയോടു നിഷ്പക്ഷതാനയവും അനാസ്ഥയും പ്രദർശിപ്പിക്കുന്ന കേരളീയ കത്തോലിക്കർക്കു് ഇതൊരു ചിന്താവിഷയമായിത്തീരട്ടെ. "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു."

"രണ്ടു പതാകകൾ" (The Two Standards) എന്ന വിഷയത്തെപ്പററിയുള്ള വി. ഇഗ്നേഷ്യസിന്റെ സുപ്രസിദ്ധമായ ധ്യാനചിന്തകൾ നമ്മേയും ഉൽബുദ്ധരാക്കട്ടെ. ഒരുഭാഗത്തു ക്രിസ്തുനാഥന്റെ വിജയപതാക പാറിപ്പറക്കുന്നു; അങ്ങയോടുകൂടിയുള്ള നിരവധി ജനങ്ങൾ ആ കൊടിക്കീഴിൽ അണിനിരന്നു നിൽക്കുന്നു. മറുഭാഗത്താകട്ടെ പിശാചിന്റെ പതാകകാററിൽ പാറിക്കളിക്കുന്നു. അവനോടുകൂടിയുള്ള ജനലക്ഷങ്ങൾ ആ കൊടിക്കീഴിൽ അണിനിരന്നു നിൽക്കുന്നു. ഇങ്ങനെ രണ്ടു പട്ടാളക്യാമ്പുകൾ മാത്രമേയുള്ളു; രണ്ടു പതാകകൾ മാത്രമേയുള്ളു. ക്രിസ്തുവിന്റെ കൊടിക്കീഴിൽ അല്ലാത്തവൻ പിശാചിന്റെ കൊടിക്കീഴിൽ ക്രിസ്തുവിന്റെയും സഭയുടേയും വിരോധിയായി വർത്തിക്കുന്നുണ്ടായിരിക്കും. മൂന്നാമതൊരു പതാകയോ പട്ടാളക്യാമ്പോ ഇല്ല. "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു." ഇക്കാര്യത്തിൽ നാം നല്ലവണ്ണം ആത്മസംശോധനം ചെയ്യേണ്ടിയിരിക്കുന്നു. നാം സഭയോടുകൂടെ—സഭയോടു സഹകരിച്ചും യോജിച്ചും—ആണോ നിൽക്കുന്നതു? രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവുമായ കോളിളക്കങ്ങൾ നമ്മുടെ വിശ്വാസത്തിന്റെ ഉരകല്ലുകളായി ആവിർഭവിക്കുമ്പോൾ നാം സഭയോടുകൂടെ ചേർന്നു നിൽക്കുവാനും ഏതറ്റംവരെയും വലിയ ത്യാഗങ്ങൾ സഹിക്കുവാനും തയ്യാറാകുമോ? സഭയോടുള്ള കൂറു് കാണിക്കേണ്ട അവസരങ്ങളിൽ ഒഴിഞ്ഞുമാറുന്ന മനസ്ഥിതിയും, അനാസ്ഥയും, നിഷ്പക്ഷതയുമാണോ നാം പ്രദർശിപ്പിക്കുന്നതു്? "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാണു്" എന്ന വാക്യം നമ്മുടെ അന്തരംഗത്തിൽ സദാ മുഴങ്ങിക്കൊണ്ടിരിക്കട്ടെ.

(ജെ. ചെമ്മണൂർ)

കൊററമത്തിപള്ളിയിൽ

## നാല്പതുമണി ആരാധന

## ദിവ്യകാരുണ്യമഹായോഗങ്ങൾ

1951 ഫെബ്രുവരി 27, 28, മാർച്ച് 1

(ചൊവ്വ, ബുധൻ, വ്യാഴം)

അവസാനദിവസം മലങ്കരറീത്തിൽ പൊന്തിഫിക്കൽ പാട്ടുകുർബാന (കാലത്തു 6 ന്)

തിരുവല്ലാമെത്രാൻ റൈററ് റവ. മാർ സെവേരിയോസ് തിരുമനസ്സുകൊണ്ട്

ബ. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

കണ്ടീരിക്കൽ തൊമ്മൻ മത്തായി.

# *അമൂല്യനിമിഷങ്ങൾ

## പ്രതിദിനചിന്തകൾ

### ഫെബ്രുവരി 22

പൊടിയും ചാമ്പലും

"ദൈവമായ കർത്താവ് ഭൂമിയിലെ പൂഴിയിൽനിന്നും മനുഷ്യനെ സൃഷ്ടിച്ചു. അവന്റെ മുഖത്തേക്കു് ജീവൻ ഉച്ഛ്വസിച്ചു. അവൻ അപ്പോൾ ആത്മാവോടുകൂടി സജീവനായിത്തീന്നു."

പൊടിയിലും ചാമ്പലിലുംനിന്നു് പണിതെടുത്ത ഈ ശരീരത്തിൽ വസിക്കുന്ന നിത്യമായ ആത്മാവു! മൃഗങ്ങളിൽനിന്നും നമ്മെ ഉയത്തുന്ന ആത്മാവു്. ആ ആത്മാവിനെ നശിപ്പിച്ചുകൊണ്ടു് കേവലം പൊടിയും ചാമ്പലുമായ ശരീരത്തിന്റെ സുഖസന്തോഷങ്ങൾക്കായി ബുദ്ധിമുട്ടുന്നതു് എത്ര മൗഢ്യം. ശരീരത്തിന്റെ ആശാപാശങ്ങളെ നിഗ്രഹിച്ചു് മരണമില്ലാത്ത നമ്മുടെ ആത്മാവിനെ ധന്യമാക്കാൻ നമുക്കു് ശ്രമിക്കാം.

"ദൈവം മനുഷ്യനെ തന്റെ സ്വന്തഛായയിൽ സൃഷ്ടിച്ചു."(സൃഷ്ടി. 1. 27.)

ആത്മാവിന്റെ ആവശ്യങ്ങൾ ശരീരത്തിന്റെ ആവശ്യങ്ങളെക്കാൾ കൂടുതൽ കാൎയ്യമായി കരുതുവാനുള്ള മനസ്സുണ്ടാകുവാൻ പ്രാത്ഥിക്കുക.

### ഫെബ്രുവരി 23

ഒഴിവുകഴിവുകൾ

ഒരു ദുർഗ്ഗുണപരിഹാരപാഠശാലയിലെ കുട്ടികളെക്കൊണ്ടു് ഒരിക്കൽ ഒരു ഉപന്യാസം എഴുതിച്ചു. അവരുടെ മാതാപിതാക്കളിൽനിന്നും അവക്കുണ്ടായ വൈഷമ്യങ്ങളെ വിവരിക്കുകയായിരുന്നു ഉപന്യാസവിഷയം. വെട്ടും തിരുത്തും അക്ഷരപ്പിശകുംനിറഞ്ഞ ആ ഉപന്യാസങ്ങളിൽ എല്ലാം ചില യാഥാത്ഥ്യങ്ങൾ കാണാനുണ്ടായിരുന്നു. അവരുടെ മാതാപിതാക്കൾ അവരെ സ്നേഹിച്ചില്ല; ക്രമത്തിലധികം ശാസിച്ചു; ശിക്ഷിച്ചു; പലപ്പോഴും പല നുണകളും സൂത്രങ്ങളും പറഞ്ഞു് അവരെ കബളിപ്പിച്ചു എന്നെല്ലാം.

എത്ര പരമാത്ഥം! നാം സാധാരണ ദിവസങ്ങളിൽ എന്തെല്ലാം സൂത്രങ്ങളും അർദ്ധസത്യങ്ങളും നമ്മുടെ കുട്ടികളോടു് പറയുന്നുണ്ടു്. പലപ്പോഴും ഉപദ്രവകരമല്ലെന്നു് നാം വിധിക്കുന്ന ചെറിയ കള്ളങ്ങൾപോലും പലരും പറയുന്നില്ലേ?

അതു നമ്മുടെ ജീവിതത്തിലെ വലിയ ഒരു പോരായ്മയായിത്തീരാൻ എളുപ്പമുണ്ടു്. നമ്മുടെ കുട്ടികളും അയൽക്കാരുമായുള്ള നമ്മുടെ ബന്ധത്തെ പലപ്പോഴും അതു് അസുഖകരമാക്കും. സത്യത്തിന്റെ അസന്നിദ്ധമായ വില നമ്മുടെ മനസ്സിൽനിന്നും മാഞ്ഞുപോകും.

"യാതൊരു കാരണവശാലും കള്ളം പറയരുതു്. അറിയാത്ത കാൎയ്യങ്ങളിൽ നിന്റെ വാക്കുകൾ കളവായിരുന്നെങ്കിൽ അതെപ്പററി നീ ലജ്ജിക്കുകയും ചെയ്യുക." (സഭാക്രമം 4. 30)

എന്റെ ദൈവമേ, നിസ്സാരകാൎയ്യങ്ങളിൽപ്പോലും ആരെയും വഞ്ചിക്കാതിരിക്കാൻ തക്ക ആത്മാത്ഥത എനിക്കു് നീ നല്കണമേ.

### ഫെബ്രുവരി 24

വൃഥാ ശ്രമിക്കുന്നു

1787ൽ ബെഞ്ചമിൻ ഫ്രാംക്ലിൻ ഫിലാഡൽഫിയായിൽ നടന്നുകൊണ്ടിരുന്ന ഭരണഘടനാനിമ്മാണശ്രമങ്ങൾക്കിടയിൽ ജോർജ്ജ് വാഷിംഗ്ടണു് അയച്ചു ഒരു കത്തിൽ ഇങ്ങനെ കാണുന്നു.

"ഇതുവരെയും ഞങ്ങൾ അധികം പുരോഗമിച്ചിട്ടില്ല. മനുഷ്യന്റെ ബുദ്ധി എത്ര അപയ്യാപ്തമാണെന്നുള്ളതിന്റെ വ്യസനകരമായ ഒരു തെളിവല്ലേ ഇതു്? ഞാൻ വളരെക്കാലം ജീവിച്ചിട്ടുണ്ടു്. കൂടുതൽ ജീവിക്കുന്തോറും ഒരു കാൎയ്യം കൂടുതൽ എനിക്കു് ബോദ്ധ്യമാകുന്നു. ദൈവമാണു് മനുഷ്യരുടെ കാൎയ്യങ്ങൾ ഭരിക്കുന്നതു്, ഒരു ചെറിയ പക്ഷിക്കു് ദൈവം അറിയാതെ നിലംപതിച്ചുകൂടെങ്കിൽ അദ്ദേഹം അറിയാതെ ഒരു മഹാസാമ്രാജ്യത്തിനു് ഉദിച്ചു് വളരാമെന്നോ? വിശുദ്ധ ഗ്രന്ഥങ്ങളിൽ ദൈവം നമുക്കു് ഉറപ്പുതന്നിരിക്കുന്നു "ദൈവം വീടുപണിയുന്നില്ലെങ്കിൽ, അതു പണിയുന്നവർ വൃഥാ ശ്രമിക്കുന്നു" എന്നു്. ഞാൻ അതു ദൃഢമായി വിശ്വസിക്കുന്നു. ദൈവം നമ്മെ സഹായിക്കാത്തപക്ഷം നമ്മുടെ ഈ രാഷ്ട്രനിമ്മാണശ്രമം ബാബേലിലെ ഗോപുരം പണിയെക്കാൾ വിജയപ്രദമാകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു."

"ദൈവം ആ ഭവനം പണിയുന്നില്ലെങ്കിൽ, അതിനു ശ്രമിക്കുന്നതു വൃഥാവിലാണു്. അതുപോലെ ദൈവം സംരക്ഷിക്കാതിരിക്കുന്ന നഗരവും കാത്തുരക്ഷിക്കാൻ ശ്രമിക്കുന്നതു വൃഥാവിലാണു്." (സങ്കി. 126-1)

ദൈവം നമുക്കു് നല്കിയിരിക്കുന്ന രാഷ്ട്രീയസ്വാതന്ത്ര്യം നിലനില്ക്കുവാനായി നമുക്കു് പ്രാത്ഥിക്കാം.

### ഫെബ്രുവരി 25

ധൃമതലാബോധം

കുലീനയും ഉൽകൃഷ്ടയും ആയി ജനിച്ചു വളൎന്ന ഫേ്ളാറൻസ് നൈററിംഗേയിൽ ആതുരസേവനത്തിനു് ഇറങ്ങിയപ്പോൾ ചെയ്ത സത്യപ്രതിജ്ഞ ഏവക്കും മാർഗ്ഗദർശകമാണു്.

"ഈ സമൂഹത്തിന്റേയും ദൈവത്തിന്റേയും മുമ്പിൽ ഞാൻ സത്യം ചെയ്തു് ഏററു പറയുന്നു:

"എന്റെ ജോലി വിശ്വസ്തതയോടുകൂടി നിവ്വഹിച്ചുകൊണ്ടു് ഞാൻ പരിശുദ്ധയായി ജീവിച്ചുകൊള്ളാം.

"ഉപദ്രവകരവും അനാവശ്യവുമായ വ്യാപാരങ്ങളെ ഞാൻ വർജ്ജിച്ചുകൊള്ളാം. ഉപദ്രവം ചെയ്യുന്ന മരുന്നുകളൊന്നും ആക്കും മനഃപൂവ്വമായി ഞാൻ കൊടുക്കുകയില്ല.

"എന്റെ തൊഴിലിന്റെ നില അഭിവൃദ്ധിപ്പെടുത്തുവാൻ ഞാൻ കഴിവതു് ശ്രമിക്കാം. എന്റെ ഔദ്യോഗികജീവിതത്തിൽ അറിയാനിടയാകുന്ന കുടുംബവിവരങ്ങളും മററു രഹസ്യങ്ങളും ഞാൻ ഒരിക്കലും വെളിപ്പെടുത്തുകയില്ല.

"വിശ്വസ്തതയോടുകൂടി ഞാൻ എന്റെ ഡോക്ടറെ സഹായിക്കും. എന്റെ സൂക്ഷത്തിനു് ഏല്പിക്കപ്പെടുന്ന രോഗികളെ പരിചരിക്കുകയും ചെയ്യും."

"എന്തുകൊണ്ടെന്നാൽ ഞാൻ രോഗിയായിരുന്നു........നിങ്ങൾ എന്നെ സന്ദശിച്ചു." (വി. മത്തായി 25-36.)

ദൈവമേ, ദീനശുശ്രൂഷയിലേപ്പെട്ടിരിക്കുന്നവരെ അവരുടെ തൊഴിലിന്റെ ഗൗരവവും മഹത്വവും എപ്പോഴും അനുസ്മരിപ്പിക്കുകയും അവക്കുവേണ്ട ആശ്വാസം നൽകയും ചെയ്യേണമേ.

### ഫെബ്രുവരി 26

അസാദ്ധ്യമായി ഒന്നും ദൈവത്തിനില്ല.

ദൈവാനുഗ്രഹത്താൽ അമേരിക്ക കണ്ടുപിടിക്കാൻ കഴിഞ്ഞു എന്നു കാണിച്ചു് ക്രിസ്റ്റോഫർ കൊളംബസ്സ് സ്പെയിനിലെ രാജാവിനും രാജ്ഞിക്കുംകൂടി ഒരു എഴുത്തു് അയച്ചു.

"അത്ഭുതകരമായ ഈ മഹാവിജയം എന്റെ സാമർത്ഥ്യംകൊണ്ടു് കിട്ടിയതല്ല, പിന്നെയോ അതു നമ്മുടെ പരിശുദ്ധമായ ക്രിസ്തീയ വിശ്വാസത്തിൽനിന്നും നമ്മുടെ തിരുമേനിമാരുടെ ഭക്തിയിലും ദൈവബോധത്തിലും നിന്നും ജനിച്ചതാണു്. മനുഷ്യന്റെ ബുദ്ധിക്കു് തനിയെ കാണാൻ കഴിയാത്തതു്, ദൈവം മനുഷ്യന്റെ പ്രയത്നഫലമായി അവനു നല്കി. എന്തുകൊണ്ടെന്നാൽ, അസാദ്ധ്യകാര്യങ്ങൾ, സാധിച്ചുപോലും ദൈവം തന്നെ അനുസരിക്കുന്നവരുടെ പ്രാർത്ഥനകൾ കൈക്കൊള്ളുന്നു.

അതുകൊണ്ടു് രാജാവും രാജ്ഞിയും, നമ്മുടെ മററു യുവരാജാക്കന്മാരും പ്രഭുക്കളും ക്രിസ്തീയലോകം ഒന്നാകെയും, നമ്മുടെ ഈ മഹാവിജയത്തിനുവേണ്ടി, നമ്മുടെ കത്താവും രക്ഷകനുമായ ഈശോമിശിഹായെ സ്തുതിക്കട്ടെ."

"അവണ്ണ്യമായ അവിടുത്തെ ദാനത്തിനായി നമുക്കു് ദൈവത്തെ സ്തുതിക്കാം." (കൊറിന്ത്യാ. 9-15)

ദൈവം നിങ്ങൾക്കു് ഇതുവരെ നല്കിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കുമായി അങ്ങയോടു് നന്ദിപറയുക.

### ഫെബ്രുവരി 27

ഉദ്ദേശശുദ്ധി

ഒരിക്കൽ ഒരു കപ്പൽ ജോലിക്കാരൻ ഡ്യൂട്ടിയിൽ ആയിരിക്കുമ്പോൾ അയാളുടെ കൂട്ടുകാരൻ കുടിച്ചു മത്തനായി നടന്ന വിവരം കുറിച്ചുവച്ചു. "മി. ജോൺസൺ ഇന്നു രാത്രി കുടിച്ചു മത്തുപിടിച്ചു." ആ കൂട്ടുകാരൻ പരിഭവിച്ചു് പകരംവീട്ടുക്കു് അവസരം കാത്തിരുന്നു. അവന്റെ ഡ്യൂട്ടിവന്നപ്പോൾ സ്നേഹിതൻ കുടിക്കുമെന്നു് അയാൾ കരുതി. പക്ഷേ സ്നേഹിതൻ അതിനു് ആലോചിച്ചുപോലുമില്ല. മററു പലരുടേയും കുററം എഴുതുവാൻ ജോൺസണു് കഴിഞ്ഞു.

അതിനിടയിൽ അയാൾ തന്റെ സ്നേഹിതൻ 'ഇന്നു രാത്രി കുടിച്ചു മത്തനായിട്ടില്ല" എന്നു എഴുതിച്ചേത്തു. അയാൾ എഴുതിയതു് സത്യമായിരുന്നു. പക്ഷേ ആ പുസ്തകത്തിൽ മററുള്ളവരെല്ലാം കുടിച്ചു മത്തരായി എന്നു് എഴുതിയിരിക്കുന്നതിനിടയിൽ ഈ "ഇല്ല" എന്നു് എഴുതിയതു് മനഃപൂവ്വം തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണു്.

ജോൺസൺ സത്യസന്ധനായിരിക്കാം. പക്ഷെ അയാളുടെ ഉദ്ദേശം ആ സത്യസന്ധതക്കു് ചേൎന്നതായിരുന്നില്ല.

ഉദ്ദേശം ചീത്ത ആയിരിക്കുമ്പോൾ നമ്മുടെ നന്മപ്രവൃത്തികൾപോലും ഫലപ്രദങ്ങളായിരിക്കയില്ല.

എന്റെ ദൈവമേ, സത്യത്തെ പരാജയപ്പെടുത്താനായി അർദ്ധസത്യങ്ങളും സൂത്രവും സത്യത്തിന്റെ വേഷത്തിൽ ഉപയോഗിക്കുവാൻ എനിക്കിടവരുത്തരുതേ.

### ഫെബ്രുവരി 28

മനുഷ്യന്റെ തെററു് ദൈവം തിരുത്തും!

യുണൈററഡ് നേഷൻസിന്റെ പൊതുസമ്മേളനം ആദ്യമായി കൂടിയപ്പോൾ ലൈബീറിയൻ പ്രതിനിധിയായ അബയോമി കാസ്സൽ ഒരു പ്രസംഗം പറഞ്ഞു.

"എല്ലാ മനുഷ്യരും ദൈവത്തിന്റെ വ്യക്തിപരമായ സംരക്ഷണയും സ്നേഹവും അർഹിക്കുന്നു. ലോകത്തിൽ അനീതിയുടെ ഒരു ന്യൂലെങ്കിലും നിലനില്ക്കുവോളം ശാശ്വതസമാധാനം ഉണ്ടാവുകയില്ല. ഏതെങ്കിലും ഒരു ജനപദം മറെറാന്നിന്റെ അവകാശങ്ങളെ ലംഘിച്ചാൽ ദൈവനീതിക്കും, ദൈവബോധത്തിനടുത്ത മനുഷ്യനീതിക്കും എതിരായ ആ പ്രവൃത്തിയുടെ പ്രത്യാഘാതങ്ങൾ ഉള്ളിൽനിന്നോ പുറത്തുനിന്നോ ഉണ്ടാവുകയും ആ അനീതി പരിഹരിക്കപ്പെടുകയും ചെയ്യാതെ വരികയില്ല."

നന്മയായാലും തിന്മയായാലും നമ്മുടെ സകല പ്രവൃത്തികളും ദൈവത്തിന്റെ ന്യായാസനത്തുങ്കൽ പരിശോധിച്ചു് വിധിക്കപ്പെടുന്നു.

അനീതി സ്വയം പരിഹരിക്കുവാനുതകുന്ന വിധം ക്രമപ്പെടുത്തിയിരിക്കുന്ന ദൈവപരിപാലനയിൽ പരസ്പരം സ്നേഹിക്കാനുള്ള നിദ്ദേശം ശരിയായി മനസ്സിലാക്കി അതനുസരിച്ചു് ജീവിക്കുവാൻ ഇടവരണേ എന്നു പ്രാത്ഥിക്കുക.

* ഫാദർ ജയിംസ് കെല്ലർ രചിച്ചതും ശ്രീ കെ. സി. ചാക്കോ എം. എ. ബി. ഇ. വിവത്തനം ചെയ്തതുമായ ഈ കൃതി എൽത്തുരുത്തു് സെന്റ് ജോസഫ്സ് പ്രസ്സിൽനിന്നും പുസ്തകരൂപത്തിൽ ലഭിക്കുന്നതാണു്. ഒരു മാസത്തേക്കുള്ളതിനു് 3 ണ. വില.

# ദൈവസേവനമാണ് സാക്ഷാൽസ്വാതന്ത്ര്യം

## പ്രസിഡണ്ടു ട്രൂമന്റെ ഉദ്ബോധനം

ദ്വിതീയലോകമഹായുദ്ധത്തിനിടയിൽ ആഴിയിൽ താഴാനിടയായ ഒരു കപ്പലിലെ പട്ടാളക്കാരെ സ്വജീവൻ ബലിയപ്പിച്ചുകൊണ്ടു രക്ഷിച്ച നാലുമിലിട്ടറി ചാപ്ലെയിൻമാരുടെ സ്മരണയ്ക്കായി ഒരു ചാപ്പൽ ഫിലാഡൽഫിയായിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഫെബ്രുവരി 3-ാംതിയതിയായിരുന്നു അതിന്റെ പ്രതിഷ്ഠ. അന്നു പ്രസിഡണ്ടു ട്രൂമൻ ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചു:-

ആരും ആവശ്യപ്പെട്ടതനുസരിച്ചല്ല ഈ നാലുപേർ സ്വയം ബലി അപ്പിച്ചതു്. കപ്പൽ മുങ്ങിയപ്പോൾ ലൈഫ് ബോയികൾ ഉണ്ടായിരുന്നതു എല്ലാവക്കും നല്കി. അവരും ഓരോന്നെടുത്തു. ലൈഫ്ബോയികളുടെ അഭാവത്തിൽ വേറെ നാലുപേർ മരണവക്ത്രത്തിൽ പെടാൻ പോകുന്നതു കണ്ട മാത്രയിൽ അവരുടേതു വിട്ടുകൊടുത്തുകൊണ്ടു ചാപ്ലെയിൻമാർ നാലുപേരും സ്വയം ബലിയപ്പിച്ചു.

പരസ്പരം സ്നേഹിക്കുക എന്ന ദൈവികപ്രമാണത്തിന്റെ അനുഷ്ഠാനമാണു് ഇവിടെ നാം ദശിക്കുന്നതു്. "മിത്രങ്ങൾക്കായി സ്വന്തജീവൻ ഉപേക്ഷിക്കുന്നതിൽ വലിയസ്നേഹം മറെറന്തുണ്ടു്." ക്രിസ്തുവിന്റെ ഈ പ്രമാണം അവർ അക്ഷരാത്ഥം പാലിച്ചു. പ്രോട്ടസ്റ്റൻറുകാരും കത്തോലിക്കരും യഹൂദരും പെട്ടിരുന്നു ഈ നാലുപേരിൽ. സഹോദരസ്നേഹമാണു് ലോകത്തിൽ വലുതെന്നു ക്രിസ്തു പഠിപ്പിച്ചു. ഇവർ അതു വിശ്വസിച്ചു

നമ്മുടെ രാജ്യത്തിന്റെ ഐക്യം ഇതിൽനിന്നാണുത്ഭവിക്കുന്നതു്. നമ്മുടെ ഐക്യം ദൈവത്തിന്റെ കീഴിലുള്ള ഐക്യമാണു്. സ്വാതന്ത്ര്യത്തിലുള്ള ഐക്യമാണു നമ്മുടേതു്. ദൈവസേവനമാണു് സാക്ഷാത്തായ സ്വാതന്ത്ര്യം.

ഈശ്വരനിലുള്ള വിശ്വാസം അചഞ്ചലമായിരുന്നാൽ, അതനുസരിച്ചു ജീവിച്ചാൽ ഭീതിക്കവകാശമില്ല. ഭാവിയെപ്പററി എല്ലാം ഭാവിയിൽ അപ്പിച്ചുകൊണ്ടിരിക്കണമെന്നു ഇതിൽനിന്നു അത്ഥമാകുന്നില്ല. ദൈവത്തിന്റെ ലക്ഷ്യങ്ങൾ ഒന്നു വേറെയാണു് എന്നു പ്രസിഡണ്ടു ലിങ്കൺ ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ടു്.

ഇന്നു നാം ചെയ്യാൻ ശ്രമിക്കുന്നതും അതാണു്. സ്വാതന്ത്ര്യത്തിലും സാഹോദയ്യത്തിലും മനുഷ്യക്കെല്ലാം ജീവിക്കാനിടയാകണം. അതിലേക്കു സമാധാനസ്ഥാപനത്തിനാണു നമ്മുടെ ലക്ഷ്യം. ഭൂമുഖത്തു നിയമത്തിന്റെ വാഴ്ച ഉറപ്പിക്കുവാനായി ഇതരജനതകളുമൊത്തു നാം പരിശ്രമിക്കുന്നു. നിയമത്തിന്റെ വാഴ്ചയെന്നു പറഞ്ഞാൽ എന്താണു്? ഒരുദാഹരണംകൊണ്ടു ഇതിനെ വിശദീകരിക്കാം. ആദ്യഘട്ടത്തിൽ നമ്മുടെ പശ്ചിമാതിത്തിയിൽ നിയമസമാധാനങ്ങൾ സുസ്ഥാപിതമായിരുന്നില്ല. കയ്യൂക്കുള്ളവർ കാൎയ്യക്കാർ. അവർ ജനങ്ങളെ ഭീഷണിപ്പെടുത്താൻ തുടങ്ങി.

നിയമസമാധാനങ്ങളിൽ വിശ്വസിച്ചിരുന്നവർ സംഘടിക്കാൻ നിർബദ്ധരായി. അവർ ആയുധം ഏന്തി. ചിലപ്പോൾ സമരംതന്നെയും നടത്തേണ്ടിവന്നു. അരാജകത്വത്തിനു അവർ അന്തം വരുത്തി, കോടതികൾ സംസ്ഥാപിതമായി, അവർ നീതി നടത്തി. എല്ലാം സ്വച്ഛമായി, എല്ലാവക്കും സ്വൈരമായി ജീവിക്കാമെന്നു വന്നു. ഓരോരുത്തരും രാഷ്ട്രോദ്ധാരണത്തിലും സമുദായോദ്ധാരണത്തിലും ഏപ്പെട്ടു. ക്ഷേമൈശ്വൎയ്യങ്ങൾ എല്ലാവരേയും ആശ്ലേഷിച്ചു.

അന്തർദേശീയരംഗത്തു നാം ചെയ്യുവാൻ ശ്രമിക്കുന്നതു ഇതുതന്നെയാണു്. അന്തർദേശീയാക്രമണത്തെ അമത്തി ക്രമസമാധാനം സ്ഥാപിച്ചാൽ ലോകജനതക്കു സമാധാനത്തിനുവേണ്ടിയുള്ള സൃഷ്ടിപരപരിപാടികളിൽ നിർബാധം നിർവിശങ്കം ഏപ്പെടാം.

—

വൈദികനെ ഉപദ്രവിച്ചതിനു

## ശിക്ഷ

ശവസംസ്കാരകമ്മങ്ങളിൽ സംബന്ധിച്ചിരുന്ന ഒരു വൈദികനെ പ്രഹരിച്ചുവെന്ന കാരണത്താൽ ഒരു കമ്മ്യൂണിസ്റ്റ് തൊഴിലാളിക്കു കീഴ്ക്കോടതി നല്കിയ ആറുമാസത്തെ തടവുശിക്ഷ മിലാനിലെ അപ്പീൽക്കോടതി ശരിവച്ചിരിക്കുന്നു. ശവസംസ്കാരയാത്രയിൽ പങ്കെടുത്തിരുന്ന ചിലർ കമ്മ്യൂണിസ്റ്റ് പതാക വഹിച്ചിരുന്നതിനാൽ കമ്മങ്ങൾ തുടരുവാൻ വൈദികൻ വിസമ്മതിക്കുകയും അതേത്തുടൎന്നു സംഘട്ടനമുണ്ടാകുകയുമാണു ചെയ്തതു്.

## 10 ലക്ഷംപേർ

1950-ൽ ലൂർദ്ദ സന്ദശിച്ചവരുടെ സംഖ്യ 10 ലക്ഷമാണത്രെ.

Sathya Deepam

Vol. 24 Ernakulam February 21, 1951 No. 26

## ഗാഗുൽത്താ

(1-ാം പേജ് തുടർച്ച)

മാറിപ്പോയിട്ടുണ്ടെന്നു മുൻലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ക്രിസ്തുവിന്റെ കാലത്തു ഗാഗുൽത്താ ഒരു വലിയ കേററമായിരുന്നുവത്രേ. എന്നാൽ ഇന്നു ഭൂമി വളരെയധികം നികന്നുപോയിട്ടുണ്ട്. അതുപോലെതന്നെ പട്ടണവികസനത്തോടുകൂടി നഗരമതിലുകളും മലമുകളും തമ്മിൽ മുൻപുണ്ടായിരുന്ന അകലം ഇന്നുണ്ടായിരിക്കുന്നില്ലാ. ചുരുക്കത്തിൽ ഗാഗുൽത്താമലയ്ക്കു അന്നുണ്ടായിരുന്ന ഉയർച്ചയാകട്ടെ അകലമാകട്ടെ ഇന്നുണ്ടായിരിക്കുന്നില്ലാ.

അപ്പസ്തോലികകാലത്തിനുശേഷം വളരെക്കാലത്തേക്കു ഈ സ്ഥലം അക്രൈസ്തവഭരണാധികാരികളുടെ കൈവശമായിരുന്നു. കോൺസ്റ്റൻറയിൽ ചക്രവർത്തിയുടെ കാലത്തു് അവിടെ ചില നവീകരണവേലകളൊക്കെ ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കുരിശുനാട്ടിയിരുന്ന യഥാർത്ഥസ്ഥാനത്തു് ഒരു കപ്പേള ആദ്യമായി സ്ഥാപിച്ചതു് 436 ൽ വിശുദ്ധ മെലാനിയാ ആണ്. 614 ൽ ഈ കപ്പേള നശിപ്പിക്കപ്പെട്ടപ്പോൾ തൽസ്ഥാനത്തു് ഒരു വലിയ ദേവാലയംതന്നെ പണികഴിപ്പിക്കപ്പെടുകയുണ്ടായി. കുരിശു നാട്ടപ്പെട്ട സ്ഥാനത്തു വെള്ളികൊണ്ടുള്ള ഒരു കുരിശു സ്ഥാപിക്കുകയും, അതിനു മുകളിൽ അനേകം തൂക്കുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു.

1010 ൽ ഈ ദേവാലയം നശിപ്പിക്കപ്പെട്ടുവെങ്കിലും 1048 ൽ പുനസ്ഥാപിതമായി. ഒരു നൂറുകൊല്ലത്തിനുശേഷം കുരിശുയോദ്ധാക്കൾ, ഈ കപ്പേളയും സമീപെയുണ്ടായിരുന്ന മററു പ്രാർത്ഥനാലയങ്ങളും ഉള്ളടക്കി ബ്രഹ്മാണ്ഡമായ ഒരു ബസ്ലിക്കാ പണികഴിപ്പിക്കുകയുണ്ടായി. ക്രിസ്തുവിന്റെ കുരിശു നാട്ടപ്പെട്ടിരുന്നതു് ഒരു പാറയിലാണെന്നാണു പറയപ്പെടുന്നതു്. ആ പാറയിൽ ഒരു ഭാഗം കോൺസ്റ്റാൻറിനോപ്പിളിലേക്കു കൊണ്ടുപോകുന്നതിനുള്ള സംരംഭത്തിൽ, സിറിയാതീരത്തുവെച്ചു ഒരു കപ്പലപകടമുണ്ടായി കടലിൽ താണുപോയി. മറെറാരുഭാഗം ബസ്ലിക്കായിലെ ലോങ്കിനൂസിന്റെ കപ്പേളയിൽ സൂക്ഷിക്കപ്പെട്ടുവരുന്നുണ്ട്.

വിചിത്രവും അസാധാരണവുമായ ഒരു മന്ദിരമാണ് ഈ ബസ്ലിക്കാ. അതിന്റെ അന്തർഭാഗം, യാതൊരു ക്രമീകരണവുമില്ലാതെ പല കപ്പേളകളായി ഭാഗിച്ചിരിക്കുന്നു. നടവാതിലിനു് അഭിമുഖമായുള്ള ഒരു കറുത്തഭിത്തി ബസ്ലിക്കായുടെ പ്രധാനഭാഗത്തേക്കുള്ള പ്രവേശനത്തിനു ഒരു തടസ്സമെന്നപോലെ നിലകൊള്ളുന്നു. അതിന്റെ വലത്തുഭാഗത്തു് ഏതാണ്ടു കുത്തനെയുള്ള ഒരു ചവിട്ടുപടിയുണ്ട്. കാൽവരിക്കപ്പേളയിലേക്കുള്ള പ്രവേശനമാർഗ്ഗമാണിതു്. കുരിശുമരണം നടന്ന കുന്നിന്റെ ഈ ഉപരിതലം ആദ്യകാലങ്ങളിൽ തുറസ്സായിട്ടാണു കിടന്നിരുന്നതു്. ബസ്ലിക്കായുടെ തറ നിരപ്പിൽനിന്നു് 14 അടി ഉയന്നാണു് ഇതു നില്ക്കുന്നതെങ്കിലും ഇതുകൂടി ഉൾപ്പെടുത്തിയാണു കുരിശുയോദ്ധാക്കൾ ബസ്ലിക്കാ നിർമ്മിച്ചതു്.

ഈ കാൽവരിക്കപ്പേള ഭീമാകാരങ്ങളായ, ഒരു വരിയിലുള്ള, സ്തംഭങ്ങളാൽ രണ്ടു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ വലത്തു (തെക്കു) ഭാഗത്തേതു ലത്തീൻ റീത്തുകാരുടെയും ഇടത്തു (വടക്കു) ഭാഗത്തേതു ഗ്രീക്കു ശീസ്മക്കാരുടേയും കൈവശത്തിലാണ്. കുരിശുമരണം നടന്ന യഥാർത്ഥസ്ഥലത്തിനു മുകളിലുള്ളതു ഗ്രീക്കുകാരുടെ വക അൾത്താരയാണ്. ഈ അൾത്താരക്കടിയിൽ, അന്നു കുരിശു് നാട്ടപ്പെട്ട ദ്വാരം ഇന്നും ദൃശ്യമാകുന്നു. അൾത്താരയുടെ ഇരുവശങ്ങളിലും ഓരോ കറുത്ത മാർബിൾ ഫലകങ്ങൾ സ്ഥാപിച്ചിരിക്കുന്നതു് രണ്ടു കള്ളന്മാരുടെയും കുരിശുകൾ നാട്ടപ്പെട്ടിരുന്ന സ്ഥലങ്ങളാണ്. ഇതിന്റെ വലത്തുഭാഗത്തു് മാററപ്പെടാവുന്ന ഒരു ബോർഡിനടിയിൽ, പിളന്ന ഒരു പാറ കാണാം. ക്രിസ്തുവിന്റെ മരണസമയത്തു പിളർക്കപ്പെട്ട പാറകളിൽ ഒന്നാണിതെന്നാണ് ഐതിഹ്യം.

കിഴക്കേ അറെറത്തു് അനേകനിര കെടാവിളക്കുകളുണ്ട്. അതിനപ്പുറത്തു മൂന്നു് അൾത്താരകൾ കാണാം. കുരിശിന്റെ വഴിയിലെ 11-ം 12-ം 13-ം സ്ഥലങ്ങളാണവ. 12-ാം സ്ഥലമായ കുരിശുമരണം നടന്ന യഥാർത്ഥസ്ഥലം ഗ്രീക്കുകാരുടെ കൈവശത്തിലാണെന്നു പറഞ്ഞുവല്ലോ. ഇതിന്റെ പിന്നിൽ കുരിശിതനായ ക്രിസ്തുവിന്റെ ഒരു വലിയ ഛായ സ്ഥാപിച്ചിരിക്കുന്നു. ഈ ഗ്രീക്കു് അൾത്താരയ്ക്കു തൊട്ടടുത്തു് ക്രിസ്തുവിനെ കുരിശോടുചേർത്തു് ആണി തറച്ച സ്ഥലത്തും, ക്രിസ്തുവിന്റെ മൃതശരീരം കുരിശിൽ നിന്നിറക്കിക്കിടത്തിയ സ്ഥലത്തും ഓരോ അൾത്താരയുള്ളതു ലത്തീൻകാരുടെ കൈവശത്തിലാണ്. ഇവയിൽ ആദ്യത്തേതു് 1558 ൽ ടസ്കനിയിലെ പ്രഭു പണികഴിപ്പിച്ചിട്ടുള്ളതാണ്. പ്രാചീനമായ രണ്ടാമത്തേതു് വ്യാകുലമാതാവിനു പ്രതിഷ്ഠിച്ചിട്ടുള്ളതാകുന്നു.

ഈ കപ്പേളകളിൽ വിവിധറീത്തുകാരുടെ വക അനേകനിരദീപങ്ങൾ അനുസ്യൂതം കത്തിക്കൊണ്ടിരിക്കുന്നു. ഭിത്തികൾ മനോഹരമായ സൂക്ഷ്മണശിലകൾ കൊണ്ടു പൊതിഞ്ഞിട്ടുള്ളവയാകുന്നു. ഇതിന്റെ തറ മുൻപറഞ്ഞ പാറയ്ക്കു് സമം നിരപ്പാക്കിയിട്ടുള്ളതും മനോഹരമായ മെസായിക്കുവേലകൾ ചെയ്തിട്ടുള്ളതുമാകുന്നു. മുകൾത്തട്ടിലും മെസായിക്കുവേലകൾ ചെയ്തിട്ടുണ്ട്. ഇതിലെ ചിത്രങ്ങൾ അമൂല്യങ്ങളായ അനേകം രത്നങ്ങളാൽ അലംകൃതങ്ങളായിരിക്കുന്നു. ഈ കപ്പേളയിലേക്കുള്ള പ്രവേശനം ഇടുങ്ങിയതും കുത്തനേയുള്ളതും 18 ചവിട്ടുപടികൾ വീതമുള്ളതുമായ മാർബിൾ സോപാനങ്ങൾ മുഖേനയാകുന്നു. ദീർഘകാലത്തെ ഉപയോഗത്താൽ പടികൾക്കു തേയ്മാനം സംഭവിച്ചിട്ടുണ്ട്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അസംഖ്യം തീർത്ഥകർ നിരന്തരം ഈ കപ്പേള സന്ദർശിച്ചുകൊണ്ടിരിക്കുന്നു.

ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിംഗ് സ്ഥാപനം

**ഓറിയൻറ് സെൻട്രൽ ബാങ്ക് ക്ലിപ്തം**

**ഹെഡാഫീസ് — കോട്ടയം**

പുരോഗമനവിവരണം

| ആണ്ട് | നിക്ഷിപ്ത മൂലധനവും കരുതൽ മൂലധനവും | നിക്ഷേപങ്ങൾ | ആകെ പ്രവർത്തക മൂലധനം | ഷെയറിനു കൊടുത്ത ആദായവീതം |
|---|---|---|---|---|
| 1945 ഡിസമ്പർ | 136410 | 1007884 | 1155996 | $2\frac{1}{2}$ ശതമാനം |
| 1946 " | 170190 | 1908826 | 2219103 | 4 " |
| 1947 " | 244900 | 2463443 | 2923000 | 4 " |
| 1948 " | 271800 | 2779917 | 3393468 | 4 " |
| 1949 " | 304000 | 3641486 | 4143000 | 4 " |
| 1950 ജൂൺ | 313470 | 5425000 | 5910800 | — |

**കോമൺവെൽത്ത് ബാങ്ക് (ക്ലിപ്തം)**

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്

കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.

**FIXED DEPOSITS**

2 years $4\frac{1}{2}$%
1 — 4 %
6 months 3 %

**The Bank of Cochin Ltd.**
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND

### "മാതാവിന്റെ അന്തിമസന്ദേശം"

"മാതാവിന്റെ അന്തിമസന്ദേശം" (The Last Message of Our Lady) എന്നപേരിൽ ഒരു ലേഖനം Scapular തുടങ്ങിയ ചില അമേരിക്കൻ മാസികകളിലും ഇൻഡ്യയിലെ ചില ഇംഗ്ലീഷ് പത്രങ്ങളിലും പ്രസിദ്ധീകരിക്കയുണ്ടായല്ലോ. പ. കന്യകാമറിയം റോമിലെ "ഒരു ഭക്തസ്ത്രീക്കു്" വെളിപ്പെടുത്തിയതായി പറയപ്പെടുന്ന കാര്യങ്ങളായിരുന്നു ലേഖനത്തിന്റെ ഉള്ളടക്കം. അതുപോലെയുള്ള ചില ലഘുലേഖകളും റോമിലും മററും പ്രചരിക്കയുണ്ടായി. എന്നാൽ ആ "വെളിപാടുകൾ" പ്രചരിപ്പിക്കുന്നതിനെ വത്തിക്കാൻ നിരോധിച്ചിരിക്കുന്നതായി "ഒസ്സർവത്തോരെ റൊമാനൊ" എന്ന വത്തിക്കാൻപത്രം പ്രസ്താവിച്ചിരിക്കുന്നു. വെളിപാടുകൾ ലഭിച്ചതായി പറയപ്പെടുന്ന "ഭക്തസ്ത്രീ"യുടെ പേർതന്നെ അജ്ഞാതമാണത്രെ.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

